## അദ്ധ്യായം 5

# കർത്താവിന്റെ നാളും പ്രബോധനങ്ങളും

### ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ കാലത്തെ കുറിച്ചുള്ള ഉപദേശം (5:1-11)

**1സഹോദരന്മാരേ, കാലങ്ങളെയും സമയങ്ങളെയും കുറിച്ച് ന**
**ിങ്ങളെ എഴുതിയറിയിപ്പാൻ ആവശ്യമില്ല. 2കള്ളൻ രാത്രിയിൽ വരുംപേ**
**ാലെ കർത്താവിന്റെ നാൾ വരുന്നു എന്ന് നിങ്ങൾ തന്നെ നന്നായി**
**അറിയുന്നുവല്ലോ. 3അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ**
**ഗർഭിണിക്ക് പ്രസവവേദന വരും പോലെ അവർക്ക് പെട്ടെന്ന് നാശം വന്നു**
**ഭവിക്കും. അവർക്ക് തെറ്റിയൊഴിയാവതുമല്ല. 4എന്നാൽ സഹോദരന്മാരേ, ആ**
**നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല;**
**5നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും**
**ആകുന്നു. നാം രാത്രിക്കും ഇരുട്ടിനും ഉള്ളവരല്ല. 6ആകയാൽ നാം ശേ**
**ഷമുള്ളവരെ പോലെ ഉറങ്ങാതെ ഉണർന്നും സുബോധവുമായിരിക്ക.**
**7ഉറങ്ങുന്നവർ രാത്രിയിൽ ഉറങ്ങുന്നു; മദ്യപിക്കുന്നവർ രാത്രിയിൽ മദ്യപ**
**ിക്കുന്നു. 8നാമോ പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും**
**എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ട്**
**സുബോധമായിരിക്ക. 9ദൈവം നമ്മെ കോപത്തിനല്ല, നാം ഉണർന്നിരുന്നാലും**
**ഉറങ്ങിയാലും, തന്നോടുകൂടെ ജീവിക്കേണ്ടതിന്ന് 10നമുക്ക് വേണ്ടി മരിച്ച**
**നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രെ ന**
**ിയമിച്ചിരിക്കുന്നത്. 11ആകയാൽ നിങ്ങൾ ചെയ്തുവരുന്നതുപോലെ അന്യേ**
**ാന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മികവർദ്ധന വരുത്തിയും പോരുവിൻ.**

**വാക്യം 1.** മരിച്ചുപോയ തങ്ങളുടെ പ്രിയപ്പെട്ടവരെ ഓർത്ത് ദുഃഖിക്കുന്ന തെസ്സലൊനിക്യരെ കുറിച്ച് പൗലൊസ് വിചാരപ്പെട്ടിരുന്നു, കൂടാതെ ക്രിസ്തുവിന്റെ മടങ്ങി വരവിനെ കുറിച്ചുള്ള അവരുടെ തെറ്റിദ്ധാരണയെ ഓർത്തും അവൻ കൂടുതൽ വിചാരപ്പെട്ടിരുന്നു. തൽഫലമായി, അവന്റെ മടങ്ങി വരവ് "എപ്പോൾ" എന്നതിനെ കുറിച്ച് ഒരി പ്രബോധവും തയ്യാറാക്കി അവതരിപ്പിച്ചു. **കാലങ്ങളെയും സമയങ്ങളെയും കുറിച്ച്** എഴുതി അറിയേക്കേണ്ട ആവശ്യമില്ല എന്ന് അവൻ പറഞ്ഞു (4:9 ലെ അതേ ഭാഷ നോക്കുക), കൃത്യമായി പറഞ്ഞാൽ ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള സമയം ദൈവത്തിൽ മാത്രം നിക്ഷിപ്തമാണ്.

"കാലങ്ങൾ" എന്ന വാക്ക് ലഭിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് χρόνος (*ക്രോണോസ്*), അതിൽ നിന്നാണ് നമുക്ക് ലഭിക്കുന്ന ഇംഗ്ലീഷ് വാക്ക് "ക്രോണോലൊജിക്കൽ" ലഭിക്കുന്നത്, അർത്ഥം "കാലക്രമം." *ക്രോണോസ്* നമ്മുടെ "കാലങ്ങൾ" എന്ന വാക്കുമായി അടുത്ത് നിൽക്കുന്നതും എളുപ്പത്തിൽ

തർജിമ ചെയ്യാവുന്നതുമാണ്. "എപോക്സ്" തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് καιρός (*കായിറോസ്*) തർജിമ ചെയ്യുവാൻ പ്രയാസമുള്ളതാണ്. അത് സൂചിപ്പിക്കുന്നത് "ഒരു തീർച്ചയും പ്രത്യേകതയും ഉള്ള കാലയളവിനെയാണ്." അത് കാലദൈർഘ്യത്തെയല്ല, മറിച്ച് "കാലഗുണത്തെ" ആണ് പ്രകടമാക്കുന്നത്. അതുകൊണ്ട്, ആ വാക്ക് "അവസരം"[1] എന്ന വാക്കിനോട് സാമ്യപ്പെടുത്താവുന്നതാണ്. ഇതേ ഗ്രീക്ക് വാക്ക് തന്നെയാണ് പ്രവൃത്തികൾ 1:7 ൽ ഉപയോഗിച്ചിരിക്കുന്നത്.

**വാക്യം 2**. പൗലൊസ് അവിടെ വ്യക്തിപരമായി ചെന്നപ്പോൾ ഈ വിഷയത്തെ കുറിച്ച് അവൻ അവരെ പഠിപ്പിച്ചിരുന്നതിനാൽ, ആ സംഭവത്തെ കുറിച്ച് അവർക്ക് ചില കാര്യങ്ങളിൽ **നല്ല അറിവുണ്ടായിരുന്നു**. അവർ ആ സംഭവത്തെ കുറിച്ച് നന്നായി അറിഞ്ഞിരുന്നു എങ്കിലും, "കാലങ്ങളും എപോക്സും" അവർ അറിഞ്ഞിരുന്നില്ല എന്നാണ് ഏ.ടി. റോബർട്സൺ പറഞ്ഞത് (വാ. 1). സമയത്തെ കുറിച്ച് ദൈവത്തിന് മാത്രം അറിയാവുന്നതും അവർ അറിയേണ്ടതില്ല എന്ന് അവൻ അവരെ പഠിപ്പിച്ചതുമാണ്.[2] ഈ വ്യാഖ്യാനം ലിയോൺ മോറിസിന്റേതിനോട് തുല്യമാണ്.[3]

"നല്ല അറിവ്" (ἀκριβῶς, *അക്റിബോസ്*), എന്ന വാക്കിന് "കൂടുതൽ കൃത്യമായി" എന്നും അർത്ഥമുണ്ട്. റോബർട്ട് ജെവെറ്റ് പറഞ്ഞു,

> "പരൗസിയ സംഭവിക്കുന്നത് എപ്പോഴാണ്" എന്ന് *ചുരുക്കമായി* ഞങ്ങളോട് പറക എന്ന തെസ്സലൊനിക്യരുടെ ചോദ്യത്തിന് പൗലൊസ് പറഞ്ഞതാകാം ഇത്. 1 തെസ്സലൊനിക്യർ 5:1-2 ൽ പൗലൊസ് അവരെ ഓർപ്പിച്ചത് അവർ സ്വീകരിക്കാതിരുന്നതിനാലാകാം ചോദ്യമുന്നയിച്ചത് (ഒ. വാ. കൂടാതെ 2 തെസ്സ 2:5). തെറ്റായ ഭദ്രതയെ കുറിച്ചുള്ള മുന്നറിയിപ്പ് (1 തെസ്സ 5:3) ഭാവി ന്യായവിധിയെ ആ ഇടവക കുറച്ചു കണ്ടിരിക്കാമെന്ന് സൂചിപ്പിക്കുന്നു. പരൗസിയയുടെ നിഴലിൽ ജീവിക്കുന്നവർക്ക് ആവശ്യമായ ഒരുക്കത്തിന് അവർ തയ്യാറോടുകൂടി നിലനിൽക്കുവാൻ അവർക്ക് കഴിഞ്ഞിരിക്കയില്ല (1 തെസ്സ 5:6-8). തങ്ങൾ പുതിയ കാലത്തിലെ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവരായതിനാൽ (1 തെസ്സ 1:4), അവർക്ക് ഭദ്രമായ ഒരു നിലവാരം ഉണ്ടായിരിക്കണം എന്ന് അവർ കരുതി. എന്നാൽ അവർ അനുഭവിച്ച പ്രതികൂല സാഹചര്യങ്ങൾ പുതിയ യുഗത്തിൽ എതിരാണെന്ന് അവർക്ക് തോന്നി. ആകയാൽ, 1 തെസ്സലൊനിക്യർ 5:14 ൽ പറഞ്ഞിരിക്കുന്ന "ബലഹീനർ," "ഹൃദയം തകർന്നിരിക്കുന്നവരും," "മടുത്തവരും," "ക്ഷമയറ്റവരും," ... "തീർച്ചയില്ലാവത്തവർ" എന്നു പറഞ്ഞത് ഇവരെ സംബന്ധിച്ച് ഒത്തിരിക്കുന്നു. അവരുടെ തീവ്രമായ അനുഭവവും ഭാവിയെ സംബന്ധിച്ച അവരുടെ തിരിച്ചറിവും പറയുകയാണെങ്കിൽ, അനിശ്ചിതമായ ഭവിയെ ഒരുങ്ങുവാൻ തയ്യാറാകാതെയുമിരുന്നു.[4]

**കർത്താവിന്റെ നാൾ** എന്ന പ്രയോഗം പഴയ നിയമത്തിൽ പല സന്ദർഭങ്ങളിലും ഉപയോഗിച്ചിരിക്കുന്നു. വാസ്തവത്തിൽ ആ പ്രയോഗം ആമോസിന്റെ കാലത്ത് ഉപയോഗിച്ചിരുന്നതു (സി. 750 ബി. സി) "വെളിച്ച" ദിനങ്ങൾ അല്ലെങ്കിൽ അനുഗ്രഹ ദിനങ്ങൾ സൂചിപ്പിക്കുന്നനിനാണ്, എന്നാൽ പ്രവാചകൻ പ്രവചിച്ചത്, അവരുടെ ദുഷ്ടത കാരണം വരുന്ന "ഇരുണ്ട"

ദിനങ്ങളെ മുന്നറിയിക്കുന്നതിനാണ് (ആമോസ് 5:18). ചിലപ്പോൾ കർത്താവിന്റെ നാൾ എന്നതിന് ഭൂമിയിൽ മനുഷ്യന്റെ വാസം ഉള്ളേടത്തോളം കാലം എന്നും അർത്ഥം വരാം, ഉദാഹരണത്തിന് ഏ.ഡി. 70 ലെ യെരുശലേം നാശം, പക്ഷെ ആ ദിവസങ്ങളെല്ലാം, മഹത്തായ "കർത്താവിന്റെ നാളിലേക്കാണ്" വിരൽ ചൂണ്ടുന്നത്-ഇവിടെ പറയുന്നതുപോലെയുള്ള ചരിത്രത്തിലെ അവസാന ന ാളിലെ അന്ത്യവിധി (കൂടാതെ 1 കൊ. 1:8; 5:5; ഫിലി. 1:6). ചില ആളുകൾക്ക് അത് കോപത്തിന്റെ ദിവസം അല്ലെങ്കിൽ നാശ ദിവസം ആയിരിക്കും (റോമ. 2:5), മറ്റുള്ളവർക്ക് "വീണ്ടെടുപ്പ് നാൾ" ആയിരിക്കും (എഫെ. 4:30).

ആ നാൾ അവർ മനസിലാക്കിയത്, **കള്ളനെ പോലെ വരും** എന്നാണ്. ആ സത്യം പൗലൊസ് അവിടെ ആയിരുന്നപ്പോൾ കൃത്യമായും പഠിപ്പിച്ചിരുന്നു. നാം കാത്തിരിക്കാത്ത സമയത്ത് അപ്രതീക്ഷിതമായിട്ടായിരിക്കും കള്ളൻ വരുന്നത്. അതുപോലെ, യേശു അപ്രതീക്ഷിതമായും പെട്ടെന്നുമായിരിക്കും വരുന്നത് (മത്താ. 24:43, 44; 2 പത്രൊ. 3:10). അവൻ വരുന്നത് എപ്പോഴാണ് എന്ന് പിതാവിന് മാത്രമെ അറിയാവു എന്നു നാം മുൻപ് മനസിലാക്കിയതാണ്. (മത്താ. 24:36; മർ. 13:32), എന്നാൽ ഒരു സമയത്ത് അവൻ വരും എന്നത് ഉറപ്പാണ്, ആകയാൽ നാം ഒരുങ്ങിയിരിക്കണം (വെളി. 16:15; എബ്രാ. 10:31).

ഇവിടെ ഐ. ഹോവാർഡ് മാർഷൽ ശരിയായ ഒരു പ്രബോധനം ചേർത്തിരിക്കുന്നു:

> കർത്താവ് വരുന്ന സമയത്തെ കുറിച്ചും അപ്പോൾ നടക്കുവാന ിരിക്കുന്ന നിസാര കാര്യങ്ങൾ പോലും അൽപം പോലും ചിന്തിക്കാതെ വിശദമാക്കുന്നതും അതിന് എഴുത്തുകാർ ഉത്തരം നൽകുവാൻ അതേപോലെ ശ്രമിക്കുന്നതും നിരീക്ഷിക്കുന്നത് പ്രയോജനം ചെയ്യും. ഭാവി സംഭവങ്ങളെ കുറിച്ചും കർത്താവായ യേശുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ചും ഡിസ്പെൻസേഷണൽ ഉപ ദേശങ്ങൾ വളരെ വിസ്തൃതമായിട്ടാണ് സംസാരിക്കുന്നത്. എന്നാൽ പൗലൊസ് അങ്ങനെ ആയിരുന്നില്ല. അവനോടു ചോദിച്ചപ്പോഴെല്ലാം പൗലൊസ് വേദഭാഗം ഉദ്ധരിക്കുക മാത്രമായിരുനനു ചെയ്തത്. ഇന്ന് ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ ആ മാതൃക പിൻപറ്റുകയാണെങ്കിൽ, അത് "എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കാതിരിപ്പാൻ" (1 കൊ. 4:6, അക്ഷരികമായി എടുത്താൽ) സഹായിക്കും.[5]

**വാക്യം 3**. ബി.സി. ഏഴാം നൂറ്റാണ്ടിൽ., യെരുശലേം പിടിച്ചടക്കുമെന്നും നശിപ്പിക്കുമെന്നും യെശയ്യാ പ്രവാചകൻ മുന്നറിയിച്ചിരുന്നു(യിരെ. 6:1), കള്ള പ്രവാചകന്മാരും മറ്റും അവന് എതിരായി സംസാരിച്ചിരുന്നു, ധൈര്യത്തോടെ പറഞ്ഞത് സമാധാനം എന്നായിരുന്നു (യിരെ. 6:14). അതുപോലെ, കർത്താവ് തന്നെ അനുസരിക്കാതിരിക്കുന്നവരെ ശിക്ഷിക്കുവാൻ വരുന്നതുവരെ, അവി ശ്വസ്തരായ അനവധി ഉപദേഷ്ടാക്കന്മാർ "സമാധാനം, സുരക്ഷിതം" എന്നു പറയും. (2 പത്രൊ. 3:3-9 ലെ "പരിഹാസികൾ" താരതമ്മ്യം ചെയ്യുക.)

യിരെമ്യാവിന്റെ കാലത്തെ കള്ളപ്രവാചകരുടെ പ്രവചനം തെറ്റിപ്പോകയും ബി.സി. 586 ൽ ബാബിലോൺ നശിപ്പിക്കപ്പെടുകയും ചെയ്തു, അതുപോലെ ഈ കാലത്തിലെ പ്രവചനങ്ങളും തെറ്റിപ്പോകും. അനുസരിക്കാതിരിക്കുന്നവരെ യേശു വരുമ്പോൾ നശിപ്പക്കും. വാസ്തവത്തിൽ, **അവർക്ക് വരുന്നത്**

**നാശം ആയിരിക്കും**. "നാശം" എന്നതിനുള്ള ഗ്രീക്ക് വാക്ക് തതതതത (*ഒലേത്രോസ്*) അർത്ഥമാക്കുന്നത് നിലനിൽപ് ഇല്ലാതാക്കുന്നു എന്നല്ല, പിന്നെയോ, പ്രവർത്തിക്കാത്ത നാശകരമായ അവസ്ഥ എന്നാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവരെ "നിത്യ ദണ്ഡനത്തിന്" ഏൽപിക്കും എന്ന് 2 തെസ്സലൊനിക്യ ലേഖനത്തിൽ പറയുവാനും അതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു (2 തെസ്സ. 1:8, 9). ദുരുപദേഷ്ടാക്കൾക്കും മറ്റും വരുന്ന നാശത്തെ കുറിച്ച് പത്രൊസും പറഞ്ഞിരിക്കുന്നത് താരതമ്യം ചെയ്യുക (2 പത്രൊ. 2:1).[6]

വീണ്ടും, "നാശം" എന്നു പറഞ്ഞിരിക്കുന്നത് ഉന്മൂല നാശം അല്ല. വാസ്തവത്തിൽ, *ഒലെത്രോസ്* എന്ന വാക്ക് 1 കൊരിന്ത്യർ 5:5 ലും ഉപയോഗിച്ചിരിക്കുന്ന തിൽ നാശം എന്നു പറഞ്ഞിരിക്കുന്നത് ഉന്മൂല നാശമല്ല, മറിച്ച് ഭൗതിക മൽസരികളുടെ മരണമടക്കമുള്ള ഭൗതിക നാശമാണ്, "കർത്താവിന്റെ നാളിൽ രക്ഷിക്കപ്പെടും" എന്നത് അങ്ങനെ വരുമ്പോൾ അസാധ്യമാക്കുന്നു. ഡേവിഡ്. ജെ. വില്യംസ് പറഞ്ഞു, "ആ നാശത്തെ ദൈവത്തിന്റെ ഉന്മൂല നാശമായിട്ടല്ല, പിന്നെയോ, ദൈവത്തിൽനിന്നുള്ള വേർപാടായി മാത്രം കണ്ടാൽ മതി."[7] (2 തെസ്സ. 1:9 ന്റെ ചർച്ച നോക്കുക.)

**ഗർഭിണിക്ക് പ്രസവ വേദന വരുന്നതുപോലെ** പെട്ടെന്ന് അല്ലെങ്കിൽ അപ്രതീക്ഷിതമായിട്ടായിരിക്കും അനുസരിക്കാതിരിക്കുന്നവർക്ക് "നാശം" സംഭവിക്കുന്നത്. സ്ത്രീയുടെ കാര്യത്തിൽ ചിലപ്പോൾ യാതൊരു ഒരുക്കവുമില്ലീതിക്കുന്നവൾക്ക് ഹോസ്പിറ്റലിൽ എത്തുന്നതിന് മുൻപ് പ്രസവം നടന്നേക്കാം. കർത്താവിന്റെ നാൾ അതുപോലെ നിനെച്ചിരിക്കാത്ത സമയത്തായിരിക്കും വരുന്നത്. വീണ്ടും ഒരു കാര്യം ഉറപ്പ്: അവൻ വരുമ്പോൾ അവനോടുകൂടെ അനുസരിക്കാതിരിക്കുന്നവർക്കുള്ള "നാശവും വരും." അതുകൊണ്, ഗർഭിണിക്ക് പ്രസവ വേദന വരുന്നത് എപ്പോഴാണെന്ന് പറയുക പ്രയാസമായിരിക്കും, അതുപോലെ യേശു വരുമെന്നത് തീർച്ചയാണ്, അപ്പോൾ അനുസരിക്കാതിരിക്കുന്നവർക്ക് ശിക്ഷയിൽനിന്നും നാശത്തിൽനിന്നും **ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല** (2 തെസ്സ. 1:6–10). ആ സമയത്ത് അവിശ്വാസികൾക്കും അവിശ്വസ്തരായ ക്രിസ്ത്യാനികൾക്കും വരുന്ന നാശത്തിൽ നിന്നും "ഒഴിയാവുന്നതല്ല."

**വാക്യം 4**. "ക്രിസ്ത്യാനിയുടേയും അവിശ്വാസ ലോകത്തിന്റേയും ലക്ഷ്യസ്ഥാന വ്യത്യാസം പൂർണ്ണമായി അടയാളപ്പെടുത്തുന്ന വിധത്തിൽ,"[8] ഈ വാക്യത്തിൽ രണ്ടു പ്രാവശ്യം ഏക വ്യക്തിനാമത്തിന്റെ ബഹുവചനം ഉപയോഗിച്ചിരിക്കുന്നു.[8]

**സഹോദരന്മാർ** എന്ന് സംബോധന ചെയ്ത് പൗലൊസ് തന്റെ ഊഷ്മളമായ ബന്ധം പ്രകടമാക്കി. "സഹോദരൻ" "സഹോദരന്മാർ" എന്നീ വാക്കുകൾ ഇരപത്തിയഞ്ചു പ്രാവശ്യം കാണാം, 1:4; 2:1, 9, 14, 17; 3:2, 7; 4:1, 6, 9, 10 (രണ്ടു പ്രാവശ്യം), 13; 5:1, 4, 12, 14, 25, 26 ഉം 27 ഉം.

വാക്യം 3 ൽ പറഞ്ഞ അവിശ്വാസികളെ പോലെ പൗലൊസിന്റെ സഹോദരന്മാർ **ഇരുട്ടിലായിരുന്നില്ല**. "ജുഷ്ടതയുടെ പ്രതലമാണ്" ഇരുട്ട്. അവർ "ലോകകത്തിന്റെ വളിച്ചം" ആയ യേശുവിനെ അനുഗമിച്ചതിനാൽ അവർ ഒരിക്കലും ദുഷ്ടതയിലേ ഇരുട്ടിലോ ആയിരുന്നില്ല., "അവനെ അനുഗമിക്കുന്നവർ ഒരിക്കലും ഇരുട്ടിൽ നടക്കാതെ ജീവന്റെ വെളിച്ചത്തിൽ നടക്കും" (യോഹ. 8:12). അവരും കൊലൊസ്യരെ പോലെ "ഇരുട്ടിന്റെ ...

ധികാരത്തിൽനിന്നു വിടുവിച്ച് ... തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ചവരാണ്" (കൊലൊ. 1:13). അതുകൊണ്ട്, ക്രിസ്തുവിന്റെ വരവ് **ദിവസം** (വാ. 2 നോക്കുക) അവരെ **കടന്നുപോകയില്ല**. അതിനർത്ഥം, അനുസരിക്കാതിരിക്കുന്നവരിൽനിന്നു വ്യത്യസ്തമായി കർത്താവ് വരുന്ന ദിവസം അവർക്ക് അറിയാമോ? തിരുവെഴുത്തനുസരിച്ച് ഇല്ല എന്നതാണ് ഉത്തരം.ആ "നാളും നാഴികയും" സംബന്ധിച്ച് ആരും-ക്രിസ്തു പോലും-അറിയുന്നില്ല (മർ. 13:32). വാസ്തവത്തിൽ, അവന്റെ വരവിൽ, വിശ്വാസികൾ പോലും തങ്ങളുടെ ദൈനംദിന പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കും. മത്തായി 24:39-41 ൽ, വയലിലുള്ള ഒരാളെ "എടുക്കും" എന്നു പറഞ്ഞിരിക്കുന്നു. ആ ദിവസം അവന് വരുമെന്ന് അവർ പ്രതീക്ഷിച്ചിരിക്കയില്ല.

പിന്നെ, ഏത് അർത്ഥത്തിലാണ്, **കള്ളനെ പോലെയുള്ള** അവന്റെ വരവ് അവരെ "കടന്നുപോകയില്ല" എന്നു പറഞ്ഞിരിക്കുന്നത്? അവർ ആത്മിയമായി ഒരുങ്ങുകയും തങ്ങളെത്തന്നെ "സൂക്ഷിക്കാതിരിക്കുകയും" ചെയ്തില്ല. അവർ അവന്റെ വരവിൽ കൽപനകൾ "ലംഘിക്കുന്നവരായി" കാണപ്പെടുന്നില്ല. അവന്റ വരവിനെ കുറിച്ച് പ്രസ്താവിക്കുന്ന സന്ദർഭങ്ങളഴിലെല്ലാം കാത്തിരിക്കുവാനും ഒരുങ്ങിയിരിപപ്പാനും പറഞ്ഞിരിക്കുന്നു (വാ. 6; മത്താ. 24:42; 25:13).

**വാക്യം.** 5. ഓരോ അംഗത്തെയും ഉൾപ്പെടുത്തിയായിരിക്കാം എന്നു **നിങ്ങൾ എല്ലാവരും** ഊന്നി പറയുമാരിക്കാം. "എല്ലാം" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് πανντες (*പാന്റെസ്*) "ഭീരുക്കളെ ഒഴിവാക്കികയുള്ള ഉത്തേജനമായിട്ടാ" ണ് എന്നത്രെ ജെ.ഈ. ഫ്രെയിം ശ്രദ്ധിച്ചത്[9] "എല്ലാവരും" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നതിൽ "ബലഹീന സഹോദരങ്ങളും" ഉൾപ്പെട്ടിരിക്കുന്നു എന്നാണ് ലിയോൺ മോറിസ് നിരീക്ഷിച്ചത്.[10]

നാം മുൻപ് കണ്ടതുപോലെ "ഇരുട്ടും വെളിച്ചവും" എന്ന ഭാവന പുതിയ നിയമത്തിൽ പൊതുവായി ഉപയോഗിച്ചിരിക്കുകയാണ്, പ്രത്യേകിച്ച് യോഹന്നാന്റെ പുസ്തകത്തിൽ (ഉദാഹരണമായി, യോഹ. 1:1-9). ഇരുട്ട് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് "ദുഷ്ടനമാരുടെ പ്രതലത്തെയാണ്." എന്നാൽ വെളിച്ചം അർത്ഥമാക്കുന്നത് നീതി അല്ലെങ്കിൽ നല്ല സ്വഭാവം. അതെന്തുകൊണ്ട് സത്യമാണ്? ഒരാൾ നിമയ ലംഘനം നടത്തുന്നത് രാത്രിയാണെങ്കിൽ അത് കണ്ടുപിടിക്കുക പ്രയാസമാണ്. രണ്ടാമത്, അക്കാലത്ത് നടന്ന മദ്യപാനവും, വെറിക്കൂത്തും, ദുർന്നടപ്പും രാത്രിയുടെ മറവിലായിരുന്നു (പ്രവൃ. 2:15; 2 പത്രൊ. 2:13). വെളിച്ചത്തെ തള്ളിക്കളഞ്ഞതിനാൽ അവിശ്വാസികൾ **രാത്രിക്കും ഇരുട്ടിനും** ഉള്ളവരാണ്. അവർ രാത്രിക്കും ഇരുട്ടിനും ഉള്ളവരാണെന്ന് സമ്മതിക്കയില്ല, പക്ഷെ യേശു അവരെ കുറിച്ചു പറയുന്നത് ശര്ദ്ധിക്കുക, "എനിക്ക് അനുകൂലമല്ലാത്തവൻ എനിക്ക് പ്രതികൂലമാകുന്നു" (മത്താ. 12:30). ആകയാൽ, ഒരാൾ വെളിച്ചത്തിന്റെ മകൻ അല്ലെങ്കിൽ, അയാൾ സാത്താൻ തലയായ ഇരുട്ടിന്റെ രാജ്യത്തിലാണ് (യോഹ. 8:44; 12:31).

"ലോകത്തിന്റെ വെളിച്ചത്തെ" പിൻപറ്റുന്നതിനാൽ, തെസ്സലൊനിക്യയിലുണ്ടായിരുന്ന ക്രിസ്ത്യാനികളും മറ്റു ക്രിസ്ത്യാനികളും, അതുപോലെ ഇന്നു ക്രിസ്ത്യാനികളായി തീർന്നവരും **വെളിച്ചത്തിന്റേയും പകലിന്റേയും മക്കളാണ്** (യോഹ. 8:12). അതുകൊണ്ട്, അവരുടെ ജീവിതം വെളിച്ചത്തിൽ നയിക്കുന്നവരും പരിശോധനക്ക് വിധേയരാകുവാൻ മനസ് കാണിച്ചവരുമാണ്.

ദുഷ്ടന്മാർ ഇരുട്ടിനുള്ളവരായി ജീവിക്കുന്നതുപോലെ, ഇവർ വെളിച്ചത്തിനുള്ളവരായി ജീവിക്കുന്നു. ചില ഭാഷകളിൽ, ഉദാഹരണമായി, എബ്രായ ഭാഷയിൽ, ആരുടെയെങ്കിലും അല്ലെങ്കിൽ എന്തിന്റെയെങ്കിലും മകൻ എന്നു പറയുമ്പോൾ, അയാളുടെ അല്ലെങ്കിൽ അതിന്റെ സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്. അപ്പോൾ "വെളിച്ചത്തിന്റെ മക്കൾ" എന്നു പറയുമ്പോൾ, വെളിച്ചത്തിന്റെ സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ലൂക്കൊസ് 16:8 ൽ ദൈവജനത്തെ യേശു "വെളിച്ചത്തിന്റെ മക്കൾ" എന്നാണ് വിളിച്ചത്. ചാവുകടൽ ചുരുളുകൾ എഴുതിയവർ പറഞ്ഞതനുസരിച്ച് യെഹൂദ വിഭാഗവും ഇത്തരത്തിലുള്ള അർത്ഥത്തിലാണ്, *ഇരുട്ടിന്റെ മക്കളും വെളിച്ചത്തിന്റെ മക്കളും തമ്മിലുള്ള പോരാട്ടം* എന്ന് എഴുതിയിരിക്കുന്നത്. എങ്ങനെയായാലും, അവർ ഉപയോഗിച്ചത് അക്ഷരികമായ പോരാട്ടത്തിനാണ്, പക്ഷെ യേശു ഒരിക്കലും ഭൗതികമായ പോരാട്ടം ഉദ്ദേശിച്ചിരുന്നില്ല.

**വാക്യം 6**. 4:13 ലെ, ശേഷിച്ച "അവിശ്വാസികൾ-ഒരുങ്ങാതിരുന്നതിനാൽ, യേശു" കർത്താവിന്റെ നാൾ" അവർക്ക് അതിശയ വിഷയമായിരിക്കും (വാ. 2 നോക്കുക). ആത്മിയമായി പറഞ്ഞാൽ, അവർ കർത്താവിന്റെ കൽപനകൾ സംബന്ധിച്ച് "ഉറങ്ങുന്നു." ഇരുട്ടിന്റെ മക്കളിൽ നിന്നു പ്രതീക്ഷിക്കാവുന്നതാണ് ആത്മിയ **നിദ്ര**, എന്നാൽ ആ സ്വഭാവം "പകലിന്റെ മക്കളിൽ" നിന്നു പ്രതീക്ഷിക്കുന്നില്ല. അവർ "പകലിന്റെ മക്കൾ" ആയതിനാൽ, ആത്മിയമായി ഉണർന്നിരിക്കും.

താൻ പഠിപ്പിച്ചുവന്ന പ്രബോധനത്തെ തുടർന്നു പൗലൊസ് പറഞ്ഞു, **നമുക്ക് ഉൺന്നിരിക്കാം** (γρηγορέω, *ഗ്രെഗോറിയോ*). "ഉണർന്നിരിക്കുക" എന്നത് ഉറങ്ങുന്നതിന്റെ എതിരാണ്, ഉണർന്നിരിക്കുമ്പോൾ, ഉറച്ച തീരുമാനം എടുക്കുവാന് കഴിയും, ഉറക്കത്തിൽ സംഭവിക്കുവാനിടയുള്ള അപകടം അറിയുകയും ചെയ്യുന്നു. ഒരു ക്രിസ്ത്യാനി തന്നെത്താൻ ഉറങ്ങുവാൻ അനുവദിച്ചുവെങ്കിൽ, "ഉണരണം." (റോമ. 13:11; എൻഐവി), തന്നെത്താൻ സൂക്ഷിക്കുകയും വേണം. ക്രിസ്ത്യാനി **സുബോധം** ഉള്ളവനായിരിക്കണം (νήφω, *നെഫോ*). സാധാരണ ആ വാക്കിന്റെ അർത്ഥം, "മദ്യപിക്കരുത്" എന്നാണ്, പക്ഷെ അതിന് കൂടുതൽ പൊതുവായ അർത്ഥവുമുണ്ട്, അത് ഒരു വ്യക്തിയുടെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുക എന്നാണ്. വാസ്തവത്തിൽ, ഒരാളുടെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാതെ ഫലപ്രദമായി അയാളെ സൂക്ഷിക്കുവാൻ കഴിയുകയില്ല. അതായിരിക്കാം ഇവിടത്തെ അർത്ഥം. എൻഐവിയിൽ "സോബർ" എന്നതിന് പകരം? "സെൽഫ് കൺട്രോൾഡ്" എന്നാണ്.[11]

**വാക്യം 7**. വാക്യം 6 ലെ "ഉറക്കം" ആലങ്കാരികവും ആത്മികവുമായ ഉറക്കമാണ്, പക്ഷെ ഇവിടെ പൗലൊസ് ഉപയോഗിച്ചത്, ആലങ്കാരികതയുടെ പുറകിലെ അക്ഷരികതയിലേക്ക് എന്നപോലെ മുൻപ് പറഞ്ഞതിലേക്ക് പൗലൊസ് നീങ്ങുകയാണ്. വാക്യം 7 ൽ, അക്ഷരികമായ **ഉറക്ക**ത്തെയും അക്ഷരികമായി വീഞ്ഞു കുടിച്ചു **മത്തരാകുന്നതിനെ** കുറിച്ചുമാണ് പ്രതിപാദിച്ചത്. ഒഴിവുകഴിവ് ഉണ്ടെങ്കിലും ഇവയെ പൊതുവായി രാത്രിയുടെ പ്രവൃത്തികൾ ആയിട്ടാണ് കണക്കാക്കുന്നത് (പ്രവൃ. 2:15).

അക്ഷരികമായി, ആ വേദഭാഗം വായിക്കുന്നത്, "മദ്യപിക്കുന്നവർ, μεθύσκω (*മെതുവോ*) രാത്രിയിൽ മദ്യപിക്കുന്നു, (*മെതുസ്കോ*)." "*മെതുസ്കോ* ... എന്നതിന്റെ അർത്ഥം മത്തരാകുക എന്നതൊഴിച്ചാൽ ... *മെതുവോയും മെതുസ്കോയും* തമ്മിൽ വലിയ വ്യത്യാസമൊന്നും അർത്ഥത്തിലില്ല എന്നാണ്

റോബർസൺ പറഞ്ഞത്."[12]

**വാക്യം 8. ഉണർന്നിരിക്കുക** എന്നതുപോലെ (വാ. 6 നോക്കുക), **പകലിനുള്ളവർ** എന്നതും നാം മുൻപ് കണ്ടുകഴിഞ്ഞതാണ് (വാ. 5 നോക്കുക). നമുക്ക് എങ്ങനെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാം എന്നാണ് പൗലൊസ് വിശദമാക്കുന്നത്: മൂന്നു ക്രിസ്തീയ മനോഗുണങ്ങൾ ആയ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ ധരിച്ചുകൊണ്ട് (1:3; 1 കൊ. 13:13). പ്രതികൂലമായ സാഹചര്യം വരുമ്പോഴും, ദൈവത്തിലുള്ള **വിശ്വാസം**, ഒരു ആശ്രയമാണ്, **സ്നേഹം** (ἀγάπη, *അഗാപെ*), സഹായം ആവശ്യമുള്ളവർ നിങ്ങളെ പരിഹസിച്ചാലും, അവരെ സഹായിക്കുവാനുള്ള ശക്തമായ വികാരമാണ് സ്നേഹം, ആലങ്കാരികമായി അത് ഒരു ആത്മിയ **കവചമാണ്**, സാത്താൻ നമ്മെ "പിടിക്കുവാനായി" വരുമ്പോൾ അത് നമ്മെ പ്രതിരോധിക്കുവാനും സംരക്ഷിക്കുവാനും സഹായിക്കും. ഈ ആത്മിയമായ ആയുധത്തിന്റെ മറ്റൊരു വശമാണ്, **പ്രത്യാശ**. **രക്ഷ** കൈവരിക്കാമെന്ന ശക്തമായ ഒരു പ്രതീക്ഷയാണത്. ഈ അന്തിമമായ **രക്ഷ** പാപത്തിൽനിന്നുള്ള മോചനവും, സ്വർഗത്തിൽ നമ്മെ മക്കളായി ദത്തെടുക്കുകയും ചെയ്യുമെന്നുള്ള പ്രത്യാശ ആണ് (റോമ. 8:22–25 താരതമ്യം ചെയ്യുക). ഇവിടെ പറയുന്ന "രക്ഷയുടെ പ്രത്യാശയും," ഗലാത്യർ 5:5 ൽ പറയുന്ന നീതിയുടെ പ്രത്യാശയും തമ്മിൽ ബന്ധമുണ്ടെന്ന് എഫ്. എഫ്. ബ്രൂസ് നിരീക്ഷിച്ചു.[13]

"രക്ഷയുടെ പ്രത്യാശ" യുടെ മറ്റൊരു രീതിയിലുള്ള പ്രതിരോധമായ ശിരസ്ത്രമാണ്, അത് തലയെ സംരക്ഷിക്കുന്നു. സ്വർഗീയ പ്രത്യാശ നമ്മുടെ ഉള്ളിൽ ശക്തമാകുമ്പോൾ, സാത്താൻ നമുക്ക് എതിരെ തൊടുത്തുവിടുന്ന ശക്തമായ പരീക്ഷണങ്ങളെ പോലും നേരിടുവാൻ നമുക്ക് കഴിയും. ദൈവഭക്തിയോടുകൂടെ ജീവിച്ച്–നേരിടാൻ തയ്യാറാകാം–കർത്താവിന്റെ നാളിലായി ഒരുങ്ങാം–ഒരുങ്ങിയിരിക്കാത്ത സമയത്ത് കള്ളൻ വരുന്നതുപോലെയാരിക്കും അവന്റെ മടങ്ങി വരവ്.

ക്രിസ്ത്യാനിക്ക് പോരാടുവാനുള്ള ആയുധ വർഗത്തെ കുറിച്ച് പൗലൊസ് അടിക്കടി പറയുന്നത് (എഫെ. 6:11–17), ക്രിസ്ത്യാനിയുടെ സ്വഭാവത്തിൽ എപ്പോഴും ഒരേപോലെ ആയിരിക്കുകയില്ല. ഉദാഹരണമായി എഫെസ്യരോട് അണിയുവാൻ പറഞ്ഞ "കവചം" "നീതിയുടേതായിരുന്നു," എന്നാൽ ഇവിടെ "വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും" ആണ്. അത് ഒരു തരത്തിലും വൈപരീത്യമുളവാക്കുന്നില്ല. ഉദാഹരണമായി നാമെല്ലാം ദൈവത്തിന്റെ ഭവനത്തിൽ ജനിക്കുകയാണ് (യോഹ. 3:5), അതിലേക്ക് *ദത്തെടുക്കുകയും* ചെയ്യുന്നു (റോമ. 8:15; കെജെവി). അക്ഷരികമായ പ്രതലത്തിൽ അവ വിപരീതമെന്ന് തോന്നാമെങ്കിലും. ആലങ്കാരികമായി അതിൽ വൈപരീത്യമില്ല. അവ നമ്മുടെ പുത്രത്വത്തിന്റെ വ്യത്യസ്ത വശങ്ങൾ കാണിക്കുന്നു എന്നു മാത്രം.

വാക്യങ്ങൾ 6 മുതൽ 8 വരെ റോമർ 13:11–14 വരെയുള്ള ഭാഗങ്ങളിലെ പല സമാനതകളുമുണ്ട്.

| *1 തെസ്സലൊനിക്യർ 5:6–8* | *റോമർ 13:11–14* |
|---|---|
| വാ. 6—ഉണർന്നിരിക്കുക (ആത്മിയമായി) | വാ. 11 —ഉണർന്നിരിക്കുക (ആത്മിയമായി) |
| വാ. 8—ഇന്ദ്രിയ-ജയം (സുബോധം) | വാ. 12 —ദുഷ്പ്രവൃത്തികൾ വിട്ടുകളക (ഇരുട്ടിന്റെ) |
| വാ. 8—ആത്മിയ ആയുധം ധരിക്കുക | വാ. 12 —(വെളിച്ചത്തിന്റെ) ആയുധം ധരിച്ചുകൊൾക |
| | വാ. 13, 14—മര്യാദയായി നടക്കുക (ശണ്ഠയിടാതെ) |

**വാക്യം 9**. ''കർത്താവിന്റെ നാളിനെതിരായ'' വയിൽനിന്ന് ആ സഹോദരന്മാർ സുരക്ഷിതാകുവാനായി, വാക്യം 8 ൽ പറഞ്ഞിരിക്കുന്ന വലിയ മൂന്നു ക്രിസ്തീയ ഗുണങ്ങൾ ധരിക്കണമായിരുന്നു (വാ. 2), കാരണം **കോപത്താൽ** നാം **കഷ്ടത ഏൽക്കകുവാനല്ല ദൈവം ആഗ്രഹിക്കുന്നത്**. അവന്റെ "ക്രോധത്താൽ" ധകഷ്ടത ഏൽക്കുകപ എന്നത് ദൈവപദ്ധതിയല്ല. അക്കാലത്ത് ക്രോധം ശിക്ഷയെയാണ് സൂചിപ്പിച്ചിരുന്നത് (1:10; റോമ. 2:5–11). ദൈവപദ്ധതിയിൽ അനുസരിക്കാതിരിക്കുന്നവരെയാണ് ദൈവകോപത്താലുള്ള കഷ്ടതക്ക് വിധേയരാക്കുന്നത്, എന്നാൽ വിശ്വസ്തരായ ക്രിസ്ത്യാനികൾക്ക് സ്വർഗത്തിൽ അന്തിമരക്ഷയും മക്കളായിദത്തെടുക്കലുമാണ് ലഭിക്കുന്നത് (റോമ. 8:22–25). ഇത് സാധ്യമാകുന്നത് **നമ്മുടെ കർത്താവായ യേശു മുഖാന്തരമാണ്** (എഫെ. 1:7). അവന്റെ ക്രൂശിലെ മരണം കൂടാതെ നമുക്ക് രക്ഷപ്പെടുവാനുള്ള അവസരം ലഭ്യമല്ല.[14]

**വാക്യം 10**. യേശു മുഖാന്തരമാണ് നാം രക്ഷിക്കപ്പെടുന്നത്, **അവൻ നമുക്ക് വേണ്ടി മരിച്ചതിനാലാണ്** അത് സാധ്യമായത്. "അനേകരുടെ പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം" എന്ന് കർത്താവ് പറഞ്ഞതിൽ പൗലൊസും തെസ്സലൊനിക്യയിലെ സഹോദരന്മാരും ഉൾപ്പെടുന്നു (മത്താ. 26:28). മനുഷ്യരുടെ രക്ഷക്കായി ക്രിസ്തു കഷ്ടത ഏൽക്കേണ്ടതായിരുന്നു എന്ന് പൗലൊസ് തെസ്സലൊനിക്യയിലായിരുന്നപ്പോൾ പ്രസംഗിച്ചു (പ്രവൃ. 17:3; 1 പത്രൊ. 2:24). അവൻ കഷ്ടത ഏറ്റത്, നാം **അനനോടുകൂടെ ജീവിക്കേണ്ടതിനാണെന്നത്രെ** പൗലൊസ് പറഞ്ഞത്. അതായത്, നമ്മെ ദൈവത്തിൽനിന്നും അകറ്റുന്ന പാപത്തെ നീക്കം ചെയ്യുന്നതീനായിരുന്നു ക്രിസ്തു കഷ്ടത അനുഭവിച്ചത്, അങ്ങനെ അവനോട് നിരപ്പ് പ്രാപിക്കുവാനും (2 കൊ. 5:18, 19) എന്നേക്കും അവനോടുകൂടെ വസിക്കേണ്ടതിനും തന്നെ (4:17). ഈ സന്ദർഭത്തിൽ ബ്രൂസ് ശ്രദ്ധിച്ചത്, "ഇവിടെ ഉപയോഗിച്ച അയോറിസ്റ്റ് തതതതത ധസെസോമെൻ, 'നാം ജീവിച്ചിരുന്നേക്കാം' പ എന്നത് സൂചിപ്പിക്കുന്നത്, ... കർത്താവിന്റെ പരൗസിയയിലേക്ക് പ്രവേശിക്കുന്ന ക്രിസ്തുവിന്റെ ആളുകൾക്ക് പുനരുത്ഥാനത്തിൽ ലഭിക്കുന്ന ജീവൻ ആണ്."[15] **നാം ഉറങ്ങിയാലും ഉണർന്നിരുന്നാലും** "കർത്താവിന്റെ പ്രത്യക്ഷതയിൽ'' ആണ് നമുക്ക് ആ പ്രയോജനം ലഭിക്കുന്നത്. "ഉണ

രുക" എന്നതിനർത്ഥം, ഭൗതികമായി ജീവിച്ചിരിക്കുക എന്നും "ഉറങ്ങുക" എന്നാൽ ഭൗതികമായി മരിക്കുക എന്നുമാണ് അർത്ഥമാക്കുന്നത്. ക്രിസ്തു വരുമ്പോൾ, താൻ ജീവിച്ചിരിക്കുമോ എന്ന് പൗലൊസിന് തീർച്ചയില്ലായിരുന്നു, എങ്കിലും, അവൻ അതിനെ കുറിച്ച് വ്യാകുലപ്പെട്ടിരുന്നില്ല. അവന്റെ വരവിൽ ലഭിക്കുന്ന തേജസേറിയ അനുഭവങ്ങൾ അവനും മറ്റു ക്രിസ്ത്യാനികൾക്കും ലഭിക്കും എന്ന തീർച്ച അവനുണ്ടായിരുന്നു. തെസ്സലൊനിക്യർക്ക് തങ്ങളുടെ മരിച്ചവരെ ഓർത്ത് ദുഃഖിക്കേണ്ട കാര്യമില്ലായിരുന്നു.

**വാക്യം 11**. ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ച വസ്തുതകൾ ഇത് ആയിരിക്കയാൽ, പൗലൊസ് പറഞ്ഞു, **അന്യോന്യം പ്രബോധിപ്പിക്കുകധ** "അന്യോന്യം ധൈര്യപ്പെടുത്തുക"; എൻഇബിപ നിങ്ങൾ **ചെയ്തുവരുന്നതുപേ ാലെ അന്യോന്യം പ്രോൽസാഹിപ്പിച്ച് വളർത്തുക**. അവർ അത് ചെയ്ത് വന്നിരുന്നതാണ്, എന്നാൽ പൗലൊസ് അത് കൂടുതൽ ചെയ്യുവാനാണ് ആവശ്യപ്പെട്ടത് (4:1 നോക്കുക). "പണിയുക" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്ക് οἰκοδομέω (*ഓയികൊഡൊമെയോ*) അർത്ഥം ഒരു കെട്ടിടം പണിയുന്നതുപോലെ, ശരിയായി ഉപയോഗിക്കുക എന്നതാണ്, എന്നാൽ പൗലൊസ് ഇവിടെ ഉദ്ദേശിച്ചത്, ക്രിസ്ത്യാനികളെ വിശ്വാസത്തിൽ പണി യുക എന്നതാണ്.[16]

പൗലൊസ് ആ സഹോദരന്മാരെ ഈ ലേഖനത്തിൽ ഇത് ആദ്യമായിട്ടല്ല പ്രബോധിപ്പിക്കുന്നത്, അതിനാൽ പരോക്ഷമായി നമ്മെയും "അന്യോന്യം പ്ര ബോധിപ്പിക്കുവാൻ" ആവശ്യപ്പെട്ടിരിക്കുകയാണ് (4:18 നോക്കുക). അന്യോന ്യമുള്ള നമ്മുടെ ക്രിസ്തീയ ഉത്തരവാദിത്തത്തെ ഊന്നി പറഞ്ഞിരിക്കയാണ് ഇതിൽ കൂടെ നമ്മുടെ സഹോദരന് ഒരു തകർച്ച നേരിട്ടാൽ, അത് നമ്മുടേതു കൂടെയാണ്, ഒരു സഹോദരന് ആത്മിയമായ ഒരാവശ്യം നേരിട്ടാൽ ആ പ്ര ശ്നം എന്റേതുകൂടെയാണ്. ദൈവ വചനം ഗൗരവമായി എടുക്കുന്ന ഏതൊരു സഹോദരനും സഹോദരനോടുള്ള ഉത്തരവാദിത്തം ഗൗരവമായി എടുക്കും.

### പ്രായോഗികമായ പ്രബോധനങ്ങൾ (5:12-22)

**12സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിഞ്ഞ് 13അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്ന് നിങ്ങളോട് അപേക്ഷിക്കുന്നു. തമ്മിൽ സമാധാനമായിരിപ്പിൻ. 14സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത് ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ; ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ; എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ; 15ആരും തിന്മക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; 16തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ; 17എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; 18എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം. 19ആത്മാവിനെ കെടുക്കരുത്; 20പ്രവചനം തുച്ഛീകരിക്കരുത്; 21സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ; 22സകലവിധ ദോ ഷവും വിട്ടകലുവിൻ.**

**വാക്യം 12, 13**. ഈ വാക്യം മുതൽ വാക്യം 22 വരെ ചില പ്രായോഗിക പ്ര

ബോധനങ്ങൾ വിപുലപ്പെടുത്തിയിരിക്കുകയാണ്. പൗലൊസിന് വേണമെങ്കിൽ അവരോട് കൽപിക്കാമായിരുന്നു, പക്ഷെ അവൻ **അപേക്ഷിക്കുകയായിരുന്നു,** കാരണം അവൻ സംസാരിക്കുന്നത് **സഹോദരന്മാരോട്** ആയിരുന്നു (5:4 ലെ ചർച്ച നോക്കുക).

അവരുടെ അദ്ധ്യക്ഷന്മാരെ **അഭിനന്ദിക്കുവാനായിരുന്നു** അവന്റെ ആദ്യത്തെ അപേക്ഷ. "അനുമോദിക്കുക" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് οἶδα (*ഓയിഡാ*). *ഓയിഡാ* അക്ഷരികമായി അർത്ഥമാക്കുന്നത്, "അറിയുക" (കെജെവി) എന്നാണ്, ഈ സന്ദർഭത്തിൽ "അറിയുന്നത്" "അഭിനന്ദിക്കുവാനും." "ബഹുമാനിക്കുവാനും" ആണ് (എൻഐവി).

''അറിയുവാനും,'' ''ബഹുമാനിക്കുവാനും'' പൗലൊസ് ആഗ്രഹിച്ച ആളുകൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളെല്ലലാം ചെയ്തു വന്നനിരുന്നു, കാരണം ഒരേ ഒരു ഗ്രീക്ക് ആർട്ടിക്കിൾ മാത്രമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

അവർ ധഅവർക്ക്പ **മദ്ധ്യേ ഉൽസാഹത്തോടെ** പ്രയത്നിച്ചി ധരുന്നു, പ "പ്രയത്നം" എന്നതിന്റെ മൂല വാക്ക് (κοπιάω *കോപിയാവോ*), കഠിന പ്രയത്നത്തെയാണ് ഉദ്ദേശിക്കുന്നത്. എല്ലാറ്റിലുമുപരി, അവർ വെറും തീരുമാനങ്ങൾ എടുക്കുന്നവർ മാത്രമായിരുന്നില്ല. അവർ ഇറങ്ങി, യാത്ര ചെയ്ത്, തങ്ങളെത്തന്നെയും, തങ്ങളുടെ സമയത്തെയും ത്യാഗപൂർണ്ണമായി ഉപയോഗിച്ചിരുന്നു.

**കർത്താവിൽ** അവർക്ക് ധഅവരെപ കുറിച്ച് ഒരു **ചുമതല ഉണ്ടായിരുന്നു,** എൻഈബി യിൽ "നിങ്ങളുടെ അദ്ധ്യക്ഷന്മാർ" എന്നാണ്. "നിങ്ങളുടെ മേൽ ചുമതലയുള്ള" എന്നതിന്റെ ഗ്രീക്ക് വാക്ക് (προΐστημι, *പ്രോയിസ്റ്റെമി*), അർത്ഥം, "തല (യായി) നേരിട്ട് ഭരിക്കുക,"[17] എന്നാണ്. ഇടവക്ക് നേരിട്ട് നിർദ്ദദേശങ്ങൾ നൽകുവാൻ കഴിവുള്ള അദ്ധ്യക്ഷന്മാരായിരുന്നു അവർ എന്ന് ഈ പ്രയോഗം വ്യക്തമാക്കുന്നു. "കർത്താവിൽ" എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത്, ആ അദ്ധ്യക്ഷന്മാർക്ക് ക്രിസ്തുവിന്റെ ആത്മിയ ശരീരമായ സഭയോട് ഉത്തതരവാദിത്തമുണ്ടായിരുന്നു എന്നാണ് (എഫെ. 1:22, 23).

അവർ ധഅവർക്ക്പ **നിർദ്ദേശങ്ങൾ** നൽകണമായിരുന്നു. "നിർദേ്ദശങ്ങൾ നൽകുക" എന്നതിനുള്ള ഗ്രീക്ക് വാക്ക് νουθετέω (*നൗതെറ്റെയോ*), മുതിർന്ന അദ്ധ്യക്ഷനിൽനിന്നും യുവ സഹോദരന് പകർന്നു കൊടുക്കുവാനുള്ള സാഹോദര്യ കൗണസലിങ്ങ് ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഒന്ന് കൊരിന്ത്യർ 4:14 ൽ ഇതേ വാക്ക് ഉപയോദിച്ച് തർജിമ ചെയ്തിരിക്കുന്നത് ("മുന്നറിയിക്കുക"; എൻഐവി) വാക്കിന് അൽപം വ്യക്തത വരുത്തുന്നു.

ഈ മൂന്നു കടമകൾ നിർവ്വഹിക്കേണ്ടത് സഭയിലെ ഏതു തരം ആളുകളാണ്? "മറ്റുള്ളവരുടെ മേൽ" എന്ന പ്രയോഗം യോജിക്കുന്നത് "മുപ്പന്മാർക്ക്" ആണ് (പ്രവൃ. 20:28; 1 തിമൊ. 5:17). "നിർദ്ദേശങ്ങൾ" "അദ്ധ്വാനം" എന്നിവയും മൂപ്പപന്മാർക്ക് യോജിക്കുന്നവയാണ്. മോറിസ് ഇതിനോട് യോജിച്ചു:

> ഒറ്റ ആർട്ടിക്കിളിനെ തുടർന്നു വരുന്ന മൂന്നു പാർട്ടിസിപ്പിളുകളാണ് ഇവിടത്തെ ഗ്രീക്ക് ഘടന. ഈ മൂന്നു പ്രവർത്തനങ്ങളും നടത്തേണ്ടത് ഒരേ വിധത്തിലുള്ള ആളുകളാണെന്ന് സ്പഷ്ടം, അല്ലാതെ മൂന്നു വ്യത്യസ്ത ഗ്രൂപ്പിൽ പെട്ടവരല്ല എന്നു സാരം. അതിൽനിന്നും ഈ സന്ദർഭത്തിൽ പ്രതിപാദിക്കുന്നത് സഭയിലെ മൂപ്പന്മാരെ കുറിച്ചാണെന്ന്

നമുക്ക് ഗ്രഹിക്കാവുന്നതാണ്. ആ മൂന്നു കടമകളും നിർവ്വഹിക്കുവാൻ സഭയിൽ വേറെ ആരുണ്ട്?[18]

"പ്രവാചകന്മാരുടെ പ്രവചനങ്ങളുമായി ഇതിന് ശക്തമായ സാമ്യമുണ്ടെന്ന്" റെയ്മണ്ട് സി. കെലി വിശ്വസിച്ചിരുന്നു.[19] അതായത്, വാക്യം 20 പ്രവചിച്ചിരുന്നവർ. റോബർട്ട്സൺ വിശ്വസിച്ചിരുന്നതുപോലെ, ഇവർ മൂപ്പന്മാർ തന്നെയെന്ന് ജെ.ഡബ്ലിയു. മെക്കാർവെയും ഫിലിപ് വൈ. പെൻലെറ്റണും വിശ്വസിച്ചിരുന്നു.[20] രണ്ടാമത്തെ കാഴ്ച്ചപ്പാട് തീർച്ചയായും മിക്കവാറും ശരിയാണ്.

എങ്ങനെയായാലും, ഒരുപക്ഷെ സഭ ആരംഭിച്ചിട്ട് അഞ്ചോ അല്ലെങ്കിൽ ആറോ മാസമെ ആയിരിക്കുവാനിടയുള്ളു, അപ്പോഴേക്കും മൂപ്പന്മാരെ നിയമിച്ചു കഴിഞ്ഞിരിക്കുമോ? അതിനെ കുറിച്ചുള്ള വിവരണം ഇവിടെ ലഭ്യമല്ല. അവർ തങ്ങളുടെ പരിവർത്തനത്തിന് മുൻപ് തന്നെ പക്വതയെത്തിവരായിരുന്നിരിക്കാം, മശിഹയായി കർത്താവിനെ അംഗീകരിച്ച് സുവിശേഷം അനുസരിച്ച് കഴിയുമ്പോൾ, ആത്മിയ പക്വതയിലായിരുന്നവരെ മൂപ്പന്മാരായി നിയമിച്ചിരിക്കാം.

ഇവിടെ വിവരിച്ച മൂപ്പന്മാരുടെ പ്രവൃത്തികൾ നമുക്ക് വീണ്ടും നോക്കാം. ആദ്യം പറഞ്ഞിരിക്കുന്നത് കഠിനാദ്ധ്വാനമാണെന്ന് തോന്നുന്നു. ക്ഷീണിതരാകുന്നതുവരെ പ്രവർത്തിക്കുന്നവരായിരിക്കും അവർ. താഴെ കൊടുത്തിരിക്കുന്ന പ്രയോഗം പ്രയത്നത്തിന്റെ സ്വഭാവത്തെ വിശദീകരിക്കുന്നതാകാം. അത് ഭാഗികമായി ആട്ടിൻ കൂട്ടങ്ങളുടെ "മേൽ" അതായത്, പ്രായോഗിക കാര്യത്തിൽ നേതൃത്വം വഹിക്കുകയും, ആട് പ്രവർത്തിക്കേണ്ടതുപോലെ പ്രവർത്തിക്കാതിരുന്നാൽ വേണ്ട തിരുത്തലുകൾ വരുത്തുവാനുള്ള ''നിർദ്ദേശം'' സ്നേഹത്തിൽ നൽകുകയും വേണം. ദൈവരാജ്യത്തിൽ "പ്രവർത്തിക്കുവാൻ" ഒരാളെ പ്രേരിപ്പിക്കുന്നതിന്റെ കാരണം സ്നേഹം ആണ് എന്ന് പൗലൊസ് നേരത്തെ പ്രസ്താവിച്ചിരുന്നു. (1:3).

അദ്ധ്യക്ഷന്മാരെ ഏറ്റവും **സ്നേഹത്തോടെ** വിചാരിക്കേണം (ἡγέομαι *ഹെഗെയോമായി*), മോറിസ് പറഞ്ഞതനുസരിച്ച് "അവരെ ഒരു വിധത്തിലും കുറച്ചു കാണരുത്''[21] എന്നർത്ഥം. മുപ്പന്മാരുടെ അപേക്ഷ ഒരിക്കലും അവഗണിക്കുവാനിടയാഗരുത് എന്ന് സാരം.

വില്യംസ് അഭിപ്രായപ്പെട്ടു:

> ഏറ്റവും സ്നേഹത്തോടെ എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് [ἡγέομαι] *ഹെഗെയോമായി* ["ബഹുമാനം"] പ, സാധാരണ അർത്ഥം വരുന്നത്, "പരിഗണിക്കുക," അല്ലെങ്കിൽ "എണ്ണുക" എന്നാണ്. ആ വാക്കിന്റെ ന്യൂട്രലായ വിധത്തിൽ (ഒ.വാ. 2 തെസ്സ. 2:15), എന്നാൽ ഇനിടെ ഉപയോഗിച്ച അഡ്വെർബും, [ὑπερεκπερισσῶς] *ഹൈപെരെക്പെരിസേ ാസ്* (3:10 ലെ ചർച്ച നോക്കുക), "സ്നേഹത്തിൽ" എന്ന അഡ്വെർബ്യൽ ഫ്രെയ്സും കൂടുതൽ ക്രിയാത്മകമായ അർത്ഥമാണ് നൽകുന്നത്. സഭാംഗങ്ങൾ അവരുടെ അദ്ധ്യക്ഷന്മാരെ അങ്ങനെ ബഹുമാനിക്കണം, കാരണം അവരുടെ യോഗ്യതകൾ കണക്കാക്കിയല്ല, പിന്നെയോ അവരുടെ പ്രവൃത്തികൾ നിമിത്തമാണ്, അവർ സഭയ്ക്കുള്ളിലും സഭയുടെ വ്യാപ്തിക്കായും അദ്ധ്വാനിക്കുന്നവരായതിനാൽ അവരെ

ഏറ്റവും സ്നേഹിക്കണം.[22]

ആ എണ്ണൽ അവർക്ക് നൽകിയിട്ടുള്ളതല്ല. അംഗങ്ങൾക്ക് അവരുടെ അധികാരത്തെ ഭയമുള്ളതുകൊണ്ടല്ല, മറിച്ച് അവരോടുള്ള പെരുമാറ്റം **സ്നേഹത്തിലായിരിക്കണം** എന്നാണ്, പൗലൊസ് വ്യക്തമാക്കിയത്. **അവരുടെ വേല** നിമിത്തമാണ് അവരോട് ഈ സ്നേഹം കാണിക്കേണ്ടത്. അംഗങ്ങൾ പാപത്തെ നീക്കികളഞ്ഞ് ആത്മിയമായി വളരുന്നതും രാജ്യം പുരോഗമിക്കുന്നത് കാണുന്നതുമായിരിക്കണം മൂപ്പന്മാരുടെ ഉദ്യമം. ഈ അർത്ഥത്തിലാണ് മൂപ്പന്മാർ പ്രാഥമികമായി തീരുമാനങ്ങൾ എടുക്കുന്നവർ മാത്രമായിരിക്കരുത് എന്നു പറയുന്നത്. പകരം, അവർ സ്നേഹിക്കുന്ന ഇടയന്മാരായി സഭയുടെ ഉയർച്ചക്ക് വേണി പ്രവർത്തിച്ച്, ഒരു നാൾ തങ്ങൾ ചെയ്ത ഓരോ നല്ല പ്രവൃത്തിയും എങ്ങനെ ചെയ്തു എന്നു ദൈവത്തോട് കണക്ക് കൊടുക്കണം (എബ്രാ. 13:17). തന്റെ സഹ ക്രിസ്ത്യാനികളോടുള്ള സ്നേഹം നിമിത്തം ആ വേല കാംക്ഷിച്ചിട്ടല്ലാതെ ആ രംഗത്തേക്ക് വരുന്നില്ല (തിത്തൊ. 1:8 താരതമ്യം ചെയ്യുക).

**വാക്യം 13. തമ്മിൽ സമാധാനമായിരിപ്പിൻ**. ഈ പ്രബോധനം, നിങ്ങളുടെ അദ്ധ്യക്ഷന്മാരെ ഏറ്റവും സ്നേഹത്തോടെ വിചാരിപ്പിൻ എന്ന കൽപനയുമായി അടുത്തിരിക്കുന്നു. അവർ ഇതിൽ പരാജപ്പെട്ടതിന്റെ ഫലമായി അവർക്കിടയിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിമർശനവും, ബഹുമാനരാഹിത്യവും ഉടലെടുത്തിരുന്നു. അദ്ധ്യക്ഷന്മാർ കഴിവുള്ളവരും പ്രവർത്തിക്കുവാൻ മനസുള്ളവരും ആയാൽ പോരാ, അവരെ അനുഗമിക്കുവാൻ മനസുള്ളവരും വേണം. എല്ലാ അംഗങ്ങളും അദ്ധ്യക്ഷന്മാരോടടക്കം എല്ലാവരോടും സമാധാനമായിരിക്കേണത് ആവശ്യമാണ് (മർ. 9:50; റോമ. 12:18; 2 കൊ. 13:11). ഒരു സഹോദരന് അദ്ധ്യക്ഷന്മാരിൽനിന്നോ ഒരു സഹോദരനിൽനിന്നോ വിയോജിപ്പ് മൂലം നിരാശ അനുഭവപ്പെട്ടാൽ, സമാധാനത്തിനായി ആ സഹോദരന്റെ അടുക്കകലേക്ക് പോകുകയാണ് വേണ്ടത്. അങ്ങനെ ചെയ്യയുമ്പോൾ പൊതുവിൽ കാര്യങ്ങൾ മനസിലാക്കുവാൻ കഴിയും. കൂടാതെ, തന്റെ വഴിക്ക് പോകാത്ത എന്തിനേയും വിമർശിക്കുവാനുള്ള പ്രവണതയും ഒഴിവാകും. ഓരോ ക്രരിസ്ത്യാനിയും താൻ അംഗമായിരിക്കുന്ന ഇടവകയിൽ എല്ലാവരോടും സമാധാനമായിരിക്കുവാൻ ആവശ്യമായതെല്ലാം ചെയ്യണം.

**വാക്യം 14**. മറ്റൊരു കൂട്ടം പ്രബോധനങ്ങളിലേക്കാണ് പിന്നെ പൗലൊസ് കടക്കുന്നത്. **സഹോദരന്മാരേ**, ഞങ്ങൾ നിങ്ങളോട് **അപേക്ഷിക്കുന്നത്** ധ "പ്രബോധിപ്പിക്കുന്നത്"; ആർഎസ്വിപ **ക്രമം കെട്ടവരെ** ബുദ്ധിയുപദേശി ധപ്പിൻപ. അല്ലെങ്കിൽ "അലസരായിരിക്കുന്നവരെ (എൽഐവി) മുന്നറിയിക്കുക." "പ്രബോധനം" എന്നതിന്റെ ഗ്രീക്ക് വാക്ക് νουθετέω (*നൗതെറ്റെയോ*), അർത്ഥം "പ്രബോധിപ്പിക്കുക, മുന്നറിയിക്കുക, നിർദ്ദേശിക്കുക" (വാ. 12 കൂടെ നോക്കുക).[23] "ക്രമം കെട്ടവർ," എന്നതിന്റെ ഗ്രീക്ക് വാക്ക് ἄτακτος (*അടാക്ടോസ്*), പൗലൊസ് മുൻപ് ഉപയോഗിച്ച ഭടൻ എന്ന അലങ്കാരത്തിലേക്ക് മടഹ്ങി വരികയും (5:8) ഒരു ഭടൻ മാർച്ചിൽ മറ്റു ഭടന്മാരോടൊപ്പം ആകാതിരിക്കുന്നനതിനെയാണ് സൂചിപ്പിക്കുന്നത്. അയാൾ പുറകിൽനിന്ന് മുൻപോട്ടുള്ള സ്റ്റെപ്പുകൾ വെക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. *അടക്ടോസ്* പലപ്പോഴും ഉപയോഗിച്ചിട്ടുള്ളത് മടിയന്മാരെ ഉദ്ദേശിച്ചാണ് എന്ന് ജോർജ്

മിവ്വിഹൻ നിരീക്ഷിച്ചു,[24] തെസ്സലൊനിക്യയിൽ ചിൽ അത്തരക്കാരായിരുന്നു (2 തെസ്സ. 3:11).

ആ വാക്കിന്റെ സാധാരണ നിർവചനം, ''ക്രമം കെട്ട'' എന്നാണ്, എന്നാൽ, മാർഷെൽ ശരിയായി പറഞ്ഞു, ''സാധാരണ തൊഴിലാളി ജീവിതത്തെ ഉറപ്പിക്കുന്നതും, ധപ്രത്യേകപ ക്രമെകെട്ട അവസ്ഥകൾ മനസിൽ വെച്ചുകൊണ്ടായിരിക്കാം വേല ചെയ്യുവാനുള്ള മടിയായിപറയുന്നനത്."[25]

ക്രിസ്തു വേഗം വരുമെന്നുള്ളതുകൊണ്ട് ജോലിക്ക് പോകുന്നത് അർത്ഥശൂന്യമാകുമെന്നു വിചാരിച്ച് ദൈനംദിന ജോലികളൊന്നും ചെയ്യാതെ മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുവാൻ തുടങ്ങി. അത്തരം പരിശീലനത്തെയാണ് പൗലൊസ് ഘണ്ഡിച്ചത്. താന്താന്റെ ഉപജീവനത്തിന ും മറ്റുള്ളവരെ സഹായിക്കുന്നതിനും ആവശ്യമായ പണത്തിന് ക്രിസ്ത്യാന ികൾ അദ്ധ്വാനിക്കണം (കൂടാതെ എഫെ. 4:28 നോക്കുക). അലസത പല വിധ ദോഷങ്ങൾക്കും കാരണമാകുമെന്നതിനാൽ, ദൈവേഷ്ടത്തിൽന ിന്നനു വ്യതിചലിച്ചുപോകുന്നവരെ ഗൗരവമായി "മുന്നറിയിക്കുകയും," "പ്രബോധിപ്പിക്കയും" വേണമെന്ന് പൗലൊസ് നിർദ്ദദേശിച്ചു. വീണ്ടും, ഇത് ഓരോ ക്രിസ്ത്യാനിക്കും മറ്റു സഹോദരങ്ങളോടുള്ള ഉത്തരവാദിത്തെയുമാണ് കാണിക്കുന്നത്.

ഇതിനോടൊപ്പം തന്നെ, **ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ** എന്നും അവരോട് പൗലൊസ് പറഞ്ഞിരിക്കുന്നു. വിവിധ തർജിമകൾ പരിശോധിച്ചാൽ, ഗ്രീക്ക് പ്രയോഗം തർജിമ ചെയ്യുന്നനത് പ്രയാസമാണെന്ന് ബോധ്യമാകും, എന്നാൽ എൻഏഎസ്ബിയുടെ തർജിമ നല്ലതാണെന്ന് തോന്നുന്നു. ചിലതിൽ, നാം നേരത്തെ കണ്ടതുപോലെ:"ഫെയിന്റ് ഹാർട്ടഡ്" എന്നാണ് (4:13–18), തങ്ങളുടെ പ്രിയപ്പെട്ടവർ മരിച്ചുപോയതിനാൽ, ക്രിസ്തു മടങ്ങിവരുമ്പോഴത്തെ വലിയ സംഭവത്തിൽ അവർ പങ്കാളികളാകുകയില്ലല്ലൊ എന്നതായിരുന്നു അവരുടെ ചിന്ത, നിരാശയിലായിരിക്കുന്നവരെ തന്റെ ഉപ ദേശത്താൽ "ആശുവസിപ്പിക്കുവാൻ" ആയിരുന്നു പൗലൊസ് ആവശ്യപ്പെട്ടത് (4:18).

അവർ **ബലഹീനരെ താങ്ങുകയും ചെയ്യണമായിരുന്നു**. "താങ്ങുക" എന്നതിന്റെ ഗ്രീക്ക് വാക്ക് ἀντέχω (*ആന്റെകോ*) ചില കാര്യങ്ങളിലോ, അല്ലെങ്കിൽ വ്യക്തികളിലോ ''ശക്തമായ താല്പര്യം'' പ്രകടിപ്പിക്കുക എന്നർത്ഥം.[26] ആത്മിയമായി "ബലഹീനരായിരിക്കുന്നവരും" "സഹായം" ആവശ്യമായിരിക്കുന്നവരുമായ ആളുകളെ കുറിച്ച് പൗലൊസ് വിചാരപ്പെട്ടിരുന്നു. ജീവിതത്തിൽ താഴ്ന്നു പോയവരെ പിടിച്ചുയർത്തി താങ്ങി ഉത്തേജിപ്പിക്കുവാൻ ആളുകളുണ്ടാകുന്നത ആത്മിയ വളർച്ചക്ക് സഹാ യകരമാണ്. ശക്തരായവർക്ക് ബലഹീനരോട് വ്യക്തമായ കടമയാണുള്ളത് (റോമ. 15:1).

ഈ പ്രബോധനങ്ങളിൽനിന്ന് വ്യത്യസ്തരായ ആളുകളിലേക്ക് തിരിഞ്ഞ്, പൗലൊസ് സഭക്ക് മൊത്തത്തിൽ ആവശ്യമായ പോയന്റിലേക്കാണ് പൗലൊ സ് കടക്കുന്നത്. **എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ**. അതായത്, "എല്ലാ മനുഷ്യരോടും," സൗമ്യതയോടെ, ക്ഷമയോടെ തുടർച്ചയായി ഇടപെടുക. നമ്മുടെ താൻപ്രമാണിത്തത്തെ തൃപ്തിപ്പെടുത്തുവാനല്ല, മറിച്ച് മറ്റുള്ളവരെ സഹായിക്കുന്നതും സേവിക്കുന്നതുമാണ് പ്രധാനം.

**വാക്യം 15. ആരും തിന്മക്ക് പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ**

എന്നാണ് പൗലൊസ് പറഞ്ഞത്. പകരം വീട്ടുക എന്ന സ്വാഭാവിക പ്രതികരണത്തെ വിലക്കുന്നതാണ് ഈ കൽപന. (റോമ. 12:17 താരതമ്യം ചെയ്യുക). ഈ ഉപദേശത്തിന്റെ മറ്റൊരു വശം തതത (*ഹൊറേറ്റ്*, വരുന്നത്, തതത *ഹൊരാവോ*), എന്നത് തർജിമ ചെയ്തിരിക്കുന്നത് "കാണുക" എന്നത് ബഹുവചനമാണ്, അതിൽനിനനും അത് ഒരു കൂട്ടം ആളുകളെയാണ് സംബോധന ചെയ്തത് എന്നു സാരം. ഫ്രെയിം എന്ന പണ്ഡിതൻ പറഞ്ഞു, "ഏതെങ്കിലും ഒരംഗം (*റിക്*) ക്ഷമ നഷ്ടപ്പെട്ട് പകരം വീട്ടുവാൻ തയ്യാറായാൽ, അത് ഇടവകയെ മൊത്തത്തിൽ ബാധിക്കും എന്നാണ്. ..."[27]

രണ്ട് സഹോദരങ്ങൾ തമ്മിൽ തെറ്റുകൊണ്ട് തെറ്റിനെ നേരിടുവാൻ കൊമ്പ് കോർക്കാതെ ഇടവക സൂക്ഷിക്കണം. അങ്ങനെ എന്തെങ്കിലും സംഭവിക്കുവാൻ തുടങ്ങിയാൽ, അവരെ അധ്യക്ഷന്മാരും മറ്റംഗങ്ങളും ചേർന്ന് തുടരുവാൻ അനുവദിക്കാതിരിക്കണം. സഹോദരന്മാർ **തമ്മിൽ തമ്മിൽ നന്മ മാത്രമാണ് അന്വേഷിക്കേണ്ടത്**. ആർക്ക് വേണ്ടി ചെയ്യുന്നുവോ, അയാൾപ്പ് പ്രയോജനം ചെയ്യുന്നതാണ് "നന്മ." പ്രയാസമാണെങ്കിലും, ആരെങ്കിലും നമുക്ക് ദോഷം ചെയ്താൽ, അയാൾക്ക് സഹായകരമായ നന്മ ചെയ്യുമ്പോൾ, അയാളുടെ "തീക്കനൽ കുന്നിക്കുകയാണ്." (റോമ. 12:20; സദൃശ. 25:21, 22 നോക്കുക). "തീക്കനൽ" ഉപയോഗിക്കുന്നത് അയാളെ ദഹിപ്പിച്ചുകളയുന്നതിനായിട്ടല്ല, മറിച്ച്, അയാളുടെ കാഠിന്യം "ഉരുക്കി," പിരിമുറുക്കത്തിന് അയവ് വരുത്തുവാനാണ്. ക്രിസ്ത്യാനികൾ അ-ക്രൈസ്തവരോടടക്കം **എല്ലാവരോടും** ഇങ്ങനെയാണ് പെരുമാറേണ്ടത്. (ഈ ലേഖനത്തിൽ പൗലൊസിന് അ-ക്രൈസ്തവരോടുള്ള സമീപനം നോക്കുക [3:12; 4:12] ഗലാ. 6:10 ലെ പ്രസ്താവനയും നോക്കുക. കൂടാതെ 1 പത്രൊ. 3:9 ലെ പത്രൊസിന്റെ പ്രസ്താവനയും, മത്താ. 5:38–41.)

**വാക്യങ്ങൾ 16, 17.** തമ്മിൽ ഓരോരുത്തരും എങ്ങനെ പെരുമാറണമെന്ന് നിർദ്ദേശിച്ച ശേഷം, പൗലൊസ് ജീവിതത്തോടുള്ള അവരുടെ മനോഭാവം എന്തായിരിക്കണമെന്ന് എടുത്തുകാണിക്കുകയും, അതിൽ **എല്ലായ്പോഴും** എങ്ങനെ **സന്തോഷിക്കാം** എന്നും പ്രബോധിപ്പിച്ചിരിക്കുന്നു. നമ്മുടെ കഴിഞ്ഞ കാല പാപങ്ങളിൽനിന്നു നമ്മെ രക്ഷിച്ച്, നമ്മെ നിത്യമായി രക്ഷിക്കാമെന്ന ഉറപ്പായി പരിശുദ്ധാത്മാവിനെ അച്ചാരമായി നൽകുകയും ചെയ്തിരിക്കുന്നു (എഫെ. 1:13, 14; റോമ. 8:32). ബുദ്ധിമുട്ട് ഉണ്ടെങ്കിലും, ക്രിസ്ത്യാനികൾക്ക് സന്തോഷിക്കുവാൻ പല കാരണങ്ങളുണ്ട്.

വാസ്തവത്തിലുള്ള ക്രിസ്തീയ സന്തോഷം അത്യധികം പ്രാർത്ഥനയും സ്തോത്രവും ദൈവത്തോട് പ്രകടിപ്പിക്കും. അതുപോലെ, പാരയാദസതാതീലൂം വാസ്തവത്തിലുള്ള ക്രിസ്ത്യാനികൾ ദൈവത്തോട് ആശയവിനിമയം ചെയ്തുകൊണ്ടിരിക്കും. അങ്ങനെ അയാൽ **ഇടവിടാതെ പ്രാർത്ഥിക്കും.** ഇവിടെ മോറിസ് ശ്രദ്ധിച്ചത്, പൗലൊസ് ഉപയോഗിച്ച വാക്ക് "προσεύχεσθε [*പ്രൊസെചെസ്തേ*], അത് ദൈവത്തോടുള്ള കാഴ്ച്ചയെ, ധ്യാനത്തെ പ്രകടമാക്കുന്നു, അല്ലാതെ δέομαι [*ഡിയോമായി*], അത്, ഒരാളുടെ ആവശ്യത്തേക്കാൾ ശ്രദ്ധയെ ആകർഷിക്കുന്നു. ... Προσεύχομαι [*പ്രോസുക്കോമായി*] കുടുതൽ മനസിലാക്കി തരുന്ന വാക്കാണ്, പ്രാർത്ഥനക്കുള്ള മറ്റു വാക്കുകളും ഉൾപ്പെടുത്തുവാൻ കഴിയും."[28]

തീർച്ചയായും, ക്രിസ്ത്യാനികൾ എപ്പോഴും മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കണം എന്ന അർത്ഥത്തിലല്ല പൗലൊസ് പറഞ്ഞത്. പകരം,

അവൻ അർത്ഥമാക്കിയത്, ക്രിസ്ത്യാനികൾ നിരന്തരം ദൈവസാന്നിധ്യം അനുഭവിക്കുവാനായി, എപ്പോഴും പിതാവിനോട് ദിവസത്തിൽ കഴിയുമെങ്കിൽ പല പ്രാവശ്യം സംസാരിക്കയും അവനിൽ ആശ്രയിക്കുകയും ചെയ്യണം (റോമ. 12:12; എഫെ. 6:18; ലൂക്കൊ. 18:1).

**വാക്യം 18**. വാക്യം 17 ൽ പൗലൊസ് സംസാരിച്ച പ്രാർത്ഥന, ഏതു സാഹചര്യത്തിലും എല്ലാറ്റിലുമുപരി **എല്ലാറ്റിനു വേണ്ടിയും** നന്ദി ചെലുത്തുന്നത് അഥവാ **സ്തോത്രം** ചെയ്യുന്നതും ആണ്. ഇവിടെ പ്രതിപ ാദിക്കുന്ന പ്രയോഗം ἐν παντὶ [*എൻപാന്റി*] എല്ലാ സമയത്തും എന്നല്ല അർത്ഥം, പിന്നെയോ, ത 'ീർച്ചയായും കക കൊ. 9:8 ലെ πάντοτε [*പാന്റോടേ*] അതായത്,' എല്ലാ സാഹചര്യത്തിലും എന്നാണ് മോറിസ് നിരീക്ഷിച്ചത്.[29] ഏതു സാഹചര്യത്തിലും, എല്ലാ സാഹചര്യത്തിലും കഴിയുവാൻ ഞാൻ ശീലിച്ചിരിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (ഫിലി. 4:12).

കാര്യങ്ങൾ ശരിയായി നീങ്ങുമ്പോൾ നാം ദൈവത്തിന് നന്ദി പ്രകാശിപ്പിക്കണം (2:13), എന്നാൽ, നമ്മുടെ പരീക്ഷണങ്ങളിലും ദൈവത്തിന് സ്തോത്രം ചെയ്യണം "വിശ്വാസത്തിലുള്ള പരീക്ഷണങ്ങൾ നമുക്ക് സഹിഷ്ണുത ലഭിക്കും" (യാക്കൊ. 1:3). **നിങ്ങൾ ചെയ്യുവാനുള്ള ദൈവേഷ്ടമാണ്** അത്. ഈ പ്രസ്താവന സൂടിപ്പിക്കുന്നത് "സ്തോത്രം ചെയ്യുവാൻ" മാത്രമല്ല, "എപ്പോഴും സന്തോഷിക്കുവാനും" ആണ്. **ക്രിസ്തുയേശുവിൽ** നാം സ്വീകരിക്കേണ്ട ജീവിതവും മനോഭാവവും ഇതാണ്, അതായത്, അവന്റെ ശരീരത്തിൽ (റോമ. 6:3, 4; എഫെ. 1:22, 23 താരതമ്യം ചെയ്യുക), അവന്റെ ഭവനമായി. ദൈവത്തോടുള്ള നന്ദി നമ്മുടെ ഉള്ളിൽ തോന്നിയാൽ പോരാ, അത് നാം പ്രകടിപ്പിക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം.

**വാക്യം 19**. ഇവിടെ പ്രതിപാദിക്കുന്നത് ധപരിശുദ്ധാപ**ത്മാവിനെ** കുറിച്ചാണ്, ദൈവികത്വത്തിലെ മൂന്നാമത്തെ വ്യക്തി, ദൈവത്തെ അനുസരിക്കുമ്പോൾ, അനുസരിക്കുന്നവരിലേക്ക് ദൈവം തന്റെ ആത്മാവിനെ അയക്കുന്നു (പ്രവൃ. 5:32). നമ്മിൽ തരുന്ന പരിശുദ്ധാത്മാവ് തീ പോലെ ആണെന്നാണ് പൗലൊസ് പറഞ്ഞത്, അത് ഒരു അലങ്കാരമായിട്ടാണ് പറയുന്നത്, മറ്റുഭാഗങ്ങളിലും അത്തരം ഉപയോഗം കാണാം (പ്രവൃ. 2:3; 2 തിമൊ. 1:6), ആത്മാവിനെ **കെടുക്കരുത്** എന്നും അവൻ പറയുന്നു, അല്ലെങ്കിൽ "അണെക്കരുത്" (എൻഐവി) ആത്മാവിന്റെ തീ. "കെടുക്കുക" എന്നതിന് ഉപയോഗിച്ചിരിക്കുന്നത് ജ്വാല അണക്കുന്നതിന് സാധാരണ ഉപയോഗിക്കുന്ന വാക്കാണ് (മത്താ. 25:8; മർ. 9:48).

"കെടുക്കരുത്" എന്ന വാക്കിനെ (σβέννυμι, *ഷെമൂമി*), റോബർട്ട്സൺ പറഞ്ഞു, "മി എന്ന പ്രെസന്റ് ഇംപെരേറ്റിവ് ഉപയോഗിച്ചതിന്റെ അർത്ഥം, ചെയ്യുന്നത് നിർത്തുക അല്ലെങ്കിൽ അത് ചെയ്തുകൊണ്ടിരിക്കുന്ന സ്വഭാവം നിർത്തുക."[30]

"ആത്മാവിനെ കെടുക്കുക" എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? മെക്ഗാർവേ, പെൻലെറ്റൺ, മോറിസ് തുടങ്ങിയ പലരും വിശ്വസിക്കുന്നത്, പൗലൊസ് ഇവിടെ ആത്മാവിന്റെ വിശാലമായ പ്രവർത്തനത്തെയാണ് വ്ശദമാക്കുന്നത് എന്നാണ്, അതായത്, സുവിശേഷം അനുസരിക്കുന്നവരിൽ ലഭിക്കുന്ന അത്ഭുത-രഹിതമായ ആത്മാവിന്റെ പ്രവർത്തനം നമ്മിൽ നടക്കുന്നത് (പ്രവൃ. 5:32), നാം ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റു ദൈവമക്കൾ ആകുമ്പോഴാണ് ആത്മാവ് ലഭിക്കുന്നത് (റോമ. 6:3, 4; ഗലാ. 4:6,

7). അതുകൊണ്, വേല ചെയ്യുന്നതിന് തടമസായ അലസത, അശുദ്ധി, കോപ ം, ആത്മാവ് ഉപദേശിച്ചിരിക്കുന്നതിന് എതിരാണ് (യോഹ. 16:13), അത്തരം പ്രവൃത്തികചറപ, ക്രിസ്ത്യാനിയുടെ ഉള്ളിൽ നൽകിയിരിക്കുന്ന ആത ാമാവിനെ "കെടുക്കുന്ന'ധ" അല്ലെങ്കിൽ "അണെക്കുന്ന" താണ്. ആ വാക്കിന് വിരുദ്ധമായ എന്തു തന്നെ ആയാലും, നമ്മുടെ ജീവിതത്തിൽ വരുമ്പോൾ, അത് ആത്മാവിനെ "കെടുക്കുകയോ" അല്ലെങ്കിൽ "അണെക്കുകയോ" ചെയ്യും.

പൗലൊസ് ഈ സന്ദർഭത്തിൽ പറയുന്നത് അന്യഭാശാ വരം, രോഗശാന്തി വരം തുടങ്ങിയ അത്ഭുത വരങ്ങളെ കുറിച്ചാണ് (1 കൊ. 12:28), അവ ഒന്നാം നൂറ്റാണ്ടിൽ ഏതാനും വ്യക്തികൾക്കു മാത്രം നൽകിയവയായിരുന്നു (1 കൊ. 12:29 നോക്കുക). അത് ഏതാണ്ട് കത്തിക്കൊണിരിക്കുന്ന തീയിലേക്ക് മണൽ വാരി എറിയുന്നതുപോലെയാണ്, പൗലൊസിന്റെ കയ്യാൽ അത്ഭുത വരങ്ങൾ ലഭിച്ചവരായിരുന്നു തെസ്സലൊനിക്യയിലുള്ളവർ (പ്രവൃ. 8:18 താ രതമ്യം ചെയ്യുക). ആത്മാവിന്റെ ജ്വാലയെ കത്തിക്കുന്നതിനു പകരം അവർ കെടുത്തി കളയുവാൻ ശ്രമിക്കുകയായിരുന്നു. ആ വാദം ശരിയാണെന്ന് വാക്യം 20 വായിക്കുമ്പോൾ നമുക്ക് മനസിലാകും. പരിശുദ്ധാത്മാവിന്റെ വരങ്ങൾ അന്ന് അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ ലഭിച്ചത് ഇന്നു നമുക്ക് ലഭ്യമല്ലാത്തതിനാൽ നാം പരിശുദ്ധാത്മാവിനെ പ്രാപിച്ചുകഴിഞ്ഞാൽ, ആത്മാവിനെ കെടുക്കരുത്.

**വാക്യം 20**. വാക്യം 19 ലെ പൊതുവായ പ്രബോധനത്തിൽനിന്ന്, പൗലൊസ്, പ്രത്യേകമായ പ്രവചന വരത്തിലേക്ക് തിരിഞ്ഞു. എഫെസ്യർ 4:11 ൽ, പൗലൊസ് എഴുതി, "അവൻ ചിലരെ അപ്പൊസ്തലന്മാരായും, തിലരെ പ്രവാചകന്മാരായും ..." ഒന്നാം നൂറ്റാണ്ടിലെ സഭയിൽ, ആരംഭത്തിൽ, അപ്പൊസ്തലന്മാർ ദൈവേഷ്ടം വെളിപ്പെടുത്തി, എന്നാൽ, പ്രവാചകന്മാർക്കും "വെളിപ്പാട്" ലഭിച്ചു (1 കൊ. 14:29–32, പ്രത്യേകമായി വാ. 30 നോക്കുക), അപ്പൊസ്തലന്മാർ വെളിപ്പെടുത്തിയതിനെ പ്രായോഗികമായി വിപ ുലപ്പെടുത്തുകയായിരിക്കാം ചെയ്തത്. എങ്ങനെയായാലും, ക്രിസ്തു അവർക്ക് നൽകിയ അത്ഭുത വരത്താലായിരുന്നു ആ ദൈവശ്വാസിയ പുരുഷന്മാരിൽ കൂടെ ദൈവം സംസാരിച്ചത്. അതുകൊണ്ട്, അവരുടെ **പ്രവചന പ്രഖ്യാപനങ്ങളെ** അക്ഷരികമായി ഒന്നും "എടുത്തുമാറ്റുവാനോ," **തുഛീകരിക്കുവാ** [നോ] പാടില്ലായിരുന്നു.

"പ്രവചന പ്രഖ്യാപനങ്ങൾ" എന്നതിന്റെ ഗ്രീക്ക് വാക്ക് προφητεία (*പ്രോഫെടെയിയാ*), തെസ്സലൊനിക്യയിലെ ചിലർ തുഛീകരിച്ചിരുന്നു. ബ്ര ൂസ് പറഞ്ഞു, "പിന്നീട് കൊരിന്ത്യയിലുണ്ടായതുപോലെയുള്ള പ്രവണത തെസ്സലൊനിക്യയിലുണ്ടായിരുന്നേക്കാം, അതായത്, പ്രവചനവരത്തേക്കാൾ മഹനീയമായ വരങ്ങളുണ്ടെന്ന് ധരിച്ചു."[31] പ്രവാചകന്മാരുടെ "പ്രവചനങ്ങൾ," ദൈവത്തിൽനിന്നുള്ളവയായിരുന്നു എങ്കിലും, ക്രിസ്ത്യാനികൾ അവരെ പ്ര വാചകന്മാരായി അംഗീകരിക്കാതെ തള്ളിക്കളഞ്ഞിരുന്നു എന്നാണ് മോറിസ് വിചാരിച്ചത്.[32] ആ വ്യാഖ്യാനം സംശയാസ്പദമാണ്.

ആ പ്രവാചകന്മാരെ നിഷേധിക്കുന്നത്, ആ വെളിപ്പാട് നൽകിയ ദൈവത്തെ തന്നെയാണ് നിഷേധിക്കുന്നത്. പൗലൊസ് പറഞ്ഞതനുസരിച്ച്, ആ "പ്ര വചനങ്ങൾ" (പൊതുവിൽ വർത്തമാനകാലത്തിൽ ആവശ്യമാ ഉപദേശങ്ങളും, ചിലപ്പോൾ ഭാവിയിലേക്കുള്ള മുന്നറിയിപ്പുകളും ഉൾപ്പെടുന്നവയായിരുന്നു; പ്രവൃ. 11:27, 28 വായിക്കുക) വളരെ പ്രാധാന്യമുള്ളതായി കണക്കാക്കണം,

അത് അന്യഭാഷാ വരത്തേക്കാൾ ശ്രേഷ്ഠമായിരുന്നു. പൗലൊസ് എഴുതി, "ആത്മികവരങ്ങളും, വിശേഷാൽ പ്രവചന വരവും വാഞ്ഛിപ്പിൻ" (1 കൊ. 14:1). പിന്നെ അവൻ പറഞ്ഞത്, "പ്രവചന നം സഭക്ക് ആത്മികവർദ്ധന വരുത്തുന്നു ... പ്രവചിക്കുന്നവൻ അന്യഭാഷാവരമുള്ളവനേകക്കാൾ വലിയവൻ" എന്നാണ് (1 കൊ. 14:4, 5).

തെസ്സലൊനിക്യ സഭയിൽ ധാർമ്മികമായ ചില പോരായ്മകളും (4:1 ന്റെ ചർച്ചകൾ നോക്കുക), ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള ചില തെറ്റിദ്ധാരണയും (4:13–5:11) ഉടലെടുക്കുവാനുള്ള ഒരു കാരണം, അവർ അന്നത്തെ പ്രവചനങ്ങൾ സ്വീകരിച്ചില്ല എന്നതായിരുന്നു. അത് തെറ്റാണെന്ന് പൗലൊസ് പറഞ്ഞു. കള്ളപ്രവാചകന്മാരുടെ ആവിർഭാവമായിരിക്കാം എല്ലാ പ്രവാചകന്മാരെയും അവർ തള്ളിക്കളയുവാനിടയായ സാഹചര്യം (1 യോഹ. 4:1; 2 തെസ്സ. 2:1–3 താരതമ്യം ചെയ്യുക).

സഭയിൽ ഇന്ന്, നാം മുൻപ് കണ്ടതുപോലെ, ദൈവശ്വാസിയ "പ്രവാചകന്മാർ" ഇല്ലെങ്കിലും, ദൈവ വചനം അറിയിക്കുവാൻ നമുക്ക് തുമതലപ്പെടുത്തിയ ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും ഉണ്ട്. ദൈവം അരുളിച്ചെയ്ത വചനപ്രകാരമല്ല അയാൾ സംസാരിക്കുന്നത് എന്നു തെളിയുന്നതുവരെ, നാം അതിനെ "തുഛീകരിക്കരുത്". അത്തരം ഉപദേശം സ്വീകരിക്കുവാനുള്ള ഉത്തരവാദിത്തം നമുക്ക് ഉണ്.

**വാക്യം 21.** വീണ്ടും, അവരെ വഞ്ചിച്ച കള്ളപ്രവാചകന്മാരിൽനിന്ന് തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾക്ക് അനുഭവപ്പെട്ടിരിക്കാം. 1 യോഹന്നാൻ 4:1 ൽ, "കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് കടന്നിരിരിക്കയാൽ, ഏതാത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ" എന്നു പറഞ്ഞിരിക്കുന്നു. 2 തെസ്സലൊനിക്യർ 2:1–3 ൽ, പൗലൊസ് മുന്നറിയിക്കുന്നത്, ചില വഞ്ചുകരെ സൂക്ഷിച്ചുകൊള്ളുവാനാണ്. അവർ അങ്ങനെ വഞ്ചിതരായതിനാൽ, വീണ്ടും "ചതിയിൽ അകപ്പെടാതിരിപ്പാൻ" ആയിരിക്കാം പ്രവാചകന്മാരായ എല്ലാവരെയും അവർ തള്ളിക്കളയുവാനുള്ള കാരണം. "എല്ലാ പ്രവചനങ്ങളെയും" അവർ തുഛീകരിക്കുവാനിടയായ സാഹചര്യം ഇതായിരിക്കാം. അത് ശരിയല്ല എന്നാണ് പൗലൊസ് പറഞ്ഞത്. മറിച്ച്, അവർ **എല്ലാം ശോധന ചെയ്യുവാനാണ്** അല്ലെങ്കിൽ "എല്ലാറ്റിന്റേയും തെളിവ്" (കെജെവി) നോക്കുവാനാണ് അവൻ പറഞ്ഞത്. തീയതിനെ മാത്രം വെറുക്കുകയും **നല്ലതിനെ** മുറുകെ പിടിക്കുവാനുമാണ് അപ്പൊസ്തലൻ അപേക്ഷിച്ചത്. ബ്രൂസ് ശ്രദ്ധിച്ചത്, ഇവിടത്തെ ഗ്രീക്ക് വാക്ക് πάντα (*പാന്റാ*) "അകുസേറ്റിവ് സിങ്കുലറിന് പകരം ന്യൂട്ടർ പ്ലൂറൽ" ഉപയോഗിച്ചിരിക്കയാൽ, "എല്ലാ വ്യക്തികളും," എന്നല്ല മറിച്ച്, "എല്ലാം"[33] എന്നാണ് എടുക്കേണ്ടത് എന്നാണ്.

തെസ്സലൊനിക്യയിലുള്ളവർ, അതിരു കടന്നുപോകാതെ, സത്യപ്രവചനങ്ങളും കള്ളപ്രവചനങ്ങളും തമ്മിൽ തിരിച്ചറിയുവാനായിരുന്നു ശീലിക്കേ**ണ്ണി**യിരുന്നത്. പൗലൊസിന്റെ അത്ഭുതങ്ങളിൽനിന്നും ഉപദേശങ്ങളിൽനിന്നും അവർ കാണുകയും കേൾക്കുകയും ചെയ്തവയുമായി താരതമ്യം ചെയ്ത്, അതിനു വിരുദ്ധമായ കാര്യങ്ങളെ ത്യജിക്കുകയും, അതിനനുസരിച്ചുള്ളവയെ അവർ സ്വീകരിക്കയും ചെയ്യണമായിരുന്നു. കൂടാതെ സത്യവും അസത്യവും വേർതിരിച്ചറിയുവാനായി അവർക്ക് ആത്മവരങ്ങളും നൽകിയിരുന്നു (1 കൊ. 12:10; 14:29). അത് ഉപയോഗിക്കുവാനും

ഒരുപക്ഷെ പൗലൊസ് പറഞ്ഞിരിക്കാം. തിരിച്ചറിവ് നടത്തിക്കഴിഞ്ഞാൽ അവർ നല്ലതു മുറുകെ പിടിക്കണമായിരുന്നു. അതായത്, അതിനെ സ്വീകരിക്കയും, പരിശീലിക്കയും, മറ്റുള്ളവരെ പഠിപ്പിക്കയും വേണമെന്നർത്ഥം.

ഇന്ന് നമുക്ക് പരിശുദ്ധാത്മാവിന്റെ ആത്മവരങ്ങളില്ല, കാരണം അവ നൽകിയിരുന്നത് അപ്പൊസ്തലന്മാരുടെ കൈവെപ്പിനാലായിരുന്നു (പ്രവൃത്തികൾ 8:17, 18), അപ്പൊസ്തലന്മാരെല്ലാവരും മരിച്ചും പോയി. എങ്ങനെയായാലും, "[പൗലൊസ്] ഉപയോഗിച്ച വാക്കുകൾ എല്ലാ കാര്യങ്ങളെ കുറിച്ചും പൊതുവായിട്ടാണ്, അതിൽ ആത്മിയ വരങ്ങളെ വാഞ്ഛിപ്പാനും പറഞ്ഞു"[34] മറ്റൊരു വാക്കിൽ പറഞ്ഞാലും, ദൈവത്തിന്റെ നിലവാരമായ, ദൈവേഷ്ടപ്രകാരം ക്രിസ്ത്യാനികൾ എല്ലാം പരിശോധിക്കണം.

**വാക്യം 22**. ഇവിടെ കെജെവി തർജിമ ചെയ്തിരിക്കുന്നത് "ദുഷ്ടതയായി കാണുന്നതെല്ലാം ഉപേക്ഷിപ്പിൻ" എന്നാകയാൽ, ദുഷ്ടതയായി തോന്നുന്നതെല്ലാം വിട്ടുകളയണം എന്നു ചിലർ തീർച്ചപ്പെടുത്തുന്നു. ആ ആശയം തിരുവെഴുത്തിൽ മറ്റൊരു ഭാഗത്ത് കാണാം (2 കൊ. 8:19–21), പക്ഷെ പൗലൊസ് ഇവിടെ നൽകുന്നത് ആ ചിന്തയല്ല.

ഹെൻറി പറഞ്ഞതുപോലെ, കെജെവിയുടെ ഇവിടത്തെ തർജിമ നല്ലതല്ല. "എല്ലാ വിധത്തിലുമുള്ള ദുഷ്ടത" വിട്ടുകളയണം എന്നതാണ് ഇവിടത്തെ ആശയം. ഇവിടെ "*ദുഷ്ടതയായി തോന്നുന്നതെല്ലാം വിട്ടുകളയണം,*" " 'ആ വാക്കുകളെ അങ്ങനെ തർജിമ ചെയ്യാവുന്നതല്ല' എന്നാണ് ആൽഫോർഡ് പറഞ്ഞത്. കാരണം, (1) εἶδος, [*എയിഡോസ്*, അർത്ഥം, 'രീതി'] എന്നാണ് ഇവിടെ 'തോന്നുന്ന' എന്ന അർത്ഥത്തിലല്ല പറയുന്നത്: (2) ഈ വാചകത്തിലെ രണ്ട് അംഗങ്ങളും താത്വികമായി യോജിക്കുന്നില്ല ...."[35] റോബർട്ട്സണും ഇത് സമ്മതിച്ചിരിക്കുന്നു.[36]

വാക്യം 21 ൽ നാം മുൻപ് കണ്ടതാണ് ഈ വാക്യത്തിന്റെ പശ്ചാത്തലം. "എല്ലാം ശോധന ചെയ്ത്, നല്ലത് മുറുകെ പിക്കുക" (എൻഐവി). ഇവിടെ, നാം **എല്ലാ വിധത്തിലുള്ള ദുഷ്ടത** ഉപേക്ഷിക്കണെന്ന് പൗലൊസ് കൂട്ടിച്ചേർത്തു. ദുഷ്ട "ദുഷ്ടത" ദൈവ വചനത്തിൽ പരീക്ഷണവിധേയമാക്കിയിട്ടില്ല; ഒന്നാമതായി കള്ളപ്രവചനം (മത്താ. 7:15). പിന്നെ, വിപുലമായി, മറ്റെല്ലാ കാര്യവും അല്ലെങ്കിൽ ആശയവും.

അക്കാലത്ത്, അവർ ഉപേക്ഷിക്കേണ്ടിയിരുന്ന ദുഷ്ടത, "ലൈംഗിക അധാർമ്മികത, അശുദ്ധി, പിടിച്ചുപറി; വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, അസൂയ, സ്വാർത്ഥത, ഭിന്നത, വെറിക്കൂത്ത്ച മദ്യപാനം, വെറിക്കൂത്ത് തുടങ്ങിയവയായിരുന്നുടട" (ഗലാ. 5:19–21; എൻഐവി).

അന്ന് ക്രിസ്ത്യാനികളോട് വിട്ടുകളയുവാൻ പറഞ്ഞ കാര്യങ്ങളോട് മറ്റു പലതും ഇന്ന് കെട്ടിമറിഞ്ഞുകിടക്കുന്നതായി തോന്നിയേക്കാം. എന്നാൽ പൗലൊസ് ഗലാത്യയിലെ ക്രിസ്ത്യാനികളോട് ഉപേക്ഷിക്കുവാൻ പറഞ്ഞ ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, അസൂയ, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ ല്ലാം പൊതുവായി സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ നാം ഇന്നും ഉപേക്ഷിക്കേണ്ടതു തന്നെയാണ്. ഇന്ന് നാം അതുപോലെയുള്ള "തിന്മയുടെ" ഒരു ലിസ്റ്റ് തയ്യാറാക്കുകയാണെങ്കിൽ, അവക്ക് പുറമെ, സ്വവർഗരതി, മയക്ക് മരുന്ന്, അശ്ലീല ചിത്രങ്ങൾ തുടങ്ങിയവയും ചേർക്കാവുന്നതാണ്. അവ ദൈവ വചനത്തിൽ "പരീക്ഷണത്തിന്" വിധേയമാക്കപ്പെട്ടിട്ടില്ല.

**വിട്ടകലുവിൻ** എന്നതിന്റെ ഗ്രീക്ക് വാക്ക് ἀπέχω (*അപെകോ*), ക്രിസ്ത്യാനിയും തെറ്റും തമ്മിലുള്ള അകൽച്ചയെ ശക്തമായ ഊന്നൽ നൽകുന്ന ഉപയോഗമാണ് അത്. വാസ്തവത്തിലുള്ള ക്രിസ്ത്യാനി തിന്മ സഹിക്കുകയില്ല. വാസ്തവത്തിൽ, പൗലൊസ് പറഞ്ഞു, "ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ, ഇപ്പോഴും നിങ്ങളോട് മുമ്പു കൂട്ടി പറയുന്നു." (ഗലാ. 5:21).

## അവസാനിപ്പിക്കുന്ന കാര്യങ്ങൾ
## (5:23-28)

**[23]സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ. [24]നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു. അവൻ അത് നിവർത്തിക്കും.**

**[25]സഹോദരന്മാരെ, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിപ്പിൻ.**

**[26]സകല സഹോദരന്മാരെയും വിശുദ്ധചുംബനത്തതാൽ വന്ദനം ചെയ്വിൻ. [27]സഹോദരന്മാരെയൊക്കെയും ഈ ലേഖനം വായിച്ചു കേൾപ്പിക്കേണം. [28]നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ.**

**വാക്യം 23.** തെസ്സലൊനിക്യരുടെ അന്തിമ രക്ഷക്കായി പൗലൊസ് മനോഹരമായ ഒരു പ്രാർത്ഥന നടത്തുകയാണ്. ചില കാര്യങ്ങൾ ചെയ്യുവാൻ അവൻ തെസ്സലൊനിക്യരോട് ആവശ്യപ്പെടുന്നുണ്ട് (ഉദാഹരണമായി ദോഷം വിട്ടകലുവിൻ). വാസ്തവത്തിലുള്ള ശക്തിയുടെ ഉറവിടം ദൈവം ആണെന്ന് അപ്പൊസ്തലൻ വ്യക്തമാക്കുന്നു. അതുകൊണ്, അവൻ തെസ്സലൊനിക്യർക്ക് വേണി അവനോട് അപേക്ഷിക്കുകയാണ്. അവനെ **സമാധാനത്തിന്റെ ദൈവം** എന്നാണ് വിളിച്ചത്. മറ്റു പല ഭാഗത്തും അവനെ "സമാധാനത്തിന്റെ ദൈവം" എന്നു വിളിച്ചിട്ടുണ്ട് (റോമ. 15:33; 2 കൊ. 13:11 നോക്കുക).

12 മുതൽ 22 വരെയുള്ള വാക്യങ്ങൾക്കിടയിൽ തീർച്ചയായും അദ്ധ്യക്ഷന്മാരെ ബഹുമാനിപ്പാനും സ്നേഹിപ്പാനും, "തമ്മിൽ തമ്മിൽ സമാധാനമായിരിപ്പിൻ" ।എന്നും പറഞ്ഞിരിക്കുന്നു (വാ. 13). ഇവിടെ അവൻ പറയുന്നു, ദൈവം "സമാധാനത്തിന്റെ ദൈവം ആകുന്നു" അല്ലെങ്കിൽ അവൻ സമാധാന പ്രിയനാണ്, അതിനാലാണ് ദൈവത്തെ അകാരണമായി കുറ്റപ്പെടുത്തി, അവനോടു ശത്രുതയിലായിരുന്നിട്ടും മനുഷ്യർക്ക് അവനോട് നിരന്നുകൊൾവാൻ വഴി ഒരുക്കിയത് (റോമ. 5:8). "ദൈവം ലോകത്തെ ക്രിസ്തുവിലാണ് നമ്മെ നിരപ്പിക്കുന്നത്" എന്ന് രണ്ട് കൊരിന്ത്യർ 5:19 പറയുന്നു. ദൈവം ക്രിസ്ത്യാനികളെ ക്രിസ്തു മുഖാന്തരം നിരപ്പിച്ചതിനാൽ, നമുക്കും അന്യോന്യം നിരന്നുകൊൾവാനുള്ള അതേ മനോഭാവമാണ് വേണ്ടത്. ആ നിരപ്പിന്റെ മാതൃക നാം പിൻപറ്റുകയാണെങ്കിൽ, സമ്മർദ്ദം ഒഴിവാക്കി "എല്ലാവരോടും സമാധാനം ആചരിക്കുവാന് നമുക്ക് കഴിയും" (റോമ. 12:18).

"സമാധാനത്തിന്റെ ദൈവം" തെസ്സലൊനിക്യരെ **ശുദ്ധീകരിക്കുവാൻ** ആയിരുന്നു ἁγιάζω (*ഹാഗിയാസോ*) പൗലൊസിന്റെ പ്രാർത്ഥന. "വിശു

ദ്ധീകരിക്കുക" എന്നാൽ "പ്രത്യേക ഉദ്ദേശത്തിനോ, സേവനത്തിനോ വേർതിരിക്കുക" അല്ലെങ്കിൽ, "വിശുദ്ധിക്ക് യോജിക്കാത്തവയെ എല്ലാം നീക്കിക്കളയുക"[37] എന്നാണ് അർത്ഥം. പരിവർത്തനം നടക്കുമ്പോഴാണ്, ക്രിസ്ത്യാനികളിൽ ശുദ്ധീകരണം ആരംഭിക്കുന്നത് (1 കൊ. 6:11; 1:2), എന്നാൽ, ആ വിജയം നമ്മുടെ ജീവിതത്തിൽ ഉടനീളം തുരുന്നു (4:3), അങ്ങനെയാണ് നാം പക്വതയുടെ ഉയർന്ന നിലവാരത്തിലേക്ക് ഉയരുന്നത്. അവർ **മുഴുവനും** ശുദ്ധീകരിക്കപ്പെടുവാൻ, ആ പ്രക്രിയ തുടരുവാനായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്. അത്തരത്തിൽ മാത്രമെ കർത്താവിന്റെ പ്രത്യക്ഷതയിൽ അയാളുടെ അന്തിമ രക്ഷ ഉറപ്പാക്കുവാൻ കഴിയു.

തെസ്സലൊനിക്യരെ "പൂർണ്ണമായും" (എൻഐവി) ശുദ്ധീകരിക്കുന്നതിന് പ്രാർത്ഥിച്ച ശേഷം, പൗലൊസ് തന്റെ പ്രാർത്ഥന പുനരാവിഷ്ക്കരിച്ചു. അവരുടെ ആത്മാവും, പ്രാണനും, ദേഹിയും **അനിന്ദ്യമായി** കാണപ്പെടുവാനായിരുന്നു അവൻ ആഗ്രഹിച്ചത്. ഗ്രീക്കുകാർ മനുഷ്യനെ മൂന്നായി ഭാഗിച്ചിരുന്നു: **ആത്മാവ്**-മനുഷ്യന്റെ പ്രത്യേക അനശ്വര ഭാഗം, അതു ദൈവവുമായി ബന്ധപ്പെട്ടതാണ്; **പ്രാണൻ**-താഴ്ന്ന അഭിലാഷങ്ങളടക്കുമുള്ള മൃഗീയ പ്രകൃതി; പിന്നെ **ദേഹി**-ഇവിടെ പൗലൊസ് ആ ആശയത്തെ അംഗീകരിക്കുന്നതായി തോന്നുന്നില്ല. മോറിസ് അഭിപ്രായപ്പെട്ടു, "മനുഷ്യ ഘടനയെ വിശദമാക്കുകയല്ല പൗലൊസ് ഇവിടെ ചെയ്യുന്നത്, മറിച്ച് അവൻ പ്രാർത്ഥനയിൽ ഏർപ്പെട്ടിരിക്കുകയാണ്. ഒരു ഗ്രാഫിക് രീതി ഉപയോഗിച്ച് മനുഷ്യനെ മുഴുവനായും ഉൾപ്പെടുത്തിയിരിക്കുകയാണ്, അല്ലാതെ ഏതെങ്കിലും ഒരു ഭാഗം മാത്രമല്ല."[38]

അടിസ്ഥാനപരമായി, പൗലൊസിന്, നശിച്ചു പോകുന്ന "ബാഹ്യമനുഷ്യനും," ക്രിസ്യാനിയെ സംബന്ധിച്ച് "നാൾ തോറും പുതുക്കം പ്രാപിക്കുന്ന" "ആന്തരിക മനുഷ്യനും" ആണുള്ളത് (2 കൊ. 4:16). ആകയാൽ, മനുഷ്യന്റെ എല്ലാ ഭാഗങ്ങളെയും ഉൾപ്പെടുത്തിയാണെന്ന് തോന്നുന്നു (ആത്മാവ്, പ്രാണൻ, ദേഹി) ക്രിസ്ത്യാനി മുഴുവനായും "അനിന്ദ്യമായി" കാണപ്പെടുവാനായിരുന്നു അവൻ ആഗ്രഹിച്ചത്. ഇതിനെ മർക്കൊസ് 12:30, 31 മായി താരതമ്യം ചെയ്യുക, അവിടെ പറയുന്ന "ഹൃദയം,"ആത്മാവ്," "മനസ്" "ശക്തി" എന്നു പറയുന്നത് വ്യക്തമായി തിരിച്ചറിയാം. മുഴുവനായും എന്ന് ഊന്നി പറയുവാനായിരുന്ന യേശു അവയെ ഉപയോഗിച്ചത്.

അവരുടെ മുഴുവൻ ശുദ്ധീകരണത്തിനും പൗലൊസ് പ്രാർത്ഥിച്ചത്, (4:13-5:11) അവർ തുടർച്ചയായും മുഴുവനായും **കർത്താവായ യേശു പ്രത്യക്ഷനാകുമ്പോൾ**, കുറ്റമില്ലാത്തവരായി കാണപ്പെടുവാനായിരുന്നു. അവൻ രണ്ടാമത് വരുന്ന നിമിഷം തന്നെ മരിച്ചവരെ ഉയർപ്പിക്കയും, വിശുദ്ധീകരിച്ചവരെ നീതീകരിക്കയും, ദുഷ്ടന്മാരെ ശിക്ഷക്ക് വിധിക്കയും ചെയ്യും (യോഹ. 5:25-29). തെസ്സലൊനിക്യർ നീതിമാന്മാരുടെ ഭാഗമായ യേശുവിന്റെ വലത്തു ഭാഗത്താകുവാനും (മത്താ. 25:33) സ്വർഗത്തിലേക്ക് സ്വാഗതം ചെയ്യുവാനുമായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്.

സ്നേഹാദരവോടെയാണ് പൗലൊസസ് "നമ്മുടെ കർത്താവായ യേശു ക്രിസ്തു" എന്നു പറഞ്ഞത്. ഒരർത്ഥത്തിൽ കർത്താവിന്റെ പ്രത്യക്ഷത വലിയ പ്രത്യാശയാണ് നൽകുന്നത്, ചിലർക്ക് അത് ക്രോധമാണ് അനുഭവപ്പെടുന്നത് (5:9), അതേ സമയത്ത്, ക്രിസ്ത്യാനികൾക്ക് മഹത്തായ "വീണ്ടെടുപ്പ്" ദിനമായിരിക്കും (എഫെ. 4:30). ലേഖനം എഴുതുന്നതിലുള്ള പൗലൊസിന്റെ

ഉദ്ദേശത്തെയാണ് ആ ചിന്ത വ്യക്തമാക്കുന്നത്:ക്രിസ്തുവിന്റെ രണ്ടാം വരവിൽ, തെസ്സലൊനികൃയിലുള്ള തന്റെ പരിവർത്തകർ “അനിന്ദ്യരായി” കാണപ്പെടണം.

**വാക്യം 24**. മുമ്പിലത്തെ വാക്യത്തിൽ, പൗലൊസ് പ്രാർത്ഥിച്ചത്, യേശു മടങ്ങി വന്ന് ന്യായവിധി നടത്തുമ്പോൾ, തെസ്സലൊനികൃയിലെ ക്രിസ്ത്യാനികൾ വിശ്വസ്തരും, “അനിന്ദ്യരും” ആയി കാണപ്പെടുവാനായിരുന്നു. **നിങ്ങളെ വിളിച്ച**,ധവൻപ **ദൈവം** ആകുന്നു എന്നാണ് പൗലൊസ് പറഞ്ഞത്. 2:12 ലും അതേ പ്രയോഗം കാണാം, അവിടെ പൗലൊസ് എഴുതി, “ദൈവം തന്റെ രാജ്യത്തിനും മഹത്വത്തിനുമായി നിങ്ങളെ വിളിച്ചിരിക്കുന്നു.” എങ്ങനെയാണ് ദൈവം വിളിക്കുന്നത്? പൗലൊസിന്റെ കാര്യത്തിൽ സംഭവിച്ചതുപോലെ, ഓരോരുത്തരെ ദർശനത്തിൽ കൂടെയാണോ വിളിക്കുന്നത് (പ്രവൃത്തികൾ 9)? അല്ല. തെസ്സലൊനികൃർക്കെഴുതിയ രണ്ടാം ലേഖനത്തിൽ പൗലൊസ് എഴുതി, “നമ്മെ ദൈവം സുവിശേഷത്താൽ വിളിക്കുന്നു.” (2 തെസ്സ. 2:14). ആകയാൽ, സുവിശേഷം കേൾക്കുമ്പോഴാണ്, അവരെയും നമ്മെയും ദൈവം “വിളിക്കുന്നത്.” ഇന്ന്, ഒരാൾ സുവിശേഷം പ്രസംഗിക്കുന്നത് കേൾക്കുമ്പോൾ, പരോക്ഷമായി ദൈവം പാപമോചനത്തിനായി സുവിശേഷം അനുസരിക്കുവാൻ ക്ഷണിക്കുകയാണ്.

ദൈവം നമ്മെ അത്ഭുതകരമായോ, അതിശയകരമായോ അല്ല വിളിക്കുന്നത് എന്നാണ് ഇവിടെ പൗലൊസ് ഊന്നി പറയുന്നത്. അവൻ “വിളിക്കുക” മാത്രമല്ല, അവൻ പിന്തുടരും. അവൻ അത് **കടന്നുപോകുവാൻ കൊണ്ടുവരും**. അവൻ തന്റെ വാഗ്ദാനം നിവർത്തിക്കും. സംഖ്യാപുസ്തകം 23:19 ൽ ബിലെയാം പറഞ്ഞതുപോലെ, “വ്യാജം പറവാൻ ദൈവം മനുഷ്യനല്ല, അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല; താൻ കൽപിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തത് നിവർത്തിക്കാതിരിക്കുമോ?” ഉത്തരം ഇവിടെ അന്തർലീനമാണ്. ഇല്ല. നിവർത്തിക്കാത്ത വാഗ്ദാനങ്ങൾ ദൈവം നൽകുകയില്ല. പൗലൊസ് പറഞ്ഞതുപോലെ, അവൻ അത് നടത്തും, കാരണം അവൻ **വിശ്വസ്തൻ** ആകുന്നു.

ദൈവം “വിശ്വസ്തൻ ആകുന്നു” എന്നത് തിരുവെഴുത്തിൽ അനേക പ്രാവശ്യം ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു.[39] അതിനർത്ഥം ദൈവത്തിനുള്ളിൽ നിറയെ വിശ്വാസം ആണെന്നാണോ? അല്ല. പകരം, അതിനർത്ഥം, അവൻ വാഗ്ദാനങ്ങൾ നിവർത്തിമെന്നതിനാൽ, നമുക്ക് അവനിൽ ആശ്രയിക്കാം. “വിശ്വസ്തൻ” എന്നതിന്റെ ഗ്രീക്ക് വാക്ക് πιστός (*പിസ്റ്റോസ്*), അർത്ഥം “വിളിക്കുന്നവൻ അത് നിറവേറ്റും (ഫിലി. 1:6).”[40] അവൻ പറഞ്ഞത് എന്തു തന്നെയായാലും, അത് അങ്ങനെ തന്നെ സംഭവിക്കും. അനേക പ്രാവശ്യം തനിക്ക് നേരിട്ട പ്രതിസന്ധികളിലെല്ലാം, അവനെ ദൈവം സഹായിച്ച അനുഭവത്താലാണ് പൗലൊസിന് “ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസത്തോളം കാത്തുകൊൾവാൻ ശക്തൻ എന്നു ഉറച്ചിരിക്കുന്നു.” (2 തിമൊ. 1:12). തന്റെ ദൈവത്തിന്റെ സ്വഭാവത്തിൽ അവന് വിശ്വാസം ഉണ്ടായിരുന്നു. തന്നെ വ്യക്തിപരമായും, തെസ്സലൊനികൃയിലെ ക്രിസ്ത്യാനികളെയും ന്യായവിധി നാളിൽ “അനിന്ദ്യമായി” കാണപ്പെടുവാന്തക്കവണ്ണം ദൈവം “കാത്തുകൊള്ളും” എന്ന് അവന് അറിയാമായിരുന്നു. വിശ്വസ്തരായ ക്രിസ്ത്യാനികൾക്കെല്ലാം എത്ര ആശ്വാസം നൽകുന്ന ചിന്തയാണ് ഇത്!

തീർച്ചയായും, അവൻ നമ്മോട് ചെയ്യുവാൻ പറഞ്ഞിരിക്കുന്നത് ചെയ്താൽ മാത്രമാണ്, നമ്മെ മുഴുവനായും ശുദ്ധീകരിക്കയും അവസാനനാൾ വരെ നിലനിർത്തുകുകയും ചെയ്യുകയുള്ളു. അവൻ നമ്മോട് വിശ്വസ്തനായിരിക്കുന്നതുപോലെ, നാം അവനോട് വാഗ്ദാനം ചെയ്ത വിശ്വസ്തത കാത്തുകൊള്ളണം. യൂദാ പറഞ്ഞതുപോലെ, നാം, "ദൈവ സ്നേഹത്തിൽ ധനിങ്ങളെപത്തന്നെ സൂക്ഷിച്ചുകൊൾവിൻ" (യൂദാ 21). പത്രൊസ് നമ്മെ ഓർപ്പിക്കുന്നത്, "അവസാന നാളിൽ വെളിപ്പെടുവാനിരിക്കുന്ന രക്ഷക്കായി ... ദൈവശക്തിയാൽ ദൈവം നമ്മെ കാക്കുന്നു" എന്നാണ് (1 പത്രൊ. 1:5), എന്നാൽ നമ്മുടെ വിശ്വാസത്തിന് "കപ്പൽഛേദം" സംഭവിച്ചാൽ, ദൈവത്തിന് നമ്മെ കുറ്റമില്ലാത്തവരായി നിർത്തുവാൻ സാധ്യമല്ല (ചിലർക്ക് അങ്ങനെ സംഭവിക്കുമെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു; 1 തിമൊ. 1:19). അവൻ "വിശ്വസ്തൻ" ആയിരിക്കുന്നതുപോലെ, നാമൂം, "വിശ്വസ്തർ" ആയിരിക്കണം. കഴിഞ്ഞകാലത്തെ ഓർത്ത് വിരചാരപ്പെടേണ്ട എന്നാണ് പൗലൊസ് പറഞ്ഞത്. നാം നമ്മുടെ ഭാഗം ചെയ്താൽ, "ദൈവം തന്റെ ഭാഗം ചെയ്യും." പിന്നെ:

> ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം; ശിക്ഷ വിധിക്കുന്നവൻ ആർ?ക്രിസ്തുയേശു മരിച്ചവൻ, മരിച്ചിട്ട് ഉയർത്തെഴുന്നേറ്റവൻ തന്നെ; ദൈവത്തിന്റെ വലത്തുഭാകത്തിരിക്കയും നമുക്ക് വേണി പകേഷവാദം കഴിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർതിരിക്കുന്നവൻ ആർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോപട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? ... നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു (റോമ. 8:33–37).

തീർച്ചയായും, നമ്മുടെ ദൈവം വിശ്വസ്തൻ തന്നെ, പിന്നെ, നാം വിശ്വസ്തരായി നിലനിന്നാൽ, ആ ദിവസം അവൻ നമുക്ക് വിജയം നൽകും.

**വാക്യം 25.** തനിക്കും തന്റെ സഹ-പ്രവർത്തകർക്കും വേണ്ടി **പ്രാർത്ഥിക്കുവാൻ** പൗലൊസ് തെസ്സലൊനിക്യയിലെ സഹോദരന്മാരോട് അപേക്ഷിച്ചു. അവൻ ഇടക്കിടക്ക ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട് (2 തെസ്സ. 3:1; കൊലൊ. 4:3; എഫെ. 6:19). റോമർ 15:30 ൽ, അവൻ പറഞ്ഞു, "നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥനയിൽ പോരാടേണം എന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിനേയും, ആത്മാവിന്റേയും സ്നേഹത്തെ ഓർപ്പിച്ചു പ്രബോധിപ്പിക്കുന്നു" 2 കൊരിന്ത്യർ 1:11 ൽ, [അവരുടെ] "പ്രാർത്ഥന മൂലം, കൊരിന്ത്യർ [തന്നെ] സഹായിച്ചിരുന്നതായി" പൗലൊസ് തറപ്പിച്ചു പറഞ്ഞു.

"പ്രാർത്ഥിക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് προσεύχομαι (*പ്രോസീക്കോമായി*) ഉപയോഗിച്ചിരിക്കുന്നത് പ്രെസ്റ് ഇംപെരോറ്റിവിലാണ് (വാ. 17 ന്റെ ചർച്ച നോക്കുക). ഒരു പ്രത്യേക കാലത്തോളം അത് തുടർന്നുകൊണിരിക്കുന്നു എന്ന് ആണ് സൂചന. മറ്റൊരു വാക്കിൽ പറഞ്ഞാൽ, "തനിക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിപ്പിൻ" എന്നാണ് പൗലൊസ് പറഞ്ഞത്. പൗലൊസ് അവരോട് "തുടർച്ചയായി പ്രാർത്ഥിപ്പാനാണ്" ആവശ്യപ്പെട്ടത് എന്നാണ് മോറിസ് പറഞ്ഞത് (തുടർക്രിയ).[41]

പൗലൊസിനെ കുറിച്ച് ചിന്തിക്കുമ്പോൾ, പലരും വിചാരിക്കുന്നത്, അവൻ ശക്തനും, സ്വയംപര്യാപ്തനും ആകയാൽ അവന് കുഴപ്പമൊന്നു

മില്ല, മറ്റുള്ളവരുടെ പ്രാർത്ഥന ഒന്നും ആവശ്യമില്ലാത്തവനും ആണ് എന്ന ത്ര. എന്നാൽ അത് ശരിയല്ല. പൗലൊസ് ഒരിക്കലും തന്നെ കുറിച്ച് അങ്ങനെ ചിന്തിച്ചിരുന്നില്ല. മറ്റുള്ളവരോട് പ്രസംഗിച്ചശേഷം താൻ തന്നനെ കൊള്ളരുതാത്തവൻ ആയി പോകാതിര്ക്കേണതിന്ന് തന്റെ ശരീരത്തെ അടിമപ്പെടുത്തേണമെന്ന് പൗലൊസ് 1 കൊരിന്ത്യർ 9:27 ൽ പറഞ്ഞിരിക്കുന്നു. 2 കൊരിന്ത്യർ 7:8 ൽ അവൻ പറഞ്ഞതു, കൊരിന്ത്യരോട് അവൻ കഠിനമായി ഇടപെട്ടോ എന്ന് ഭയപ്പെട്ടിരുന്നു എന്നാണ്, കൊരിന്ത്യരുടെ വിഷമപ്രശ്നങ്ങൾ താൻ ശരിയായിട്ടോണോ പരിഹരിച്ചത് എന്ന് അവൻ സംശയിച്ചിരുന്നു. തന്റെ പരീക്ഷണങ്ങളെ അതിജീവിക്കുവാനും കർത്താവിനുവേണിയുള്ള വേല സുഗമമായി ചെയ്യുവാനും അവരുടെ പ്രാർത്ഥന അവന് ആവശ്യമായിരുന്നു. വില്യം ബാർക്ക്ലേ പറഞ്ഞു:

> വിശുദ്ധന്മാരിൽ വലിയ വിശുദ്ധനായാലും, താഴ്മയുള്ള ക്രിസ്ത്യാനികളുടെ പ്രാർത്ഥനയും അവനെ ശക്തമാക്കുമെന്നത് മനോഹരകാര്യമാണ്. ഒരു വലിയ പൗരനെ തന്റെ രാജ്യത്തിലെ പരമോന്നതമായ ഉദ്യോഗത്തിലേക്ക് തിരഞ്ഞെടുത്തപ്പോൾ രണു സ്നേഹിതർ അദ്ദേഹത്തെ അഭിനന്ദിച്ചപ്പോൾ അദ്ദേഹം അവരോട് പറഞ്ഞത്, "നിങ്ങളുടെ അഭിനന്ദനം എനിക്ക് വേണ്ടത്; പ്രാർത്ഥനയാണ് ആവശ്യം." പൗലൊസിന് പ്രാർത്ഥന എന്നത്, ഒരു സുവർണ്ണ ചങ്ങലപോല, അവൻ അവർക്കു വേണ്ടിയും അവർ അവനുവേണ്ടിയും പ്രാർത്ഥിക്കുന്ന ഒന്നായിരുന്നു.[42]

**വാക്യം 26**. തന്റെ അവസാന വാക്കുകളിൽ, **വിശുദ്ധ ചുംബനം** കൊണ്ട് അന്യോന്യം വന്ദനം ചെയ്വിൻ എന്നു പറഞ്ഞിരിക്കുന്നതാണ് നാം കാണുന്നത്. മറ്റു പല പ്രാശ്യങ്ങളിൽ വിശുദ്ധ ചുംബനം കൊണ്ട് വന്ദനം ചെയ്വിൻ എന്ന പ്രയോഗം പൗലൊസ് നടത്തിയിട്ടുണ്ട്: ഒരിക്കൽ റോമയിലെ സഹോദരങ്ങൾക്ക് എഴുതുമ്പോൾ (റോമ. 16:16), രണ് പ്രാവശ്യം കൊരിന്ത്യയിലെ സഹോദരങ്ങൾക്ക് എഴുതുമ്പോൾ (1 കൊ. 16:20; 2 കൊ. 13:12). "സ്നേഹ ചുംബനത്താൽ അന്യോന്യം വന്ദനം ചെയ്വിൻ" എന്ന് പത്രൊസും അതേ ആശയത്തിൽ ആസ്യയിലെ വിവിധ ഭാഗങ്ങൾക്ക് എഴുതുമ്പോൾ പറഞ്ഞിരിക്കുന്നു (1 പത്രൊ. 5:14). അപ്പൊസ്തലന്മാരുടെ കാലത്ത്, അത് ആസ്യയിലും, ഗ്രീസിലും, ഇറ്റലിയിലും പ്രചാരത്തിലുണ്ടായിരുന്ന സമ്പ്രദായമായിരുന്നു. ക്രിസ്ത്യാനിത്വത്തിന്റെ ആവിർഭാവത്തിന് മുൻപ് തന്നെ റോമാ ലോകത്ത് അത്തരം വന്ദന രീതി നിലവിലുണ്ടായിരുന്നു. അത് "റബീകളുടെ അഭിവന്ദന രീതിയാണ്,"[43] എന്ന് റോബർട്ട്സൺ പറഞ്ഞിരിക്കുന്നു. എങ്ങനെയായാലും, അന്ന് ലോകത്തിന്റെ ആ ഭാഗങ്ങളിൽ അത് റബീകളിൽ മാത്രം ഒതുങ്ങി നിന്നിരുന്നില്ല.

"ക്രിസ്തീയ വന്ദനം" ആരംഭിച്ചത് പൗലൊസും പത്രൊസും ആയിരുന്നില്ല, നിലവിലുണായിരുന്ന ഒരു ആചാരത്തെ എടുത്ത്, അത് "വിശുദ്ധമായി" അല്ലെങ്കിൽ ആത്മാർത്ഥമായി, അല്ലെങ്കിൽ പത്രൊസ് പറഞ്ഞതുപോലെ, "സ്നേഹത്തോടെ" ചെയ്യുവാനായിരുന്നു നിർദ്ദേശിച്ചത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഒരു സഹോദരനോട് ദയയോടും സ്നേഹത്തോടും കൂടെ ഇടപെടുന്നതായിരിക്കണം ചുംബനം, അല്ലാതെ ചുംബനം ഉള്ളിൽ മറ്റൊന്നു വിചാരിച്ചുകൊണ്ടാകരുത്. അത് യൂദാ ക്രിസ്തുവിനോട് ചെയ്തതുപോലെ

അവിശുദ്ധമായി തീരും (മത്താ. 26:49). മോറിസ് ശ്രദ്ധിച്ചു, “ചില സന്ദർഭങ്ങളിൽ സ്ത്രീപുരുഷന്മാർ തമ്മിൽ ചുംബനം കൈമാറിയിരുന്നു; അത് പിന്നീട് അഭലഷണീയമല്ലാത്ത രീതിയിലേക്ക് മാറി,”[44] അതു നിമിത്തമാകാം പൗലൊസ് പറഞ്ഞത്, ഏതു ചുംബനവും വിശുദ്ധമായിരിക്കണമെന്ന്.

തനിക്ക് വേണ്ടി **എല്ലാ സഹോദരന്മാരെയും വന്ദനം ചെയ്യുവാനാണ്** പൗലൊസ് പറഞ്ഞത്. “എല്ലാ” സഹോദരന്മാരെയും വന്ദനം ചെയ്യണം, ധാർമ്മികക്കുറവ് ഉള്ളവരെയും (4:1) അലസരായവരെയും (4:1, 11, 12). ബലഹീനരായവർ മാനസാന്തരപ്പെടുമെന്ന പ്രത്യാശയാൽ അവരെയും അവൻ വന്ദനം ചെയ്തിരുന്നു. അവർക്ക് വേണി അന്യോന്യം സ്നേഹത്താൽ വന്ദനം ചെയ്യുവാൻ മറ്റു വേദഭാഗങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ആ ഉപദേശം നമ്മുടെ ആചാരവുമായി ബന്ധപ്പെടുത്തിയാണ് “വിശുദ്ധമായി” അല്ലെങ്കിൽ ആത്മാർത്ഥമായി “സ്നേഹത്തിൽ” കൈകൊടുക്കുന്നത്. ലോകത്തിലുള്ള ആളുകൾ ചെയ്യുന്നത് നേരെ വന്ന് കൈകൊടുക്കുകയും പിന്നെ പുറകിൽ നിന്ന് ആലങ്കാരികമായി പറയുകയാണെങ്കിൽ, “പിന്നിൽ നിന്നു കുത്തും.”

**വാക്യം 27**. തെസ്സലൊനിക്യ സഭയിലെ ഓരോ സഹോദരനും ഈ ലേഖനം കേൾക്കണമെന്ന രീതിയിൽ അവൻ പറഞ്ഞു, **കർത്താവാണെ**, **ഈ ലേഖനം** എല്ലാ സഹോദരന്മാരെയും കേൾപ്പിക്കേണം. അത്യാവശ്യമായി, പൗലൊസ് പറഞ്ഞു, “എന്നെ ആണയിടുമാറാക്കി,” അല്ലെങ്കിൽ “കർത്താവിനാലുള്ള” കടമയായി “കർത്താവിനെ സാക്ഷിയാക്കി” ഞാൻ പറയുന്നു, ഈ ലേഖനം എല്ലാ സഹോദരന്മാരെയും വായിച്ചു കേൾപ്പിക്കേണം. റോബർട്ട്സൺ പറഞ്ഞതനുസരിച്ച്, “ആണ” എന്നതിന്റെ ഗ്രീക്ക് വാക്ക് ἐνορκίζω (*എനേ ാർകിസോ*) പിന്നീട് സംയോജിപ്പിച്ച പഴയ ὁρκίζω (*ഹോർകിസോ*) (മർ 5:7), “ഒരാളെ ആണയിടുമാറാക്കുക”[45] ഇടവകയിലെ എല്ലാ സഹോദരന്മാരെയും ഉൾപ്പെടുത്തിയാണ് അവിടെ “നിങ്ങൾ” എന്നു പറഞ്ഞിരിക്കുന്നത്, എന്നാൽ, തീർച്ചയായും വാക്യം 12 പറഞ്ഞ അദ്ധ്യക്ഷന്മാർക്ക് വലിയ ഉത്തരവാദിത്തമാണുള്ളത്.

ഈ ലേഖനവുമായി ഓരോ സഹോദരനും ബന്ധപ്പെടേണ്ടത് പ്രാധാന്യമുള്ള കാര്യമായി പൗലൊസിന് തോന്നി. 1 കൊരിന്ത്യർ 14:37 ൽ അവൻ പറഞ്ഞതുപോലെ. അവൻ എഴുതിയത്, “കർത്താവിന്റെ കൽപന” ആയിരുന്നതിനാൽ, ക്രിസ്ത്യാനികളായ ഓരോരുത്തരും വ്യക്തിപരമായി അത് വായിച്ച് കേൾക്കണം. പുതിനിയമ ലേഖനങ്ങളിൽ ആദ്യം എഴുതപ്പെട്ടതായിരുന്നു ഈ ലേഖനം, ഏകദേശം എ.ഡി. 51 ൽ എഴുതിയതാകാം, വെളിപ്പാട് പോലെ, ഇതിലെ തത്വങ്ങൾ ഊന്നി പറഞ്ഞിരിക്കുകയാണ്, വെളിപ്പാട്, യോഹന്നാനാൽ എ.ഡി. 100 ൽ എഴുതപ്പെട്ടു. വാസ്തവത്തിൽ, യോഹന്നാൻ ആ ലേഖനത്തിൽ എഴുതി, “ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും, അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ” (വെളി. 1:3). കൊലൊസ്യർ 4:16 ൽ ലേഖനം വായിക്കുവാൻ അവൻ കൽപിച്ചിരിക്കുന്നു.

**വായിക്കുക** എന്ന് പൗലൊസ് ഇവിടെ ഉപയോഗിച്ച വാക്ക് അടിക്കടി ഉപയോഗിച്ചിരിക്കുന്നത്, “പരസ്യമായ വായന” യാണ്. ഇവിടെ പറഞ്ഞിരിക്കുന്നത് പരസ്യവായനയാണോ എന്നത് സംശയാസ്പദമാണ്. സഹോദരന്മാർ കർത്തൃ ദിവസത്തിൽ കൂടി വരുമ്പോൾ വായിക്കുവാൻ കൽപിച്ചിരിക്കുന്നു എന്നതാണ്

യുക്തിപരമായി നാം മനസിലാക്കുന്നത്. അലസരായി കഴിയുന്ന (4:11, 12), ധാർമ്മികക്കുറവുള്ളവരും (4:1–8) ലേഖനവുമായി ബന്ധപ്പെടവാനായിരുന്നു പൗലസൊ ആഗ്രഹിച്ചത്. അവൻ എഴുതിയയറിയിച്ചത്, അവരുടെ പ്രശ്ന ങ്ങൾക്കുള്ള പരിശുദ്ധാത്മാവിന്റെ പ്രതിവിധിയായിരുന്നു. അവർ കേൾക്കേ ണ്ടിയിരുന്നത്, ആത്മാവിന്റെ വാക്കുകളായിരുന്നു, അല്ലാതെ അതിന്റെ തെറ്റായ വ്യാഖ്യാനമായിരുന്നില്ല, പൗലൊസിന്റെ കാലത്ത് അങ്ങനെ ചില സമയത്ത് സംഭവിച്ചിരുന്നു (2 തെസ്സ. 2:2; 3:17 താരതമ്യം ചെയ്യുക) ഇന്നും ദൈവത്തിന്റെ വചനം തെറ്റായി പ്രഖ്യാപിക്കപ്പെടുന്നുണ്ട്.

**വാക്യം 28.** തന്റെ ലേഖനങ്ങൾ അവസാനിപ്പിക്കുമ്പോൾ, പൊതുവിൽ ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടാണ് അവസാനിപ്പിക്കുന്നത്. വാസ്തവത്തില്, 2 കൊരിന്ത്യർ 13:14 ൽ അവൻ പറഞ്ഞു, "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ." ക്രിസ്തുവിന്റെ സ്നേഹ ത്തിൽ നൽകുവാൻ കഴിയുന്ന എല്ലാ അനുഗ്രഹങ്ങളും തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾക്ക് ലഭിക്കണമെന്നായിരുന്നു അവന്റെ പ്രാർത്ഥന.

അടിസ്ഥാനപരമായി, **കൃപ** (χάρις *കാരിസ്*, "കൃപ" "ഉപകാരം" അല്ലെ ങ്കിൽ "നല്ല മനസ്") സന്തോഷം ജനിപ്പിക്കുന്നത്. അർഹതയില്ലാത്ത നമുക്ക് ദൈവം നൽകുന്നതാണ് ഈ സന്തോഷം. ക്രിസ്ത്യാനികളെ ഉപദ്രവിച്ച തനിക്ക് ദൈവത്തിന്റെ കൃപ ഉദാരമായി അനുഭവപ്പെട്ടിരുന്നത് തീർച്ചയായും അവൻ അവരോട് പങ്കിട്ടു കാണും. അവൻ പാപികളിൽ ഒന്നാമൻ ആയിരുന്നുവെ ങ്കിലും (1 തിമൊ. 1:15; എൻഐവി), തന്റെ കരുണയാൽ ദൈവം അവനെ തിരഞ്ഞെടുത്ത് തന്റെ ദൂത് മറ്റുള്ളവരോട് അറിയിക്കുവാൻ നിയമിച്ചു. പാപ ികൾ വിശ്വസിച്ച് അനുസരിക്കുമ്പോഴാണ്, ഇത്തരം ഉപകാരം, ദൈവം നൽകു ന്നത്. അത് **നമ്മുടെ കർത്താവായ യേശുക്രിസ്തു** മൂലം ആണ് നൽകുന്നത്, അവൻ മാത്രമാണ് വഴിയും സത്യവും ജീവനും. വാസ്തവത്തിൽ, ക്രിസ്തു മുഖാന്തരം അല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ എത്തുവാൻ സാധ്യ മല്ല (യോഹ. 14:6). വില്ല്യംസ് പറഞ്ഞു,

> പൗലൊസ് പ്രത്യേകമായി കൃപയെ യേശുക്രിസ്തുവുമായി കൂട്ടിയിണ ക്കുകയാണ് (2 തെസ്സ. 1:2, 12; 2:16; 3:18), തന്റെ ലേഖനങ്ങൾ പറഞ്ഞു കൊടുത്ത് എഴുതുവാൻ മറ്റൊരാളെ പൗലൊസ് ഉപയോഗിച്ചിരുന്നു, എന്നാൽ, ഈ സമയത്ത് അവൻ പേന എടുത്ത് അവസാന വാക്കുകൾ സ്വന്തകയ്യാൽ എഴുതുകയായിരുന്നു (ഒ.വാ. 2 തെസ്സ. 3:17; ഗലാ. 6:11) വാക്യം 27 ൽ ഉപയോഗിച്ച ഫസ്റ്റ് പെർസൺ സിംഗുലർ ആ മാറ്റത്തിന്റെ സൂചന നൽകുന്നു.[46]

തന്നെ പോലെ ഭീകരനായ ഒരാളെ എടുത്ത് "ദൈവത്തിന്റ സൗജന്യം" ഏൽപിച്ചതിൽ പൗലൊസിന് ഒരിക്കലും അതിശയം തോന്നിയില്ല, അതായത്, നിത്യജീവൻ (റോമ. 6:23). അതേ കൃപ തെസ്സലൊനിക്യയിലെ പരിവർത്തനം ചെയ്ത ക്രിസ്ത്യാനികളിലും നിലനിൽക്കേണതിനായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്.

ജെയിംസ് ഡെന്നി പറഞ്ഞു,

> പുതിയ നിയമ ലേഖനങ്ങളിലെല്ലാം-ദൈവം പറയുന്നത് എന്തു തന്നെയായാലും, ഹൃദയസ്പർശിയും ഭയവിഹ്വലരാക്കുന്നതുമാണ്-അവയെല്ലാം കൃപയോടുകൂടെ ആരംഭിച്ച് കൃപയോടുകൂടെ അവസാനിപ്പിക്കുന്നതുമാണ് .... ദൈവം മനുഷ്യർക്ക് നൽകുന്നതെല്ലാം യേശുക്രിസ്തുവിൽ സംക്ഷിപ്തമാക്കിയിരിക്കുകയാണ്; അവന്റെ സൗമ്യതയും മനോഹാരിതയും, ദയയും, ക്ഷമയും, അവന്റെ സ്നേഹത്തിന്റെ എല്ലാ അഭിലാഷങ്ങളും അവന്റെ കൃപയിൽ യോജിപ്പിച്ചിരിക്കുന്നു. കർത്താവായ യേശുവിൽ കൂടെ ദൈവം തരുന്ന കൃപക്കപ്പുറമായി പിന്നെ എന്താണ് ഒരു ആത്മാവിന് ആവശ്യം?[47]

## പ്രായോഗികത

ഈ അദ്ധ്യായത്തിൽ, ലേഖനത്തിന്റെ ആരംഭത്തിൽ പ്രതിപാദിച്ച ഉപദേശപരമായ കാര്യങ്ങളുടെ പ്രായോഗിക പരിശീലനമാണ് പൗലൊസ് തുടരുന്നത്.

അദ്ധ്യായം 4 ൽ അവസാന ഖണ്ഡികയിൽ, കർത്താവ് മടങ്ങി വരുമ്പോൾ, ക്രിസ്തുവിൽ മരിച്ചവരെ അവൻ വിട്ടുകളയുകയില്ല എന്ന് ഊന്നി പറഞ്ഞിരിക്കുകയാണ്. ആകയാൽ, ഈ അദ്ധ്യായത്തിലെ ആരംഭത്തിൽ, അവന്റെ രണാമത്തെ വരവ് സമയത്തെയും ക്രിസ്തീയ ജീവിതത്തിൽ അവന്റെ വരവിന്റെ സൂചനകളെയും കുറിച്ചാണ് ചർച്ച ചെയ്യുന്നത്.

**ക്രിസ്തു എപ്പോൾ വരും? (5:1-3)**

മുൻപ് പൗലൊസ് ചർച്ച ചെയ്തത് മനസിൽ വെച്ചുകൊണ്ട്, "കർത്താവ് എപ്പോൾ വരും?" എന്നു ചോദിക്കുന്നത് സ്വാഭാവികമാണ്. പൗലൊസ് മുൻപ് തെസ്സലൊനിക്യരെ അറിയിച്ചിട്ടുള്ളതിനാൽ, ഉത്തരം നൽകാതെ ചോദ്യം ചോദിച്ചിരിക്കുകയാണ്. സഭ ആരംഭിച്ചപ്പോൾ, അവരെ ഈ സത്യം അറിയിച്ചു എന്നത് സംശയിക്കേണ്ടതില്ല. കർത്താവ് വരുമ്പോൾ ആ സത്യം മുഴുവനായും അവർക്ക് ബോധ്യമാകുമെന്ന് അപ്പൊസ്തലൻ പറഞ്ഞു. തെസ്സലൊനിക്യർ അത് അറിഞ്ഞത് പൗലൊസ് അവരോട് അതിനെ കുറിച്ച് പ്രസംഗിച്ചിരുന്നതിനാലായിരുന്നു.

അവന്റെ വരവിനെ കുറിച്ചുള്ള സത്യം ബോധ്യമാക്കുവാൻ കള്ളൻ വരുന്ന ഒരു ചിത്രീകരണം നൽകിയിരിക്കുന്നു. അവന്റെ വരവ് യാദൃശ്ചികവും അപ്രതീക്ഷിതവുമായിരിക്കുമെന്ന് ആ ചിത്രീകരണം വ്യക്തമാക്കുന്നു. അവൻ ഏതു സമയത്തും വരാമെന്നതിനപ്പുറമായി, മുൻകൂട്ടിയുള്ള സൂചനകളോ മുന്നറിയിപ്പോ നമുക്ക് ലഭിക്കുകയില്ല.

ക്രിസ്തുവിന്റെ വരവ് കള്ളനെ പോലെ ആയിരിക്കുമെന്നതിനാൽ, നാം എങ്ങനെയാണ് ജീവിക്കേണ്ടത്?

*തയ്യാറെടുപ്പ് അവസ്ഥയിൽ.* നാം ഏതു സമയത്തും റെഡിയായി ഇരിക്കണം. ക്രിസ്തു മടങ്ങി വരുന്ന സമയം നമ്മിൽ നിന്നു മറച്ചു വെച്ചിരിക്കുന്ന ദൈവത്തിന്റെ പരിജ്ഞാനം അപാരം തന്നെ. അവൻ വരുന്ന സമയം കൃത്യമായി നാം അറിഞ്ഞാൽ, അവന്റെ കൃപയെ നാം ചൂഷണം ചെയ്യും. നാം പരദേശികളെ പോലെ അഥവാ തീർത്ഥാടകരെ പോലെ ലോകത്തിൽ ജീവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്, കൂടാതെ അവസാന ദിവസം തിരിച്ചറിയാതെയുമിരിക്കണം.

*കാര്യങ്ങളുടെ അവസ്ഥയെ കുറിച്ച് ലോകം തരുന്ന ഏതൊരു ഉറപ്പും അവഗണിച്ചുകളയണം.* "നമുക്ക് സമാധാനമുണ്ട്, അസാധാരണമായി ഒന്നും സംഭവിക്കുവാൻ പോകുന്നില്ല, അതിനാൽ ഒന്നിനെ കുറിച്ചും വിചാരപ്പെടേണ്ട!" എന്ന് ആളുകൾ പറയുന്നു. അവരുടെ പ്രഖ്യാപനങ്ങൾ സത്യമല്ല എന്നു നാം അറിയുന്നു. അവർ പറയുന്നത് വിശ്വസിക്കരുത്, കാരണം ആ ദിവസം അവസാന നാൾ ആയിരിക്കുമെന്ന് നമുക്ക് അറിയാം.

"*ദൈവത്തിന് ഇഷ്ടമെങ്കിൽ" എന്നു പറയാതെ, ദീർഘ-കാല പദ്ധതികൾ തയ്യാറാക്കാതിരിക്കുക.* അടുത്ത ദിവസമോ, അടുത്ത നിമിഷമോ പോലും ദൈവം നമുക്ക് വാഗ്ദാനം ചെയ്തിട്ടില്ല. താൻ മടങ്ങി വരുമെന്ന് യേശു വാഗ്ദാനം ചെയ്തിരിക്കുന്നു (യോഹ. 14:1-3), പക്ഷെ ആ സമയത്തെ സംബന്ധിച്ച് രഹസ്യമാക്കി വെച്ചിരിക്കുന്നു. അവന്റെ മടങ്ങിവരവ് യാദൃശ്ചികവും അപ്രതീക്ഷിതവുമായിരിക്കുമെന്നതിന് രണ്ട് ചിത്രീകരണങ്ങൾ ഉപയോഗിച്ചിരിക്കുന്നു: കള്ളൻ വരുന്നതും ഗർഭിണിയുടെ പ്രസവ വേദനയും.. യേശു ഏതു സമയത്തും വരാം എന്നു വ്യക്തമാക്കുന്നതാണ് ആ ചിത്രീകരണങ്ങൾ.

അപ്പോൾ നാം എങ്ങനെ ജീവിക്കണം? നാം ലോകത്തിൽ തീർത്ഥാടകരാണ്, രക്ഷകന്റെ വരവിനായി നാം എപ്പോഴും കാത്തിരിക്കണം. ഠയശു ഇന്നലെ മരിക്കയും ഇന്നു പ്രഭാദത്തിൽ ഉയർത്തെഴുന്നേറ്റു സ്വർഗാരോഹണം ചെയ്തു, "ഇന്നു രാത്രി മടങ്ങിവരും" എന്ന വിധത്തിൽ വേണം നാം ജീവിക്കുവാൻ.

ഈസി

**അവസാനത്തിനായി കാത്തിരിക്കൽ (5:1-3)**

ആ രണ്ട് ചിത്രീകരണങ്ങളും (പെട്ടെന്നുള്ള കള്ളന്റെ വരവും ഗർഭിണിക്ക് വരുന്ന പ്രസവ വേദനയും) യേശുവിന്റെ മടങ്ങിവരവിനെ കുറിച്ച് രണ്ട് സത്യങ്ങൾ ഊന്നി പറയുന്നു. ക്രിസ്തുവിന്റെ വരവിനെ കുറിച്ച് നമുക്ക് അറിയാവുന്ന പ്രധാനപ്പെട്ട രണ്ട് സത്യങ്ങളാണ് അവ.

*അപ്രതീക്ഷിതമായ അവന്റെ വരവ്.* കള്ളൻ വരുന്നത് എപ്പോഴായിരിക്കുമെന്ന് അറിഞ്ഞാൽ, നാം ഒരുക്കത്തോടെ നോക്കിയിരിക്കും. ഈ ചിത്രീകരണം തീർച്ചയായും, അവന്റെ വരുന്ന സമയത്തിന്റെ അനിശ്ചിതാവസ്ഥ ബോധ്യമാക്കുന്നതിനാണ്.

*ഒഴിച്ചുകൂടാനാവാത്ത അവന്റെ വരവ്.* ഗർഭിണിയായ സ്ത്രീക്ക് പ്രസവ വേദന വരുന്നത് പെട്ടെന്ന് ആയിരിക്കും. പ്രസവ സമയം വരുമെന്ന് അവൾക്ക് അറിയാം. പ്രസവം ഒഴിച്ചുകൂടാനാവത്തതുമാണ്. കള്ളന്റെ വരവ് പെട്ടെന്ന് ആയിരിക്കുമെങ്കിൽ, ഈ ചിത്രീകരണം ഒഴിച്ചുകൂടാനാത്ത സംഭവത്തെയാണ് കാണിക്കുന്നത്.

അതുപോലെ ആയിരിക്കും ക്രിസ്തുവിന്റെ വരവും. ലോകം പറയുന്നത്, എല്ലാം സുഗമമായി നടക്കുന്നു, ഒരു മാറ്റവും സംഭവിക്കുന്നില്ല എന്നാണ്, പക്ഷെ അവർക്ക് തെറ്റിപ്പോയി. അവർ "സമാധാനം, സുരക്ഷിതം," എന്നു പറയുമ്പോൾ, പെട്ടെന്ന് ആയിരിക്കും നാശം സംഭവിക്കുന്നത്.

യേശുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുവാൻ നമുക്ക് രണ്ട്; ചിത്രീകരണങ്ങൾ മതിയാകും. ക്രിസ്തുവിന്റെ മടങ്ങിവരവിനെ കുറിച്ച് ബൈബിൾ വ്യക്തമാക്കുന്നത്, അവൻ വരുമെന്ന കാര്യം ഒഴിച്ചുകൂടാനാവാത്തതാണ്, പക്ഷെ വരുന്ന സമയത്തെ സംബന്ധിച്ച് ആർക്കും അറിയില്ല എന്നതാണ് സത്യം. തീർച്ചയുള്ളതും തീർച്ചയില്ലാത്തതുമായ കാര്യങ്ങൾ നമുക്ക് മുൻപ

**"ആ നാൾ" (5:1-3)**

"കർത്താവിന്റെ നാൾ" എന്ന പ്രയോഗം, പഴയ നിയമത്തിൽ അടിക്കടി ഉപയോഗിച്ചിരിക്കുന്നതു കാണാം. പുതിയ നിയമത്തിന് മുൻപ് ദൈവത്തിന്റെ ന്യായവിധി ഏതു സമയത്ത് വന്നാലും അല്ലെങ്കിൽ പ്രത്യേക അനുഗ്രഹങ്ങൾ ഒരു ദേശത്തിന്, പൗരന്മാർക്ക്, സാധാരണക്കാർക്ക് നൽകുവാൻ ഉപയോഗ ത്തിലിരുന്നു. ഒരു പട്ടണത്തെയോ അല്ലെങ്കിൽ തന്റെ ആളുകളെ അച്ചടക്കം പഠിപ്പിക്കുവാനും ഇത് ഉപയോഗിച്ചിരുന്നു. പൗലൊസ് ഉപയോഗിച്ച പ്രയോ ഗത്തിന് പഴയനിയമ പശ്ചാത്തലമുണ്ട്.

എങ്ങനെയായാലും, വാക്യം 2 ൽ, ദിവസങ്ങളുടെ ദിവസത്തെ കുറിച്ചാണ് പൗലൊസ് എഴുതിയത്, അത് കാലത്തിന്റെ അവസാന നാളും ലോകാവസാന നാളുമാണ്. ഈ പ്രധാന ദിവസത്തെ പല രീതിയിൽ പുതുയ നിയമത്തിൽ പ്ര തിപാദിച്ചിരിക്കുന്നു. ആ രീതികൾ പരിശോധിച്ചാൽ, ദിവസത്തിന്റെ ശരിയായ കാഴ്ച്ചപ്പാട് മനസിലാക്കാം.

*കർത്താവിനോടുള്ള ബന്ധം നിമിത്തമാണ്, അതിനെ "കർത്തൃദിവസം" എന്നു വിളിച്ചിരിക്കുന്നു.* പൗലൊസ് അതിനെ "കർത്താവിന്റെ നാൾ" എന്നു വിളിച്ചതിന്റെ കാരണം, കർത്താവാണ് അതിന്റെ കേന്ദ്രബിന്ദു. ലോകം വിചാ രിക്കുന്നതുപോലെയുള്ള സംഭവത്തിനല്ല ക്രിസ്ത്യാനികൾ നോക്കിയിരിക്കുന്ന ത്: അവരുടെ വീണ്ടെടുപ്പുകാരന്റെ വരവിനായിട്ടാണ്, അവർ കാത്തിരിക്കുന്നത് ഓരോ കർത്തൃദിവസവും നാം കൂടി വരുന്നത്, അവസാന നാളിന് വേണ്ടിടാ ണ്. അങ്ങനെയാണ് നാം "കർത്തൃദിവസത്തെ" കാണുന്നത് (2 പത്രൊ. 3:12), അതിനെ ക്രിസ്തുവേശുവിന്റെ നാൾ (ഫിലി. 1:6), "കർത്താവായ യേശുക്രി സ്തുവിന്റെ നാൾ" (1 കൊ. 1:8) എന്നും വിളിച്ചിരിക്കുന്നു.

*നീതികെട്ടവരുമായുള്ള ബന്ധത്തിൽ, അതിനെ "കോപദിവസം"* എന്നു വിളിച്ചിരിക്കുന്നു. പൗലൊസ് അതിനെ, "ദൈവത്തിന്റെ നീതി വെളിപ്പെടുന്ന കോപ ദിവസം" (റോമ. 2:5). നീതി കെട്ടവർക്കും അനുസരണം കെട്ടവർക്കും ആ ദിവസം അങ്ങനെയുള്ളതായിരിക്കും. എല്ലാവരും സത്യത്തിന്റെ പരി ജ്ഞാനത്തിൽ എത്തുവാനും രക്ഷിക്കപ്പെടുവാനുമാണ് ദൈവം ആഗ്രഹിക്കു ന്നത് (1 തിമൊ. 2:4). അവൻ സർവ്വ ജനത്തിനുമായിട്ടാണ് രക്ഷ വാഗ്ദാനം ചെയ്തിരിക്കുന്നത്, എന്നാൽ വാഗ്ദാനത്തെ നിഷ്ക്കരുണം തള്ളിക്കളഞ്ഞാൽ, സ്നേഹവാനായ ദൈവത്തിന് കോപിക്കാതിരിക്കുവാൻ സാധ്യമല്ല.

*നീതിമാന്മാർക്ക്, ആ ദിവസം "രക്ഷാ ദിവസം" ആയിരിക്കും.* അതിനെ "ആ ദിലസം" എന്നു മാത്രമാണ് പറഞ്ഞിരിക്കുന്നത്. പൗലൊസ് അതിനെ "വീണ്ടെടുപ്പ് നാൾ" എന്നാണ് വിളിച്ചത് (എഫെ. 4:30). ആ ദിവസം നമ്മുടെ നമമുടെ വീണ്ടെടുപ്പ് അറിയിക്കയും, നാം നിത്യ വീണ്ടെടുപ്പിലേക്ക് പ്രവേശി ക്കയും ചെയ്യും.

*സകലത്തിന്റേയും. അന്ത്യമാകയാൽ, "ആ നാൾ" എന്നു മാത്രമാണ് ആ ദിവസത്തെ പറ്റി പറഞ്ഞിരിക്കുന്നത്.* പൗലൊസ് അതിനെ "ആ ദിവസം" എന്നു മാത്രമാണ് പറഞ്ഞിരിക്കുന്നു (2 തെസ്സ. 1:10), യേശു അതിനെ, "അന്ത്യനാൾ" എന്നാണ് (യോഹ. 6:39). യൂദാ അതിനെ, "മഹാ ദിവസം" വിളിച്ചിരിക്കുന്നു (യൂദാ 6). എല്ലാ സമയവും നീങ്ങുന്നത് ആ ദിവസത്തിലേക്കാണ്, അതിന ാൽ അതിനെ "ആ ദിവസം" എന്നു വിളിക്കുന്നത് ഉചിതമായിരിക്കും. എല്ലാ

കാര്യങ്ങളും ഉറ്റുനോക്കുന്ന "ആ ദിവസം" ക്രിസ്ത്യാനിയുടെ കലണ്ടറിലെ അടയാളപ്പെടുത്തിയ ദിവസം ആയിരിക്കും.

ഏതൊരാൾക്കും ചോദിക്കാവുന്ന ഏറ്റവും വലിയ ചോദ്യമാണ്, "നിങ്ങൾ ന്യായവിധിക്കായി ഒരുങ്ങിയിട്ടുണ്ടോ?" എന്നത്. ആ ദിവസം എങ്ങനെയിരിക്കുമെന്ന് നിർണ്ണയിക്കുന്നത് ആത്മാവിന്റെ അവസ്ഥയായിരിക്കും. നാം വീണ്ടെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുകയാണെങ്കിൽ, നമുക്ക് അത് വീണ്ടെടുക്കപ്പെട്ട ദിനമായിരിക്കും. നാം അനുസരണം കെട്ടവരുടെ കൂട്ടത്തിലാണെങ്കിൽ, അത് നമുക്ക് കോപ ദിവസം ആയിരിക്കും. ഈസി

**കർത്താവിന്റെ നാൾ (5:1-11)**

ക്രിസ്തുവിന്റെ മടങ്ങിവരവിൽ ശ്രദ്ധിച്ചിരുന്ന കാലമായിരുന്നു ഒന്നാം-നൂറ്റാണ്ട്. അപ്പൊസ്തലന്മാർ അങ്ങനെ പഠിപ്പിച്ചതു നിമിത്തമായിരുന്നു അവർ അങ്ങനെ ശ്രദ്ധിച്ചത്. ആ ഒരു സമീപനം വ്യക്തമാക്കുന്നതാണ് എൽബെർട് ബെയിലിയുടെ സംഗീതമായ "വാച്ച് ആന്റ് പ്രെ."

> കർത്താവ് വരുമെന്നതിനാൽ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ,
> ഒരു ദിവസം അവൻ ആകാശമേഘത്തിൽ വരും;
> ശുദ്ധീകരയണ ഉറവയിൽ നിന്റെ വസ്ത്രങ്ങളെ കഴുകുവിൻ,
> ഉണരുക, ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ.
> ..........................................................................
> ആത്മാവേ, രക്ഷകന്റെ മുന്നറിയിപ്പ് ശ്രദ്ധിപ്പിൻ,
> അവന്റെ അനുഗ്രഹീത വചനം അനുസരിപ്പിൻ,
> അവൻ വരുമ്പോൾ, എതിരേൽപാൻ, ഒരുങ്ങുവിൻ,
> ഉണരുവിൻ, ഓ, ഉണർന്നു പ്രാർത്ഥിപ്പിൻ.[48]

ഈ കാഴ്ച്ചപ്പാട് സ്വീകരിപ്പാനായി പൗലൊസ് തെസ്സലൊനിക്യ സഹോദരന്മാരെ പഠിപ്പിച്ചിരുന്നു. 1 തെസ്സസലൊനിക്യർ 4:13–18 ൽ, അവൻ പഠിപ്പിച്ചത്, ക്രിസ്തു മടങ്ങി വരുമ്പോൾ, മരിച്ചവരായ അവരുടെ പ്രിയപ്പെട്ടവർ കാണും എന്നാണ്. 5:1–11 വരെ ക്രിസ്തുവിന്റെ മടങ്ങി വരവിനെ കുറിച്ച് ശരിയായ ഒരു കാഴ്ച്ചപ്പാട് പൗലൊസ് കാണിച്ചുകൊടുത്തു.

ആ വാക്യങ്ങളിൽ, പൗലൊസ് "കാലങ്ങളെ" കുറിച്ചും "സമയങ്ങളെ" കുറിച്ചും പറഞ്ഞിരിക്കുന്നു. "സമയങ്ങൾ" എന്നു സൂചിപ്പിക്കുന്നത്, തീർച്ചയില്ലാത്തതും വിപുലമാക്കപ്പെട്ടതുമായ കാലയളവിനെയാണ്. തീർച്ചയുള്ളതും പ്രത്യേകവുമായ കാലയളവിനെയാണ് "കാലം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പൗലൊസ് എഴുതി, "[അത്തരം കാര്യങ്ങളെ കുറിച്ച്] നിങ്ങളെ എഴുതി അറിയിപ്പാൻ ആവശ്യമില്ല" (വാ. 1). ഇത് യേശു പ്രവൃത്തികൾ 1:7: ൽ പറഞ്ഞ: "പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല." എന്നത് ഇതുമായി യോജിക്കുന്നു. തീർച്ചയായും, ചില ആളുകൾ ക്രിസ്തു എപ്പോൾ വരും എന്നതിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ അന്വേഷിക്കും.[49] അവർ ആഗ്രഹിച്ച വിവരങ്ങളായിരുന്നില്ല പൗലൊസ് നൽകിയത്, മറിച്ച് അവർക്ക് ആവശ്യമുള്ളതായിരുന്നു. "കർത്താവിന്റെ നാൾ" എന്ന ചരിത്രപരമായ വലിയ ദിവസത്തെ കുറിച്ച് അവൻ എന്താണഅ പഠിപ്പിച്ചത്?

*അത് "കള്ളനെ പോലെ വരും."* പൗലൊസ് എഴുതി, "കള്ളൻ രാത്രിയിൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു എന്ന് നിങ്ങൾ തന്നെ നന്നായി അറിയുന്നുവല്ലൊ" (വാ. 2). അവൻ സഭയോടുകൂടെ ആയിരുന്നപ്പോൾ, ഈ വിഷയം പഠിപ്പിച്ചിരുന്നതിനാലാണ്, "നന്നായി അറിയുന്നുവല്ലൊ" എന്ന് പറഞ്ഞത്.

"കള്ളൻ രാത്രിയിൽ" എന്ന ഭാവന പ്രാധാന്യമുള്ളതാണ്. രാത്രിയിലെ ഒരാളുടെ ചലനം മറഞ്ഞിരിക്കുകയും, ഇരക്ക് അപ്രതീക്ഷിതവുമായിരിക്കും. കള്ളൻ അറിയിച്ചചിട്ടായിരിക്കുകയില്ല വരുന്നത്. ആയുധം എടുക്കുന്നതിനോ പൊലീസിനെ വിളിക്കുന്നതിനോ സമയം ലഭിക്കാതെ ശബ്ദമുണ്ടാക്കാതെ പെട്ടെന്നായിരിക്കും വരുന്നത്. അവൻ ഇരകളുടെ അടുത്ത് എത്തുന്നത് ആയുധവുമായയിട്ടായിരിക്കും, വിലപിടിപ്പുള്ള എല്ലാം അവൻ കവർന്നു കൊണ്ടുപോകയും ചെയ്യും.

ക്രിസ്തുവിന്റെ വരവ് കള്ളന്റെ പ്രവൃത്തിയുമായി താരതമ്യം ചെയ്യാവുന്നതല്ല, കാരണം ക്രിസ്തു വരുന്നത് ഉപദ്രവിക്കുവാനല്ല, മറിച്ച്, ക്രിസ്തുവിന്റെ വരവ് പെട്ടെന്ന് ആയിരിക്കുമെന്നും അപ്രതീക്ഷിതമായിരിക്കുമെന്നുമാണ് ചിത്രീകരണം വ്യക്തമാക്കുന്നത്. ആരും പ്രതീക്ഷിക്കാത്ത സമയത്ത്, അവൻ "പെട്ടെന്നു" വരും, സ്വർഗത്തിലെ ദൂതന്മാർക്ക് പോലും അറിയാത്ത സമയമായിരിക്കും അത് (വാ. 3; മത്താ. 24:36; 2 പത്രൊ. 3:10).

*അത് എല്ലാ ആളുകൾക്കും ഒരു സുപ്രധാന സംഭവമായിരിക്കും.* യേശുവിന്റെ മടങ്ങിവരവ് എല്ലാവരെയും ബാധിക്കും. അതിന് വേണ്ടി ഒരുങ്ങാത്തവർക്ക്, പെട്ടെന്ന് സന്തോഷരഹിതമാക്കും. അത്തരം ആളുകൾ പറയുവാൻ ആഗ്രഹിക്കുന്നത് പൗലൊസ് എഴുതി, "സമാധാനം, നിർഭയം" എന്ന്!

1975 ൽ, കടാനിയയിലെ സിസിലി എന്ന സ്ഥലത്ത് ക്രിസ്തുവിന്റെ രണാം വരവിനെ കുറിച്ച് പ്രസംഗിക്കേണിയിരുന്നപ്പോൾ തെരുവീഥിയിൽ കൂടെ, പരസ്യമായി ഉച്ചഭാഷിണിയിലൂടെ "ക്രിസ്തു എപ്പോൾ വരും?" എന്നു ചോദിച്ചു. കാൽനടയാത്രക്കാർ അതിനു ഉത്തരമായി പറഞ്ഞത് "ഒരിക്കലും" എന്നായിരുന്നു. തങ്ങൾ സുരക്ഷിതരാണ് എന്നായിരുന്നു അവരുടെ വിശ്വാസം.

അവർ ഒരുങ്ങാത്തവരും, "ഇരുട്ടിന്റെ," അഥവാ "രാത്രിയുടെ" മക്കളാണ് (വാ. 5), അവർ പാപത്തിൽ, ആത്മിയ അന്ധകാരത്തിലാണ് ജീവിക്കുന്നത്. അവർ ആത്മിയമായി "ഉറങ്ങുന്നവരാണ്." (വാ. 6) അവർ യാഥാർത്ഥ്യത്തെ കാണാത്തവരാണ്. അവർ ദുഷ്ടത പ്രവർത്തിക്കുന്നവരാണ്, അത് സാധാരണ ഇരുട്ടിന്റെ പ്രവൃത്തികളാണ്.

അവർക്ക് "നാശം" വരുന്നു എന്നതാണ് യാഥാർത്ഥ്യം. "അവർക്ക് പെട്ടെന്ന് നാശം വന്നു ഭവിക്കും" (വാ. 3), അത് ഉന്മൂല നാശമായിരിക്കുകയില്ല, നാശകരമായ അവസ്ഥയിൽ തുടരുമെന്നർത്ഥം. അത് നരക യാതനയാണ്.

ഗർഭിണിക്ക് പ്രസവ വേദന വരുന്നതുപോലെയായിരിക്കും പെട്ടെന്ന് നാശം വരുന്നത് (വാ. 3). മുൻപ് മനുഷ്യചരിത്രത്തിൽ സംഭവിച്ചതുപോലെ, പെട്ടെന്ന് ആയിരിക്കും നാശം വരുന്നത്. നോഹയുടെ കാലത്തെ ആളുകൾക്ക് സംഭവിച്ചത് ചിന്തിക്കുക. തങ്ങൾ സുരക്ഷിതരായിരിക്കുമെന്ന് കരുതി ഒരുങ്ങാതിരുന്നവർ, പെട്ടെന്ന് ജലപ്രലയം വരുകയും, പെട്ടകത്തിന്റെ വാതിൽ അടക്കുകയും ചെയ്തപ്പോൾ നാശമായിരുന്നു സംഭവിച്ചത് (1 പത്രൊ. 3:20). ബി.സി. 538 ൽ, പേർഷ്യക്കാരാൽ ബാബിലോണിന് സംഭവിച്ച വീഴ്ച്ചയും നാശവും പെട്ടെന്നായിരുന്നു ബാബിലോൺ ഉറങ്ങിയപ്പോഴായിരുന്നു, പേ

ർഷ്യക്കാർ പെട്ടെന്ന് നദി കടന്ന വന്ന് അവരെ ആക്രമിച്ച് കീഴ്പ്പെടുത്തിയത്,[50] ഒരുങ്ങിയിട്ടില്ലാത്തവർക്ക് ക്രിസ്തുവിന്റെ വരവ് പെട്ടടെന്നായിരിക്കും.

ക്രിസ്തുവിന്റെ വരവ് രാത്രിയിൽ കള്ളൻ വരുന്നതുപോലെ ആയിരുന്നാലും., ക്രിസ്ത്യാനികൾ അവന്റെ വരവിനായി ഒരുങ്ങാതിരിക്കുകയില്ല. "സഹോദരന്മാരേ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല" (വാ. 4). "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുട്ടിൽ വസിക്കുകയില്ല" എന്ന് അരുളിച്ചെയ്തവനെ അവർ പിൻപറ്റുവാൻ തുടങ്ങി (യോഹ. 8:12). "ക്രിസ്തു നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചു [തന്റെ] രാജ്യത്തിലാക്കി വെച്ചു" (കൊലൊ. 1:13). അതിനർത്ഥം, അവൻ വരുന്ന ദിവസവും നാഴികയും നമുക്ക് അറിയാമെന്നാണോ? അല്ല. അത് ദൈവം ഒഴിച്ച് മറ്റാർക്കും അറിയുകയില്ല (മത്താ. 24:36; മർ. 13:32). അതിനർത്ഥം അവൻ വരുന്ന ദിവസം നമ്മുടെ പ്രതീക്ഷയനുസരിച്ചായിരിക്കുമെന്നുമല്ല. അപ്പോൾ, ചിലർ വയലിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരിക്കും (മത്താ. 24:39–41).

എങ്ങനെയായാലും, അതിനർത്ഥം, അവന്റെ വെട്ടെന്നുള്ളതും നമ്മെ സന്തോഷിപ്പിക്കുന്നതുമായിരിക്കും എന്നാണ്. വിശ്വസ്തരായ ക്രിസ്ത്യാനികൾ ആത്മിയമായി ഒരുങ്ങിയിരിക്കും. വിശ്വസ്തരായ ക്രിസ്ത്യാനികൾ "വെളിച്ചത്തിന്റെ മക്കൾ" ആയിരിക്കും (വാ. 5). വിശ്വസ്തരായ ക്രിസ്ത്യാനികൾ അറിയപ്പെടുന്നത്, "വെളിച്ചത്തിൽ നടക്കുന്നവരും ... തമ്മിൽ തമ്മിൽ കൂട്ടായ്മയുള്ള [വരും], അവന്റെ പുത്രനായ യേശുവിന്റെ രക്തം [അവരുടെ] സകല അധർമ്മവും മോചിക്കപ്പെടുന്നവരും ആയിരിക്കും." (1 യോഹ. 1:7). വാസ്തവത്തിൽ ഒരുങ്ങിയിരിക്കുന്നവർ പറയും, "മരണാത്ത!" അതിനർത്ഥം, "കർത്താവേ, വരേണമേ" (1 കൊ. 16:22).

*ക്രിസ്ത്യാനികൾ അതിനായി കൂടുതൽ ഒരുങ്ങിയിരിക്കണം. പൗലൊസ് പറഞ്ഞു,* "നാം ഉണർന്നും സുബോധവുമുള്ളവരായിരിക്ക" (വാ. 6). അതായത്, നാം ആത്മിക അപകടത്തിനിരയാകത്തക്കവണ്ണം "അസ്ഥിരന്മാരാകരുത്". ക്രിസ്ത്യാനികളിൽ ആരെങ്കിലും അസ്ഥിരമനസുള്ളവരാണെങ്കിൽ, ഇപ്പോൾ തന്നെ ഉണരണം! റോമർ 13:11 ൽ, പൗലൊസ് എഴുതി, "ഇത് ചെയ്യേണത് ഉറക്കത്തിൽ നിന്നുണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽതന്നെ; വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു."

പൗലൊസ് പ്രബോധിപ്പിച്ചു, "നമുക്ക് ഉണർന്നും സുബോധവുമായിരിക്കാം" (വാ. 6). അത് അസ്ഥിരതയുടെ നേരെ എതിരാണ്. ഉറങ്ങുമ്പോൾ അനുഭവപ്പെടുവാനിടയുള്ള അപകടങ്ങൾ ഒഴിവാക്കുവാൻ ഉണർന്നിരിക്കുവാനുള്ള നിർണ്ണയമാണ്. തന്റെ എല്ലാ പ്രവർത്തികൾക്കും സജ്ജമാകുന്ന ഒരു "പ്രഭാത വ്യക്തി" യെയാണ് ഇവിടെ നാം കാണുന്നത്. ബൈബിൾ വായനയാലും, പ്രാർത്ഥനയാലുമാണ് നാം ഉണർന്നിരിക്കേണ്ടത്.

ദൈവത്തിന്റെ ആയുധം ധരിച്ചുകൊണ്ടാണ് ക്രിസ്ത്യാനികൾ ഒരുങ്ങേണ്ടത്. അതിൽ വിശ്വാസവും, പ്രത്യാശയും, സ്നേഹവും ഉൾപ്പെടുന്നു (വാ. 8). പൗലൊസ് ആദ്യം പറഞ്ഞത് "വിശ്വാസം എന്ന കവചവും സ്നേഹവും" ആണ്. "വിശ്വാസം," ദൈവത്തിൽ ആയിരിക്കണം, പ്രത്യേകിച്ച് പരീക്ഷണങ്ങളിലും, പ്രതിസന്ധികളിലും (യാക്കൊ. 1:1–4 നോക്കുക). "സ്നേഹം" നമുക്ക് ദോഷം ചെയ്താൽ പോലും, അവർക്കു പോലും നന്മ ചെയ്യുവാനുള്ള ശക്ത

മായ വികാരം ആണ്. സാത്താൻ നമ്മെ ഉപദ്രവിക്കുമ്പോൾ, നമുക്ക് കവചമായി തീരുന്നതാണ് "വിശ്വാസവും സ്നേഹവും."

അടുത്തത്, പൗലൊസ് പറഞ്ഞിരിക്കുന്നത്, "രക്ഷയുടെ പ്രത്യാശ എന്ന ശിരസ്ത്രം" ചിലത്‌ലഭിക്കുമെന്ന പ്രതീക്ഷ നൽകുന്നതാണ് പ്രത്യാശ. നമ്മുടെ പ്രത്യാശ "രക്ഷയുടേതാണ്." സ്വർഗീയ ഭവനത്തിൽ എത്തിച്ചേരുന്ന ദൈവത്തോട് അന്തിമമായി നിരപ്പിലെത്തുമെന്നതാണ്. അത് നമ്മുടെ തലയെ സംരക്ഷിക്കുന്ന ആയുധമാണ്. സാത്താൻ നമുക്ക് എതിതെ പരീക്ഷണങ്ങൾ ഉയർത്തുമ്പോൾ, നമ്മുടെ മനസിൽ സ്വർഗം സൂക്ഷിക്കുവാൻ പ്രത്യാശ കാത്തുകൊള്ളണം.

ക്രിസ്തുവിന്റെ മടങ്ങി വരവിനായി ഒരുങ്ങുവാൻ ദൈവത്തിന്റെ ആയുധം നമ്മെ സഹായിക്കും. വെള്ള വസ്ത്രം ധരിച്ച് മലമുകളിൽ പോയി കാത്തിരിക്കുകയല്ല വേണ്ടത്, പിന്നെയോ, നമ്മുടെ ഉള്ളിൽ ശക്തമായ വിശ്വാസത്തോടുകൂടി അവനായി ജീവിക്കണം:

ക്രിസ്തുവിൻ സേന വീരരേ, എഴുന്നേൽപിൻ
നിങ്ങളുടെ ആയുധം ധരിപ്പിൻ;
അവന്റെ പുത്രൻ മുഖാന്തരം തരുന്ന,
ബലത്തിൽ ശക്തിപ്പെടുവിൻ.[51]

*ക്രിസ്തു മടങ്ങി വരുമ്പോൾ, ക്രിസ്ത്യാനികൾ തങ്ങളുടെ ലക്ഷ്യസ്ഥാനം തിരിച്ചറിയും.* പൗലൊസ് പറഞ്ഞു, "ദൈവം നമ്മെ കോപത്തിനല്ല, നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷ പ്രാപിക്കേണ്ടതിനത്രെ"(വാ. 9). അവിശ്വസ്തർക്ക് വരുവാനുള്ളത് കോപമാണെന്നത്രെ ഇവിടെ അന്തർലീനമാക്കിയിരിക്കുന്നത്. "നിയമിച്ചിരിക്കുന്നു" എന്നു പറഞ്ഞാൽ, ദൈവം അവരെ തന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നാണ്. എന്തിനോടെങ്കിലും, ശക്തമായ വികാരം പ്രകടിപ്പിക്കുന്നതാണ് "കോപം." അത് പാപത്തോടുള്ള, ദൈവത്തിന്റെ പ്രതികരണം, അല്ലെങ്കിൽ വികാരമാണ്. ഈ വാക്യത്തിൽ, "കോപം" അനുസരണം കെട്ടവരോടുള്ള അവന്റെ പ്രതികരണമാണ്, അതായത്, "നിത്യനാശം എന്ന ശിക്ഷാവിധി" (2 തെസ്സ. 1:9). ദൈവം ആരെയും ശിക്ഷിക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് സത്യം (2 പത്രൊ. 3:9), അതുകൊണ്ടാണ് അതിൽനിന്നു ഒഴിഞ്ഞു മാറുവാൻ വഴി ഒരുക്കിയത്. ശിക്ഷയിൽ നിന്നു പുറത്തുവരുവാൻ വഴി തിരഞ്ഞെടുത്തവരാണ് ക്രിസ്ത്യാനികൾ.

"നമ്മുടെ കർത്താവ് മുഖാന്തമുള്ള രക്ഷക്കായി" ക്രിസ്ത്യാനികളെ "നിയമിച്ചിരിക്കുകയാണ്." യേശു മാത്രമാണ് "ഏക വഴി ... അവൻ മുഖാന്തരം മാത്രമാണ് പിതാവിങ്കൽ എത്തുവാൻ കഴിയുന്നത്." (യോഹ. 14:6). നമുക്ക് "രക്ഷ പ്രാപിക്കുവാനുള്ള" അല്ലെങ്കിൽ സ്വർഗത്തിൽ നിരന്നു കൊൾവാൻ ദൈവം നമ്മെ "നിയമിച്ചിരിക്കുന്നു." അങ്ങേങനെ ചെയ്തത്, "നാം അവനോടുകൂടെ ജീവിക്കേണ്ടതിനാണ്" (വാ. 10). വ്ശ്വസ്തരായ നാം ആണ് സ്വർഗത്തിൽ പ്രവേശിക്കുന്നത്. അവൻ മടങ്ങീ വരുമ്പാൾ, നാം ജീവിച്ചിരുന്നാലും മരിച്ചാലും, വിശ്വസ്തരായ എല്ലാവരേയും അവിടെ നമുക്ക് കാണാം.

"ആകയാൽ അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ" (വാ. 11). നമ്മുടെ ലക്ഷ്യസ്ഥാനം അഥവാ രക്ഷ ഇതാണ് എന്നത്രെ മറ്റുള്ളവരെ പ്രബോധിപ്പിക്കേണ്ടത്. തെസ്സലൊനിക്യ സഭ ഇത് ചെയ്തുകൊണ്ടിരുന്നു (വാ. 11), എന്നാൽ

അത് അധികം ചെയ്യുവാനായിരുന്നു പൗലൊസ് അവരെ ഉൽസാഹിപ്പിച്ചത്. നമ്മുടെ ഈ മനോരമായ ഭാവി എല്ലാവരെയും അറിയിക്കണം. നാം വിശ്വസ്തരാകുവാനും അങ്ങനെ തന്നെ നിലനിൽക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ. ഈ ഈ

**സത്യ ജീവൻ**

എവിടെയാണ് ജീവൻ? എവിടെയാണ് വാസ്തവത്തിലുള്ള ജീവൻ?

അവിശ്വാസത്തിലല്ല—
പ്രഖ്യാപിക്കാവുന്ന ഏറ്റവും വലിയ അവിശ്വാസിയായിരുന്നു വോൾട്ടെയർ.
അയാൾ എഴുതി: "ഞാൻ ഒരിക്കലും ജനിക്കാതിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുന്നു"
സുഖത്തിൽ അല്ല—
സുഖലോലുപനായി ജീവിച്ച ആളായിരുന്നു ലോർഡ് ബൈറൺ. അയാൾ എഴുതി:
"പുഴുവും, കീടവും, ദുഃഖവും എല്ലാം, എന്റേതു മാത്രമായിരുന്നു."
പണത്തിൽ അല്ല—
അമേരിക്കയിലെ കോടീശ്വരനായ ജയേ ഗുൽഡിന് അത് ധാരാളം ഉണ്ടായിരുന്നു.
മരിക്കുമ്പോൾ അയാൾ പറഞ്ഞു, "ഭൂമിയിൽ വെച്ച് ഏറ്റവും കുഴപ്പം പിടിച്ച മനുഷ്യൻ
ഞാൻ ആണെന്ന് കരുതുന്നു."
സ്ഥാനത്തിലോ പ്രസിദ്ധിയിലോ അല്ല—
അവ രണ്ടും മതിയാവോളം ആസ്വദിച്ച മനുഷ്യനായിരുന്നു ലോഡ് ബീക്കൺസ്ഫീൽഡ്.
അയാൾ എഴുതി, "യുവത്വം തെറ്റും, പുരുഷത്വം, പ്രതിസന്ധി നിറഞ്ഞതും; വാർദ്ധക്യം
പശ്ചാത്താപം നിറഞ്ഞതുമാണ്."
സൈന്യമഹത്വത്തിലും അല്ല—
തന്റെ കാലത്ത് ലോകം മുഴുവൻ കീഴ്പ്പെടുത്തിയ ചക്രവർത്തിയായിരുന്നു അലെക്സാണ്ടർ.
അങ്ങനെ ചെയ്തിട്ട് തന്റെ കൂടാരത്തിൽ അവൻ കരയുകയായിരുന്നു, കാരണം അവൻ പറഞ്ഞു,
"ഇനി കീഴടക്കുവാൻ ലോകത്തിൽ രാജ്യമില്ലല്ലൊ."
പിന്നെ, എവിടെയാണ് സന്തോഷം?
ഉത്തരം ലളിതമാണ്, ക്രിസ്തുവിൽ മാത്രം. അവൻ പറഞ്ഞു, "ഞാൻ വന്ന് നിങ്ങളെ ഇനിയും കാണും, നിങ്ങളുടെ ഉള്ളിൽ സന്തോഷം നിറയും, ആരും അത് നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല."

"ക്രിസ്തുവിനോടുകൂടിയുള്ള ജീവിതം അവസാനിക്കാത്ത പ്രത്യാശ നൽകുന്നു, എന്നാൽ ക്രിസ്തുവിനെ കൂടാതെയുള്ള ജീവിതം പ്രത്യാശയി

ല്ലാത്ത അന്ത്യമായിരിക്കും."[52]

യേശു ഇന്ന് വരികയാണെങ്കിൽ, അത് നമുക്ക് എപ്രകാരമായിരിക്കും? അത് നമുക്ക് അവസാനിക്കാത്ത പ്രത്യാശയായിരിക്കുമോ അതോ പ്രത്യാശ യില്ലാത്ത അന്ത്യമായിരിക്കുമോ? ഈഉഈ

**വെളിച്ചത്തിന്റെ മക്കളായി (5:4-11)**

കള്ളൻ രാത്രിയിൽ വരുന്നതുപോലെയാണ് യേശു വരുന്നതെങ്കിൽ, അപ്പോൾ എങ്ങനെയിരിക്കും? നാം ജീവിച്ചിരിക്കുമോ? രണ്ടു വിധത്തിലുള്ള ക്രിസ്തീയ സ്വഭാവത്തെ പൗലൊസ് വരച്ചു കാണിച്ചിരിക്കുന്നു.

*നാം സൂക്ഷിച്ചിരിക്കണം.* യേശു വരികയില്ലായിരിക്കും എന്നു കരുതി, നാം ഇരുട്ടിലല്ല ജീവിക്കേണ്ടത്. അവന്റെ വരവിനെ കുറിച്ചുള്ള സത്യം ന മുക്ക് അറിയാം, അതിനാൽ നാം സത്യത്തിന്റെ പരിജ്ഞാനത്താൽ നടക്ക ണം. നാം "വെളിച്ചത്തിന്റെ മക്കൾ" ആണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു, കാരണം നാം സത്യത്തിലും വെളിച്ച സ്വഭാവത്തിലും നടക്കേണ്ടവരാണ്. നാം "പകലിന്റെ മക്കൾ" എന്നും അവൻ പറഞ്ഞിരിക്കുന്നു, കാരണം നാം കർത്താവിന്റെ നാൾ നോക്കി പാർത്തു ജീവിക്കുന്നു. ആ നാൾ വരുമെന്ന് നാം അറിഞ്ഞിരിക്കയാൽ, ആ നാളിനായി ഒരുങ്ങിയിരിക്കുന്നവരാണ്.

*നാം ഉണർന്നിരിക്കണം.* എന്തും എപ്പോഴും സംഭവിക്കാമെന്നതിനാൽ, നാം ഉണർന്നു സുബോധത്തോടെയിരിക്കണം ചിലർ രാത്രിയിൽ മദ്യപിക്കു ന്നവരെ പോലെ ആണ് എന്ന് അവൻ പരഞ്ഞിരിക്കുന്നു. അവർ ജീവിതത്തെ ഗൗരവമായി കാണാതെ, സാധ്യതകളെ കുറിച്ച് ബോധമില്ലാതിരിക്കുന്നു. എന്നാൽ. ക്രിസ്ത്യാനി ജീവിതം ആസ്വദിക്കുന്നു. എന്നാൽ സുബോധമുള്ള ഒരു വശമുണ്ട്. ഏത് സമയത്തും സകലത്തിന്റേയും അന്ത്യം സംഭവിക്കുമെന്ന് അവന് അറിയാം.

ഏതു കാലത്ത് ജീവിക്കുന്ന ക്രിസ്ത്യാനിയും ക്രിസ്തു ഏതു സമയത്തും വരുമെന്നതിനാൽ നാം എപ്പോഴും ഉണർന്ന് സുബോധത്തോടെ ഒരുങ്ങിയിരി ക്കണം. ഈസി

**സുബോധത്തോടെ ജീവിക്കൽ (5:8-11)**

തെസ്സലൊനിക്യർ വെളിച്ചത്തിന്റെ മക്കൾ ആകയാൽ, യാദൃശ്ചിക സംഭവ ങ്ങൾ അവരെ എടുത്തു കളയുകയില്ല. ഉണർന്ന് സുബോധത്തോടെയിരിപ്പാന ാണ് പൗലൊസ് അവരോട് പറഞ്ഞത്. എങ്ങനെയായാലും, ഉണർന്ന് ഇരിക്കു മ്പോൾ അവർക്ക് ചില ഉത്തരവാദിത്തങ്ങളുണായിരുന്നു. സുബോധമുള്ളവർ എങ്ങനെ ജീവിക്കും?

*വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും കവചം.* ക്രിസ്ത്യാനി ഒരു ഭടൻ ആകയാൽ, അവൻ ആയുധം ധരിക്കണം. അവൻ വിശ്വാസവും സ്നേഹവും എടുത്ത് തന്റെ ഹൃദയത്തതെ സൂക്ഷിച്ച്, ഒരുങ്ങിയിരിക്കണം.

*പ്രത്യാശയെന്ന ശിരസ്ത്രം.* സുവിശേഷം അനുസരിക്കുന്നതിനാലും, യേശുവിന്റെ രക്തത്താലുമുള്ള ശുദ്ധീകരണം തനിക്ക് ലഭിച്ചു എന്ന് അവൻ അറിയുന്നു. വർത്തമാനകാല വസ്തുതയും ഭാവി പ്രത്യാശയുമാണ് അവന്റെ രക്ഷ. കഴിഞ്ഞകാല പാപത്തിൽനിന്നാണ് അവൻ രക്ഷ പ്രാപിക്കുന്നത്, അവൻ വെളിച്ചത്തിൽ നടന്ന് തന്റെ രക്ഷ സൂക്ഷിക്കുകയും, സ്വർഗത്തിൽ തനിക്ക്

നിത്യജീവൻ ലഭിക്കുന്ന ഭാവി കാഴ്ച്ചപ്പാടുമായി അവൻ ജീവിക്കുന്നു.

*പ്രബോധന വാക്ക്.* അവർ ക്രിസ്തുവിൽ വിശ്വസ്തരായി, സഹോദരങ്ങൾ എന്നപോലെ അന്യോന്യം ആത്മിക വർദ്ധനെക്കായി പ്രബോധിപ്പിക്കേണ്ടവരാണ് എന്ന് പൗലൊസ് പറഞ്ഞു.

നാം ഉറങ്ങിയാലും, ഉണർന്നിരുന്നാലും, ഒരുമിച്ചു ചേരും. കർത്താവ് മടങ്ങി വരുമ്പോൾ, മുൻപ് മരിച്ചവരെയും അപ്പോൾ ജീവിച്ചിരിക്കുന്നവരെയും ആണ് ആ വാക്യം സൂചിപ്പിക്കുന്നത് (വാ. 9, 10). നാം മരിച്ചാലും ജീവിച്ചിരുന്നാലും അവൻ വരുമ്പോൾ എല്ലാവരും ഒത്തു ചേരും. ക്രിസ്ത്യാനികൾ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും യോജിച്ചിരിക്കും.

ഉണർന്നിരിക്കൽ നമ്മെ മൂന്നു ദിശയിലേക്ക് നയിക്കുന്നു: കർത്താവിങ്കലേക്കും, സഹോദരങ്ങളിലേക്കും, ഭാവിയിലേക്കും. കർത്താവിങ്കലേക്ക് ഉണർന്നിരിക്കേണ്ട ഉത്തരവാദിത്തം നമുക്ക് ഉണ്ട്. കർത്താവിനോടും, കർത്താവിന്റെ ജനത്തോടും, കർത്താവിന്റെ വരവിനോടും നമുക്ക് ഉത്തരവാദിത്തമുള്ള കാര്യം നാം മറക്കരുത്. ഈസി

**ദിവസങ്ങളുടെ ദിവസം (5:1-11)**

വിശ്വസ്ത ക്രിസ്ത്യാനികൾക്ക് പ്രത്യാശ നൽകുന്നതാണ് യേശുവിന്റെ മടങ്ങി വരവ്. അത് ഭാവിയിലേക്കു പ്രത്യാശ നൽകുന്നതിനാൽ, ഇപ്പോൾ നമുക്ക് ആശ്വാസവും സമാധാനവും തരുന്നു.

യേശുവിന്റെ വരവിനായി നാം കാത്തിരിക്കുന്നതിനാൽ, ആ വലിയ ദിവസത്തിനായി നാം ഒരുങ്ങണം. ഈ സംഭവത്തെ കുറിച്ചാണ് 1 തെസ്സലൊനിക്യർ 5 ന്റെ ആദ്യഭാഗം സംസാരിക്കുന്നത്. ഈ സന്ദേശം തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളെ ബോധ്യപ്പെടുത്തുന്നതിന്റെ കാരണം, അവർക്ക് കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ച് അറിയാത്തതുകൊണ്ടല്ല, മറിച്ച് കർത്താവന്റെ വരവിനായി ഭക്തിയോടെ ജീവിച്ച് ഒരുങ്ങേണ്ടതിനായി അവരെ ഉത്തേജിപ്പിക്കേണ്ടതിനായിരുന്നു. "നിങ്ങളെ എഴുതി അറിയിക്കേണ ആവശ്യമില്ല" എന്നു പറഞ്ഞുകൊണ്ടാണ് ആ ഭാഗം തുടങ്ങുന്നത് (5:1), "നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുപോലെ" എന്നു പറഞ്ഞുകൊണ്ടാണ് അവസാനിപ്പിക്കുന്നത് (5:11), അത് വ്യക്തമാക്കുന്നത് അവർക്ക് കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ച് അറിയാമായിരുന്നു എന്നും അവർ നല്ല ജീവിതം നയിച്ചുകൊണ്ടിരുന്നു എന്നുമാണ്.

യേശുവിന്റെ മടങ്ങി വരവിനെ കുറിച്ച് കൂടുതൽ അറിയുന്തോറും, നമ്മുടെ ജീവിതം നല്ല രീതിയിൽ ഉപയോഗിച്ച് ബുദ്ധിയോടെ അവന്റെ വരവിനായി ഒരുങ്ങുവാൻ കഴിയും. അവന്റെ വരവ് ഏതുപോലെ ആയിരിക്കും, അതിനായി നമുക്ക് എങ്ങനെ ഒരുങ്ങുവാൻ കഴിയും?

*അവന്റെ വരവിനായി ഒരുങ്ങൽ (5:1–3).* യേശു തീർച്ചയായും വരുമെന്നാണ് പൗലൊസ് പറഞ്ഞത് (5:1). ആ വരവിന്റെ സമയം അനിശ്ചിതമാണെന്നും അവൻ പറഞ്ഞിരുന്നു. ആ രണ്ടു സന്ദേശങ്ങളും തെസ്സലൊനിക്യയിലെ യുവ ക്രിസ്ത്യാനികൾ സ്വീകരിച്ചു.

ഒരു വിഷയത്തെ കുറിച്ച് ഉപദേശിച്ചുകഴിഞ്ഞാൽ പിന്നീട് അതിനെ കുറിച്ച് സംസാരിക്കേണ്ട ആവശ്യമില്ല എന്ന് ചിലപ്പോൾ ഉപദേഷ്ടാക്കന്മാർ ചിന്തിച്ചേക്കാം. ഈ സന്ദേശം മടുപ്പിക്കുന്ന ഒന്നല്ല: ആവർത്തിക്കുവാൻ ദൈവം ആഗ്രഹിച്ച ഒരു വിഷയമാണ് അത്. ആ ഇടവകക്ക് വളർന്ന് പക്വതയിലെത്തുവാൻ

ആ സന്ദേശം ആവശ്യമായിരുന്നു.

സന്ദേശം എന്തായിരുന്നു? കള്ളൻ രാത്രിയിൽ വരുന്നതുപോലെ, പെട്ടെന്ന് അപ്രതീക്ഷമായിട്ടായിരിക്കും കർത്താവിന്റെ വരവ് (5:2). യേശുവിന്റെ മടങ്ങിവരവ് മുന്നറിയിക്കുന്ന മത നേതാക്കൾ ഈ സന്ദേശം സ്വീകരിക്കാത്തവരാണ്. അവരുടെ അവകാശങ്ങളെല്ലാം ഊഹാപോഹം മാത്രമാണ്. അവരുടെ അവകാശങ്ങളുടെ പുറകെ പോകുന്നവർ ദൈവ വചനത്തിലല്ല, മറിച്ച് ജനങ്ങളിലാണ് വിശ്വസിക്കുന്നത്. അവർ നിരാശിതരാകും എന്ന കാര്യത്തിൽ സംശയമില്ല. നേരെ മറിച്ച്, പൗലൊസ് തുടങ്ങിയ അദ്ധ്യക്ഷന്മാർ യേശുവിന്റെ തീർച്ചയുള്ള മടങ്ങിവരവിലും, തീർച്ചയില്ലാത്ത സമയത്തിലും വിശ്വസിച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം.

തെസ്സലൊനിക്യയിലുള്ളവർ ക്രിസ്ത്യാനികളായപ്പോൾ, യേശു തങ്ങളെ രക്ഷിക്കുമെന്ന് അവർ അവർ അറിഞ്ഞിരുന്നു. അവർ ദൈവത്തിന്റെ കൃപക്ക് വിധേയപ്പെട്ടിരിക്കയാൽ, തങ്ങളുടെ പാപങ്ങൾക്കുള്ള ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെടും എന്ന് അവർ വിശ്വസിച്ചു (1:10 നോക്കുക). യേശു ഒരിക്കലും മടങ്ങിവരാൻ പോകുന്നില്ല, അതിനാൽ തങ്ങളുടെ തെറ്റുകൾക്ക് അവർ കണക്കു കൊടടുക്കേണ്ടി വരികയില്ല എന്നാണ് വേറെ ചിലർ കരുതുന്നത്. തങ്ങളുടെ ഭദ്രതയെ ഭീഷണിപ്പെടുത്തുന്ന ഒന്നുമില്ല എന്നാണ് അവരുടെ വിശ്വാസം. യേശുവിന്റെ വരവിൽ അവിശ്വാസികളെ ശിക്ഷിക്കുകയും നശിപ്പിക്കുകയും ചെയ്യും. ആ വരവ് ഗർഭിണിക്ക് പ്രസവ വേദന വരുന്നതുപോലെയായിരിക്കും (5:3). തന്നിൽ വിശ്വാസം അർപ്പിച്ചിരുന്നവരെ എടുക്കുവാനാണ് യേശു വരുന്നത്. വിശ്വാസം കൂടാതെ ജീവിക്കുന്നവർ തങ്ങളുടെ പാപങ്ങളുടെ അനന്തരഫലം അനുഭവിക്കും.

യേശുവിന്റെ വരവ് പെട്ടെന്ന് ആയിരിക്കുമെന്ന് പറഞ്ഞിരിക്കുന്നത് ക്രിസ്ത്യാനികളെ ഭയപ്പെടുത്തി അനുസരിപ്പിക്കുന്നതിനല്ല. ആ സത്യം അവർക്ക് നല്ലതുപോലെ അറിയാമായിരുന്നു. അവരുടെ ആത്മിയ ക്ഷേമം യേശു കൈകാര്യം ചെയ്യുന്നത് അവർ ദൈവത്തിന്റെ സന്നിധിയിലാകുമ്പോഴാണെന്ന് ഈ സന്ദേശം അവരെ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. അതിനിടക്ക് അവർ യേശു ആഗ്രഹിക്കുന്ന രീതിയിൽ ഉള്ള ജീവിതം അവർ നയിക്കണമായിരുന്നു.

യേശു മടങ്ങി വരുമെന്ന കാര്യത്തിൽ നമുക്ക് തീർച്ചയുണ്ടോ? അത് ഏതു സമയത്തും സംഭവിക്കാമെന്ന് നാം തിരിച്ചറിയുന്നുണ്ടോ? ഇത് മനസിൽ വെച്ചുകൊണ്ടാണോ നാം നമ്മുടെ ദൈനന്തിന ജീവിതം നയിക്കുന്നത്? ഓരോ ദിവസവും ഓരോ ആഴ്ച്ചയും ഈ സത്യം നമ്മെ ഓർപ്പിക്കുന്നത് പ്രാധാന്യമുള്ള കാര്യമാണ്!

*വെളിച്ചത്തിന്റെ മക്കൾ ആകൽ (5:4–7).* പുതിയ നിയമത്തിൽ, വെളിച്ചവും പകലും ദൈവവുമായുള്ള ബന്ധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്; ഇരുട്ടും രാത്രിയും സാത്താനുമായുള്ള ബന്ധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. “ദൈവം വെളിച്ചമാകുന്നു, അവനിൽ ഇരുട്ട് ഒട്ടുമില്ല” എന്നാണ് നമ്മോട് പറഞ്ഞിട്ടുള്ളത് (1 യോഹ. 1:5). യേശുവിനെ “ലോകകത്തിന്റെ വെളിച്ചം” ആയിട്ടാണ് പറഞ്ഞിരിക്കുന്നത് (യോഹ. 8:12). ദൈവത്തെ അനുഗമിച്ചവരെ “വെളിച്ചത്തിന്റെ മക്കൾ” എന്നാണ് വിളിച്ചിരിക്കുന്നത് (എഫെ. 5:8). അതിൽനിന്ന് വ്യത്യസ്തമായി സാത്താന് “ഇരുട്ടിന്റെ അധികാരം” ഉണ്ടെന്നും (കൊലൊ. 1:13), അവനെ അനുഗമിക്കുന്നവർ “ഇരുട്ടിൽ ആണ് നടക്കുന്നത്” എന്നും

പറഞ്ഞിരിക്കുന്നു (യോഹ. 12:35).

ആ പ്രയോഗങ്ങൾ ദൈവത്തിന്റേയും സാത്താന്റേയും സ്വഭാവ വ്യത്യാസങ്ങൾ പ്രകടമാക്കുന്നു. ദൈവത്തിന്റെ വചനം എപ്പോഴും സത്യമാണ് (യോഹ. 17:17). എന്നാൽ സാത്താൻ എപ്പോഴും ഭോഷ്ക്ക് പറയുന്നവനും അവന്റെ അപ്പനുമാകുന്നു എന്നാണ് മുന്നറിയിച്ചിരിക്കുന്നത് (യോഹ. 8:44). ദൈവം നമ്മെ ദത്തെടുത്തിരിക്കുകയാൽ, ക്രിസ്ത്യാനികളായി തീർന്ന നാം "വെളിച്ചത്തിന്റേയും പകലിന്റേയും മക്കൾ" ആണെന്ന് ഈ ലേഖനം നമ്മെ ഓർപ്പിക്കുന്നു (5:5).

ദൈവത്തിനും സാത്താനും വ്യത്യാസം ഉള്ളതുപോലെ, ദൈവസന്നിധിയിലുള്ളവരും സാത്താന്റെ പക്കലുള്ളവരും തമ്മിൽ വ്യത്യാസം ഉണ്ട് (5:5-7). നാം വാസ്തവത്തിൽ സ്വർഗിയ പിതനാവിന്റെ ശിഷ്യന്മാരായാൽ, നാം അവനെ പോലെ കാണപ്പെടും. എങ്ങനെയാണ് നാം നമ്മുടെ പിതാവിനെ പോലെ കാണപ്പെടുനനത്? നാം വിശ്വസിക്കുന്ന വിധത്തിൽ! അത്തരം പെരുമാറ്റം നമ്മെ "സുബോധത്തോടെ ഉണർന്നിരിക്കുവാൻ" നമ്മെ സഹായിക്കും (വാ. 6). അശ്രദ്ധയോടെ കുടിച്ചു മത്തരായവർക്ക് ശരിയായി പെരുമാറുവാനുള്ള തീരുമാനം എടുക്കുവാൻ പ്രയാസമാണ്.

വിശ്വാസം നിമിത്തം ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളായിരുന്നു തെസ്സലൊനിക്യയിലുണ്ടായിരുന്നത്. ദൈവത്തെ അനുഗമിക്കുന്നതിൽനിന്ന് അവരെ പിന്തിരിപ്പിക്കുവാൻ എന്തെല്ലാം ചെയ്യുവാൻ കഴിയുമോ അതെല്ലാം സാത്താൻ ചെയ്യുമായിരുന്നു. ഉണർന്ന് സുബോദത്തോടെ ഇരിക്കാത്ത ഒരാൾ എളുപ്പത്തിൽ വിഗ്രഹത്തെ ആരാധിക്കുന്നതിലേക്ക് തിരിയും. തനിക്ക് ചുറുപാടുമുള്ള ആളുകൾ ശീലിക്കുന്ന പ്രവണതകളെ അവ ലംബമാക്കി എത്ര എളുപ്പത്തിലാണ് ഒരാൾ അധാർമ്മിക ലൈംഗികതയിലേക്കകും അഭക്തിയിലേക്കും തിരിയുന്നത്. എത്ര എളുപ്പത്തിലാണ്! ഒരാൾ തന്റെ പഴയ സ്വഭാവത്തിലേക്കും പഴയ വഴികളിലേക്കും മാറുന്നത് എന്നു കാണാവുന്നതാണ്.

സത്യദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ജീവിക്കുന്ന ക്രിസ്ത്യാനികൾ സകല പരീക്ഷണങ്ങളെയും നേരിടുവാൻ അണർന്നിരിക്കുന്ന മനസ് അവർക്ക് ആവശ്യമായിരുന്നു. അവർ വ്യത്യാസമുള്ളവരായിരുന്നു, അതിനെ അവരെ ആളുകൾ ഉപദ്രവിച്ചു; തങ്ങൾ ആരുടെ മക്കൾ-ദൈവത്തിന്റെ മക്കൾ എന്ന് തെളിയിച്ചു.

നമ്മെ സംബന്ധിച്ചോ? നാം ഉണർന്നിരിക്കുന്നവരും ഇന്ദ്രിയ-ജയമുള്ളവരുമാണോ അതോ പെട്ടെന്ന് കവർന്നെടുക്കപ്പെടുന്നവരും, ദൈവനാമം വൃഥാ എടുത്ത് നമ്മുടെ മേലുദ്യോഗസ്ഥനെ വഞ്ചിക്കുകയും ചെയ്യുന്നവരാണോ? സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങി നാശത്തിലേക്ക് പോകന്ന അനേകരിൽ ഉൾപ്പെടാതിരിക്കേണ്ടതിന്ന് നാം അവയിൽ ഉൾപ്പെടാതെ നിവർന്നു നിൽക്കണം. നമ്മുടെ ഇന്ദ്രിയങ്ങളെ മുഴുവനും നിയന്ത്രിച്ച് മയക്ക് മരുന്നും ലഹരി പദാർത്ഥങ്ങളും ഒഴിവാക്കി വ്യത്യസ്തരായി നാം കാണപ്പെടണം. തെറ്റായ മാതൃകയുള്ളതും മോശമായ സ്വാധീനം ചെലുത്തുന്നതുമായ സ്ഥലങ്ങളിൽ നാം പോകരുത്. അന്ധകാര ലോകത്തിൽ നാം വെളിച്ചത്തതിന്റെ മക്കളായി നാം അറിയപ്പെടണം. ഫിലിപ്പപിയയിലലെ ക്രിസ്ത്യാനികളോട് പറഞ്ഞതുപോലെ, "... വക്രതയും കോട്ടവുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കളും ആകേണ്ടതിന്ന് അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ

ജ്യോതിസുകളെ പോലെ പ്രകാശിക്കുന്നു" (ഫിലി. 2:15).

"പ്രിയ മക്കൾ എന്ന പോലെ ദൈവത്തിന്റെ അനുകാരികൾ ആകുവാൻ," യേശുക്രിസ്തു ജീവിച്ചതുപോലെ ജീവിക്കുവാൻ, ഇന്ന് നാം നേരിടുന്നതുപോലെ, അന്നത്തെ ക്രിസ്ത്യാനികളും വെല്ലുവിളി നേരിട്ടിരുന്നു (എഫെ. 5:1). നമ്മുടെ സ്വർഗീയ പിതാവിനെ പോലെയാണോ നാം കാണപ്പെടുന്നത്? നമ്മെ നോക്കി "അയാൾ സ്വർഗസ്ഥനായ പിതാവിനെ പോലയാണ്" എന്നു പറയുമോ? ഏറ്റവും വലിയ പ്രശംസ അതായിരിക്കും!

*ദൈവത്തിന്റെ ആയുധം ധരിക്കൽ (5:8–10).* തെസ്സലൊനിക്യർ ഈ വിധത്തിൽ ഒരുങ്ങി ജീവിച്ചത് എങ്ങനെയാണ്? സാത്താന്റെ വെല്ലുവിളികളെ നേരിടുവാൻ അവർ എങ്ങനെയാണ് ഒരുങ്ങിയത്? ദൈവത്തിന്റെ വിഭവങ്ങൾ ഉപയോഗിച്ച്കൊണ്ട്. ദൈവത്തെ പോലെ ആകുന്നത് യാദൃശ്ചികമായിട്ടല്ല. അവരുടെ പ്രാഗത്ഭ്യത്താൽ അവർക്ക് ദൈവത്തെ പിൻപറ്റുവാൻ കഴിഞ്ഞിരുന്നില്ല. അവരുടെ ആഗ്രഹ നിവർത്തീകരണത്താൽ അവർക്ക് ദൈവമക്കൾ ആകുവാൻ കഴിഞ്ഞില്ല. അവർ ദൈവത്തിന്റെ ഉപകരമണം ഉപയോഗിക്കണമായിരുന്നു. വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ട് (5:8). അവരുടെ രക്ഷയായിരുന്നു ദൈവത്തിന്റെ ലക്ഷ്യം, അവരുടേയും ലക്ഷ്യം അതു തന്നെയായിരിക്കണം. ദൈവം അവരെ അതിന് സഹായിക്കും.

ഇരുട്ടിന്റെ അധികാര ഭീഷണി അതിജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുവാനും, രക്ഷിപ്പാനുമാണ് ദൈവം ആഗ്രഹിക്കുന്നത്. നാം എന്ത് ആയുധം ധരിപ്പാനാണ് ദൈവം ആഗ്രഹിക്കുന്നത്? വിശ്വാസം, സ്നേഹം, പ്രത്യാശ.

നാം ദൈവത്തിൽ ആശ്രയിക്കുമ്പോൾ, ഇരുണ്ട യുഗത്തിൽ പ്രകാശിക്കുവാനായും, നമ്മുട നിത്യമായ ക്ഷേമത്തിനും, സഹോദരന്മാരെ സ്നേഹിപ്പാനും നമുക്ക് കഴിയും. ഇരുട്ടിന്റെ രാജ്യത്തെയും, അതിന്റെ രാജാവിനെയും–സാത്താനെയും നാം തള്ളിക്കളയുന്നു. കുട്ടികൾ അവരുടെ സംരക്ഷണത്തിനു അമ്മയപ്പന്മാരിൽ ആശ്രയിക്കുന്നതുപോലെ, നാമും, നമ്മുടെ ജീവിതം നമ്മുടെ പിതാവിന്റെ കയ്യിൽ വിശ്വസിച്ച് ഭരമേൽപിക്കണം. "നമ്മുടെ സകല ചിന്താകുലങ്ങളും അവനിൽ ഭരമേൽപ്പിക്കുക" (1 പത്രൊ. 5:7).

*അന്യോന്യം സഹായിക്കൽ (5:11).* ദൈവം നമ്മുടെ പിതാവ് ആകയാൽ നാം സഹോദരന്മാരും സഹോദരിമാരും ആകുന്നു; നാം ദൈവത്തിന്റെ ഭവനം ആണ്. സഭയിലെ അംഗങ്ങൾ എന്ന നിലക്ക് കുടുംബത്തെ സഹായിക്കുക എന്നത് ഒരു പ്രധാന ദൗത്യമാണ്.

ആത്മിയ സഹോദരീസഹോദരന്മാരെ സഹാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ദൈവം നൽകിയിട്ടുണ്ട്: "അന്യോന്യം പ്രോൽസാഹിപ്പപിക്കയും പണിയുകയും ചെയ്യുക ..." (5:11). അതാണോ നമ്മുടെ ലക്ഷ്യം? നമ്മുടെ സഹോദരീസഹോദരന്മാരെ നേക്കി, "ഈ വ്യക്തിയെ ഞാൻ പ്രബോധിപ്പിക്കുവാനും അദ്ദേഹത്തെ പണിയുവാനും ശ്രമിക്കുന്നു എന്നു പറയുവാൻ കഴിയുമോ?" നമുക്ക് മുഖാമുഖമായി അവരെ നോക്കി, "നിങ്ങൾ പണിയപ്പെടേണതിന് ഞാൻ നിങ്ങളെ പ്രോൽസാഹിപ്പിക്കുയാണ്" എന്നു പറയുവാൻ കഴിയുമോ? "ആ സഹോദരൻ എന്നെ ഉത്തേജിപ്പിച്ച് പണിയപ്പെടുവാൻ എന്നെ സഹായിച്ചു" എന്നു നമ്മെ കുറിച്ച് നമ്മുടെ സഹക്രിസ്ത്യാനികൾക്ക് പറയുവാൻ കഴിയുന്നുണ്ടോ?

അവർ ചുറ്റും ഇരുട്ടുള്ള വെളിച്ച രാജ്യത്തിലായി തീർന്ന ക്രിസ്ത്യാനിക

ളിൽനിന്നു ദൈവം ആഗ്രഹിക്കുന്നത്, അവരെ ആക്കിയിരിക്കുന്നത് വെറും ഒരു രാജ്യത്തിന്റെ ഭാഗമായിട്ടല്ല, മറിച്ച് ദൈവ ഭവനത്തിന്റെ ഭാഗമായ്യുകൂടെയാണ്. ഒരു ഇടവക മുഴുവൻ സഹോദരന്മാരും സഹോദരിമാരും നമ്മെ സഹായിക്കുകയും, പിന്തുണക്കുകയും, പ്രോൽസാഹിപ്പിക്കയും, അനുകമ്പയുള്ളവരായി, ഊഷ്മള സ്നേഹം പ്രകടിപ്പിക്കുന്നവരായുള്ളതിനേക്കാൾ ശ്രേഷ്ഠത ബോധ്യമാക്കി തരുന്നത് എങ്ങനെയാണ്?

ക്രിസ്ത്യാനികളായി തീർന്നപ്പോൾ നാം പിന്നെ ഏകാകിളല്ല, ആരും എന്നെ കരുതുന്നില്ല, സ്നേഹിക്കുന്നില്ല, നമുക്ക് അവിടെ ഒരു സ്ഥാനവുമില്ല എന്ന തോന്നലോ ചിന്തയോ ഉണ്ടാകുകയില്ല. തുടർച്ചയായി നമ്മെ പിന്തുണക്കുക എന്ന കടമ മറ്റു സഹോദരങ്ങൾക്കുണ്ടാകും, അങ്ങനെ നാം-ഭൗതികമായി മാത്രമല്ല, ആത്മിയമായും ജീവിക്കും, കൂടാതെ നാം പണിയപ്പെടുകയും, ബലപ്പെടുകയും പക്വത പ്രാപിക്കയും ചെയ്യും.

എപ്പോഴും ഇത് സഭയിൽ സംഭവിക്കാതിരിക്കുവാനുള്ള കാരണം എന്താണ്? ഒരുപക്ഷെ ഈ പ്രധാന സഹായത്തെ കുറിച്ച് നമ്മെ പഠിപ്പിച്ചിട്ടില്ലായിരിക്കാം.. അല്ലെങ്കിൽ, പഠിപ്പിച്ചെങ്കിലും, നമ്മുടെ ഹൃദയങ്ങളിൽ അത് ഉൾക്കൊണ്ടിരിക്കുയില്ല. അതുമല്ലെങ്കിൽ അവരോട് എങ്ങനെ സഹായം ചോദിക്കുമെന്നോ മറ്റുള്ളവർക്ക് സഹായം എങ്ങനെ വാഗ്ദാനം ചെയ്യണമോ എന്നു സംശയിച്ചിരിക്കുകയാവാം.

ഈ കാര്യത്തിൽ ദൈവം പറയുന്നതു ചെയ്യുവാനുള്ള ചിന്തയായിരിക്കണം ഓരോ ക്രിസ്ത്യാനിക്കും, ഓരോ കുടുംബത്തിനും, ഓരോ സഭക്കും, ഓരോ മൂപ്പനും, ഓരോ ഉപദേഷ്ടാവിനും, ഓരോ സുവിശേഷ പ്രാസഗികനും ഉണ്ടായിരിക്കേണ്ടത്. ഈ വിധത്തിൽ ജീവിച്ച് ഒരാൾ തന്റെ കുടുംബത്തിൽ സഹായിക്കുകയും സഹായിക്കപ്പെടുകയും ചെയ്യണം. ഈ സഹായിക്കൽ ക്രിസ്തുവിന്റെ വരവിനായുള്ള ഒരുങ്ങൽ കൂടെയാണ്!

*ഉപസംഹാരം.* ഒരു വിശ്വസ്ത ക്രിസ്ത്യാനിക്ക് ക്രിസ്തുവിന്റെ മടങ്ങിവരവ് ഈ ജീവിതാവസാനവും, മറ്റൊരു ശ്രേഷ്ഠമായ ജീവിതത്തിന്റെ ആരംഭവുമാണ്. അവന്റെ മടങ്ങിവരവിൽ, ലഭിക്കുന്ന പുതുജീവിതത്തിനായുള്ള ഒരുക്കമായിരിക്കണം ഓരോ ക്രിസ്ത്യാനിക്കും ഉണ്ടാകേണ്ടത്.

ആ സംഭവത്തിനായി നാം സന്തോഷത്തോടെയാണോ കാത്തിരിക്കുന്നത്? ആ ചോദ്യത്തിന് നാം മറുപടി പറയേണത് വാക്കുകളാലും മനസുകളാലുമല്ല, ജീവിതത്താലാണ്. ദൈവത്തിന്റെ പ്രകാശത്തിൽ അവർ നമ്മോടുകൂടെ നടക്കുമ്പോൾ, നാം വെളിച്ചത്തിന്റെ മക്കളായവരെ സഹായിക്കണം. റ്റീപി

**നിങ്ങളുടെ അദ്ധ്യക്ഷന്മാർ (5:12, 13)**

നിരവധി പ്രായോഗിക പരിശീലനങ്ങളിലേക്ക് അവൻ കടക്കുമ്പോൾ, പ്രാദേശിക ഇടവകയെ നയിക്കുന്നവരെ ശരിയായ രീതിയിൽ ബഹുമാനിക്കുവാനാണ് പൗലൊസ് തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചത്.

ആരാണ് ഈ അദ്ധ്യക്ഷന്മാർ? അവരെ പറ്റി പറയുവാൻ മൂന്നു പ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു: അവർ അവർക്കിടയിൽ അദ്ധ്വാനിക്കുന്നവരാണ്, അവരുടെ മേൽ ചുമതലയുണ്ടായിരുന്നവരാണ്, അവരെ പ്രബോധിപ്പിച്ചവരുമാണ്. ആ പ്രയോഗങ്ങളിൽ ചിലത്, സഭയിലെ മൂപ്പന്മാരടക്കമുള്ള എല്ലാ അദ്ധ്യക്ഷന്മാരെയും ഉൾപ്പെടുത്തി പറയുന്നു.

*നിങ്ങളുടെ അദ്ധ്യക്ഷന്മാരുടെ അദ്ധ്വാനത്തെ പ്രശംസിക്കുക* (വാ. 12). “അദ്ധ്വാനം” എന്ന വാക്കിന്റെ അർത്ഥം പ്രയത്നം എന്നാണ്. സഭയ്ക്ക് വേണി കഠിന പ്രയത്നം നടത്തുന്നവരാണ് ആ അദ്ധ്യക്ഷന്മാർ. അത്തരത്തിൽ അദ്ധ്വാ നിക്കുന്നവരെ ശരിയായി അനുമോദിക്കണം.

*അദ്ധ്യക്ഷന്മാരെ ഉയർന്ന രീതിയിൽ മാനിക്കണം* (വാ. 13). ആ ആളുകളെ ഉയർന്ന രീതിയിൽ ബഹുമാനിക്കണം. 3:10 ലും അതേ വാക്ക് ഉപയോഗിച്ചിരി ക്കുന്നതു നമുക്ക് കാണുവാൻ കഴിയും. പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം മാത്രമാണ് അത് കാണുന്നത്: ഈ വാക്യത്തിലും, 3:10 ലും, എഫെസ്യർ 3:20 ലും. അവ മൂന്നിലും വളരെ പ്രാധാന്യത്തോടെയാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ അത് ഉപയോഗിച്ചിരിക്കുന്നത് “ഏറ്റവും സ്നേഹത്തോടെ” എന്നാണ്.; 3:10 ൽ “ഏറ്റവും താൽപര്യത്തോടെ” എന്നും, എഫെസ്യർ 3:20 *ൽ* തർജിമ ചെയ്തിരിക്കുന്നത്, “അധികം മാനത്തോടെ” എന്നുമാണ്. വെറൊരു വാക്കിൽ പറഞ്ഞാൽ, ആ മനുഷ്യർ പ്രത്യേക ബഹുമാനത്തിന് അർഹരാണ്.

*നിങ്ങളുടെ അദ്ധ്യക്ഷന്മാരെ സ്നേഹിക്കുക*. അവരുടെ വേല നിമിത്തം അവരെ നാം ഇരട്ടി മാനത്തിന് യോഗ്യരായി എണ്ണണം.

ഏവർ ആരാണ് എന്നതിനാലാണ്–ദൈവദാസന്മാരെ നാം ബഹുമാനി ക്കേണ്ടത്–ദൈവ പദ്ധതിയിൽ അവർ പ്രത്യേക പങ്ക് വഹിക്കുന്നവരാണ്. ദൈവത്തെ നിഷേധിക്കാതെ ആർക്കും ദൈവത്തിന്റെ ഏർപ്പാട് നിഷേധിക്കുവാൻ സാധ്യമല്ല.

ഈസി

**മറ്റുള്ളവരോടുള്ള ശരിയായ മനോഭാവം (5:13-15)**

ഇവിടെ കൽപനകളുടെ ഒരു ലിസ്റ്റ് നൽകിയിരിക്കുന്നു. നാം അനുസ രിക്കുവാനുള്ള പുതിയ നിയമത്തിലെ എല്ലാ കൽപനകളുടെയും ഒരു ലിസ്റ്റ് തയ്യാറാക്കുന്നത് രസകരമായിരിക്കും. അതിന്റെ തുടക്കമായി ഇവിടെ കൊടു ത്തിരിക്കുന്നത് എടുക്കാം. മറ്റുള്ളവരുമായുള്ള ബന്ധം ശരിയാക്കുവാനുള്ള ലിസ്റ്റാണ് പൗലൊസ് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. നാം ക്രിസ്തീയ മനോ ഭാവം പ്രകടിപ്പിക്കേണ നാലു വിഭാഗം ആളുകളെയാണ് ഇവിടെ പറയുന്നത്.

*ബുദ്ധിമുട്ടുള്ളവരോട്,* ക്രമം കെട്ടു നടക്കുന്നവരെ തിരുത്തുക. “ക്രമം കെട്ടവർ” എന്നതിന് ഇവിടെ ഉപയോഗിച്ച വാക്കിന്റെ അർത്ഥം, “മറി കട ക്കുക” എന്നാണ്. അതിനെ തർജിമ ചെയ്തിരിക്കുന്നത് “ഐഡിൽ” എന്നാ ണ്. അയാളുടെ ജീവിതം ശാസിച്ച്, തിരുത്തി നേരെയാക്കുവാനുള്ള സ്നേ ഹം ശ്രമകരമായിരിക്കും.

*ഉൾക്കരുത്തില്ലാത്തവരോടും ബലഹീനരോടും*. “ഉൾക്കരുത്തില്ലാത്തവ വർക്ക്” നമ്മുടെ പ്രോൽസാഹനം ആവശ്യമാണ്; “ബലഹീനർക്ക്” നമ്മുടെ സഹായം ആവശ്യമാണ്. ഉൾക്കരുത്തില്ലാത്തവർ നമ്മുടെ ഹൃദയത്തിൽനിന്നു കരുതൽ വേണ്ടവരാണ്. ആത്മിയ ബലഹീനതയിലായിരിക്കുന്നവർ അവർക്കു ചുറ്റുമുള്ള ദുഷ്ടശക്തികൾ കീഴ്പ്പെടുത്താതിരിക്കേണ്ടതിന് അവരെ “ധൈര്യ പ്പെടുത്തണം.” ഈ യുദ്ധത്തിൽ അവർ മാത്രമല്ല ഉള്ളത് എന്ന കാര്യം അവരെ സ്നേഹത്തോടെ ഓർപ്പിക്കണം.

*നമുക്ക് എതിരായി തിന്മ ചെയ്യുന്നവരോട്*. നാം തിന്മക്ക് പകരം തിന്മ ചെയ്യേണവരല്ല, തിന്മക്ക് പകരം നന്മ ചെയ്യേണ്ടവരാണ്. നാം എല്ലാവരോടും നന്മ ചെയ്തുകൊണ്ടിരിക്കണം. നമുക്ക് എതിരായി തിന്മ ചെയ്യുന്നവരോട് നാം അങ്ങനെ തന്നെ പെരുമാറിയാൽ. നാം ജീവിക്കുന്നത് ക്രിസ്ത്യാനികളാ

യിട്ടായിരിക്കുകയില്ല, മറിച്ച് ദുഷ്ടന്മാരായിരട്ടായിിക്കും.

*എല്ലാവരോടും*. നാം എല്ലോവരോടും ദീർഘക്ഷമയുള്ളവരായിരിക്കണം. എല്ലാ ആളുകളോടും നാം നന്മ ചെയ്യണം. എല്ലാ വിധത്തിലുള്ള ആളുകളോടും നാം സൗമ്യമനോഭാവത്തിൽ ഇടപെടുകയും, ദീർഘക്ഷമ കാണിക്കയും ചെയ്യണം. നാം നമ്മെത്തതന്നെ ത്യജിച്ച്, നമ്മുടെ ആഗ്രഹങ്ങളേക്കാൾ മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുന്നവരായിരിക്കണം.

മിക്ക ജീവിതങ്ങളും മറ്റുള്ളവരുമായി ബന്ധപ്പെട്ടടിരിക്കുകയാണ്. നാം ജീവിച്ച് കൈകാര്യം ചെയ്യേണ്ട എല്ലാ വിധത്തിലുമുള്ള ആളുകളുമായി പെരുമാറുന്നതിനുള്ള ലിസ്റ്റുകളല്ല പൗലൊസ് ഇവിടെ നൽകിയിരിക്കുന്നത്, എന്നാൽ നാല് പ്രധാനപ്പെട്ട സംഘത്തെയാണ് അവൻ ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ക്രിസ്തുവിന്റേതുപോലെയുള്ള മനോഭാവമാണ് നാം ഓരോ സംഘത്തോടും പെരുമാറുവാൻ സ്വീകരിക്കേണ്ടത്. ഈസി

**മറ്റുള്ളവരോടുള്ള ക്രിസ്ത്യാനിയുടെ ബന്ധം (5:12-15)**

വിപുലീകരിക്കപ്പെട്ട ഭവനമാണ് സഭ. 1 തിമൊഥെയൊസ് 3:5 ൽ പൗലൊസ് പറഞ്ഞു, "സ്വന്ത കുടുംബത്തെ മേയ്ക്കുവാൻ അറിയാത്തവൻ എങ്ങനെ ദൈവത്തിന്റെ സഭയെ പരിപാലിക്കും?" "ദൈവത്തിന്റെ സഭ" എന്നു പറയുന്നത് വിപുലീകരിക്കപ്പെട്ട കുടുംബമാണെന്ന് പൗലൊസ് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

ഭൗതിക കുടുംബത്തിൽ ഉത്തരവാദിത്തമുള്ള അംഗങ്ങൾ ആയ നമുക്ക് അമമയപ്പന്മാരോടും, സഹോദരന്മാരോടും, സഹോദരിമാരോടും, അയൽക്കാരോടും കടമകളുണ്ട്. അതുപോലെ, ദൈവസഭയിലെ ഇടവകകളിലെ അംഗങ്ങളായ നമുക്ക് സഭയിലെ അദ്ധ്യക്ഷന്മാരോടും, മറ്റു ക്രിസ്ത്യാനികളോടും, എല്ലാവരോടും ഉത്തരവാദിത്തമുണ്ട്.

*ഇടവകയിലെ അദ്ധ്യക്ഷന്മാരോടുള്ള നമ്മുടെ ബന്ധം*. "കർത്താവിൽ" നയിച്ചവരായിരുന്നു തെസ്സലൊനിക്യയിലെ അദ്ധ്യക്ഷന്മാർ എന്നാണ് പൗലൊസ് എഴുതിയത് (വാ. 12). അവരുടെ അദ്ധ്യക്ഷത ഭൗതിക കാര്യങ്ങളിലല്ല, മറിച്ച് ആത്മിയ കാര്യങ്ങളിലത്രെ. കൂടാതെ, അവർ പ്രാദേശികമായി, ("നിങ്ങളുടെ ഇടയിൽ അദ്ധ്വാനിച്ചവർ") ആണ്, അല്ലാതെ ദൂരെനിന്നു വന്നവരല്ല. ആ ബന്ധത്തെ കുറിച്ച് വിവരിക്കുമ്പോളോൾ, ആ അദ്ധ്യക്ഷന്മാരെ കുറിച്ചും അവൻ എഴുതിയിരിക്കുന്നു. ആ അദ്ധ്യക്ഷന്മാരുടെ സ്വഭാവത്തെയും അവന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആദ്യം പൗലൊസ് എഴുതിയത്, തെസ്സലൊനിക്യയിലെ ഈ അദ്ധ്യക്ഷന്മാർ "[നിങ്ങളുടെ] ഇടയിൽ അദ്ധ്വാനിക്കയും ചെയ്തവർ" എന്നാണ്. അദ്ധ്യക്ഷത പ്രതികരിക്കാതിരിക്കലല്ല. സഭയിലെ വാസ്തവത്തിലുള്ള അദ്ധ്യക്ഷന്മാർ തെസ്സലൊനികയിലെ ഇടവകയെ നയിച്ചുകൊണ്ടിരുന്ന അദ്ധ്യക്ഷന്മാരെ പോലെ ആയിരിക്കും.

രണ്ടാമത് അവൻ പറഞ്ഞത്, അവർ കർത്താവിൽ [നിങ്ങളെ] "ഭരിച്ചുകൊണ്ടിരുന്നു" എന്നാണ്. എൻഏഎസ്ബി പറയുന്നത്, "നിങ്ങളുടെ അദ്ധ്യക്ഷന്മാർ" എന്നാണ്. ഇടവകയെ "കർത്താവിൽ" നടത്തുക എന്ന ഭാരിച്ച ഉത്തരവാദിത്തമായിരുന്നു ആ പുരുഷന്മാർക്ക് ഉണ്ടായിരുന്നത്.

മൂന്നാമത്, പൗലൊസ് പറഞ്ഞത്, അവർ "[ഇടവകക്ക്] ആവശ്യമായ നിർദ്ദേശങ്ങൾ" നൽകുന്നവരായിരുന്നു എന്നാണ്. ഉത്തരവാദിത്തമുള്ള അദ്ധ്യ

ക്ഷന്മാർ ഇടവകയെ സ്നേഹിച്ച്, പ്രബോധിപ്പിച്ച് അനിവാര്യമായ നിർദ്ദേശങ്ങൾ നൽകിയിരിക്കും. ഒന്നുകിൽ സാഹോദര്യ കൗൺസലങ്ങോ (1 കൊ. 4:14 നോക്കുക), അല്ലെങ്കിൽ, ഇടവകയോട് പരസ്യമായി: നിർദ്ദേശിക്കൽ ആയോ (തിത്തൊ. 1:9), സഹോദരങ്ങൾ വിശ്വസ്തരായി നിലനിൽക്കുവാൻ ആവശ്യമായ ഉപദേശങ്ങളായിരിക്കും അദ്ധ്യക്ഷന്മാർ അവർക്ക് നൽകുക.

പേർ പറയാത്ത ഈ അദ്ധ്യക്ഷന്മാർ ആരാണ്? ഇവിടത്തെ ഗ്രീക്ക് വാക്കിന്റെ ക്രിയ "ഹാവ് ചാർജ് ഓവർ" എന്നതിന്റെ ഗ്രീക്ക് തതതത (*പ്രോയിസ്റ്റെമി*), അർത്ഥം, "തല (യുടെ) നേരിട്ടുള്ള ഭരണം" എന്നാണ്.[53] ഈ വാക്ക് 1 തിമൊ. 5:17 ലും ഉപയോഗിച്ചിരിക്കുന്നു, അവിടെ പൗലൊസ് മൂപ്പന്മാരുടെ പ്രവൃത്തികളെ കുറിച്ചാണ് പൗലൊസ് പരാമർശിക്കുന്നത്. "ഓവർ" എന്ന വാക്ക് മൂപ്പന്മാരുടെ പുമതലക്ക് മാത്രം യോജിക്കുന്നതാണ്. ഉപദേഷ്ടാക്കന്മാരോ, ശുശ്രൂഷക്കാരോ സഭയെ "ഭരിക്കുന്നതായി" ഒന്നും പറയുന്നില്ല. ആ ജോലി മൂപ്പന്മാർക്ക് മാത്രമുള്ളതാണ്.

ആ അദ്ധ്യക്ഷന്മാർ അദ്ധ്വാനിക്കുന്നതും നിർദ്ദേശിക്കുന്നതും പ്രാധാന്യമുള്ള കാര്യമാണ്. മൂപ്പന്മാരുടെ കടമകളിൽ പെടുന്നതാണ് ആ പ്രവൃത്തികൾ. സഭക്ക് വേണ്ടി പ്രവർത്തിക്കുകയും നിർദ്ദേശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരെയാണ് നാം പ്രാർത്ഥനയോടെ മൂപ്പന്മാരായി തിരഞ്ഞെടുക്കുന്നത്.

സഭയിലെ അംഗങ്ങൾക്ക് അവരുടെ അദ്ധ്യക്ഷന്മാരോട് എന്ത് ഉത്തരവാദിത്തമാണുള്ളത്? ഒന്നാമത്, നാം അവരെ "അനുമോദിക്കണം" (വാ. 12). അംഗങ്ങൾ അവരുടെ അദ്ധ്യക്ഷന്മാരെ "അറിയണം" എന്നാണ് കെജെവി പറയുന്നത്. നാം അവരെയും അവരുടെ പ്രവൃത്തികളെയും അറിഞ്ഞ് അവരെ "അനുമോദിക്കണം." തീർച്ചയായും തെസ്സലൊനിക്യയിലെ അദ്ധ്യക്ഷന്മാരെ പോലെ, അവർ അദ്ധ്വാനിക്കയും, നിർദ്ദേശിക്കയും, ഭരിക്കയും ചെയ്യണം.

രണ്ടാമത്, നാം അവരെ "... അവരുടെ വേല നിമിത്തം ഉയർന്ന രീതിയിൽ മാനിക്കണം" (വാ. 13). നാം അവരെ ബഹുമാനിക്കുന്നു എങ്കിൽ, അവർക്കെതിരായി നമുക്കെന്തെങ്കിലും ഉണ്ടെങ്കിൽ, നാം അവരുടെ അടുക്കകലേക്ക് ചെല്ലും. ആത്മിയ കാര്യങ്ങളെ കുറിച്ച് പ്രബോധിപ്പിക്കുമ്പോൾ, ആരാധന മുടക്കാതിരിക്കയും, ബൈബിൾ പഠന ക്ലാസ് മുടക്കാതിരിക്കയും, ദുരുപദേശങ്ങളെ ചെറുക്കുകയും വേണമെന്ന് അവർ നിർദ്ദേശിക്കുമ്പോൾ നാം അത് ഗൗരവത്തോടെ കേൾക്കണം. സഭയിൽ അവരെ സഭയിൽ അദ്ധ്യക്ഷന്മാരാക്കി വെച്ചിരിക്കുന്നത് ദൈവമാണ് (തിത്തൊ. 1:5 നോക്കുക). നല്ല കുടുംബം ഉണാകുവാൻ നമുക്ക് നല്ല അദ്ധ്യക്ഷന്മാരും, ബഹുമാനിക്കുന്ന അംഗങ്ങളും ഉണ്ടാകണം.

*മറ്റു ക്രിസ്ത്യാനികളോടുള്ള നമ്മുടെ ബന്ധം*. പൗലൊസ് എഴുതി, "തമ്മിൽ സമാധാനം ആയിരിപ്പിൻ" (വാ. 13). ഇവിടെ അവൻ പറയുന്നത് അംഗങ്ങൾ തമ്മിൽ തമ്മിലുള്ള ബന്ധത്തെയാണ്. സനൂഹത്തോടുള്ള ബന്ധം പൗലൊസിന് പ്രാധാന്യമുള്ളതായിരുന്നു, അത് അവൻ തെസ്സലൊനിക്യ സഭയോട് അറിയിക്കയും ചെയ്തു (വാ. 15 നോക്കുക). തന്റെ ലേഖനങ്ങളിൽ പൗവൊസ് "സഹോദരന്മാർ" എന്ന വാക്ക് അറുപതിലധികം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതിൽ, ഇരുപതു പ്രാവശ്യവും 1 ഉം 2 ഉം തെസ്സലൊനിക്യ ലേഖനങ്ങളിലാണ്. സമൂഹത്തിൽ കുടുംബ സ്നേഹത്തിന് ഊന്നൽ കൊടുത്തിരിക്കുന്നു. നല്ല കുടുംബമാകുവാൻ നമുക്ക് എങ്ങനെ കഴിയും?

പരസ്പരം "സ്നേഹത്തിൽ വസിക്കുക" എന്നതാണ് ഒരു വഴി. അദ്ധ്യ

ക്ഷന്മാർക്ക് കീഴടങ്ങി അവരെ മാനിക്കുമ്പോൾ, നാം സമാധാനത്തിലാണ് കഴിയുന്നത്. കാര്യങ്ങൾ നമ്മുടെ വഴിക്ക് നീങ്ങുന്നില്ല എന്നു കാണുമ്പോൾ, പരസ്യമായ വിമർശനങ്ങൾ ഒഴിവാക്കുന്നതിൽ കൂടെ നാം സമാധാനം കൈവരിക്കുന്നു. നമ്മളെല്ലാവരും മറ്റുള്ളവരുടെ കാഴ്ച്ചപ്പാടിനെ മാനിക്കയും, മറ്റൊരാളുമായി നമുക്ക് ഒരു പ്രശ്നമുണ്ടായാൽ നാം അയാളുടെ അടുക്കൽ പോയി പരിഹരിക്കുവാൻ ശ്രമിക്കണം (മത്താ. 5:23, 24). പക വെച്ചുകൊണ്ടിരിക്കരുത്; നാം സമാധാനത്തിൽ വസിക്കുന്നതിനാണ് ദൈവം ആഗ്രഹിക്കുന്നത് എന്നോർത്ത് അത് പരിഹരിക്കുക (മർ. 9:50; 2 കൊ. 13:11).

നല്ല കുടുംബമാകുവാനുള്ള മറ്റൊരു വഴി "ക്രമം കെട്ടവരെ ബുദ്ധിയുപദേശിക്കുക" എന്നതാണ്. (വാ. 14). ഭൗതികമായി നല്ല കുടുംബമാകുവാൻ അച്ചടക്കം അനിവാര്യമാണ്. ആത്മീയ ഭവനത്തിലും അത് വാസ്തവമാണ്. ആരാണ് ക്രമം കെട്ടവർ? ആ വാക്ക് ചിലപ്പോൾ റാങ്ക് തെറ്റി മാർച്ച് ചെയ്യുന്ന ഒരു പടയാളിയെ വിവരിക്കുവാൻ ഉപയോഗിച്ചിട്ടുണ്. കർത്താവ് വേഗം വരുമെന്ന വിശ്വാസത്താൽ തെസ്സലൊനിക്യിലുള് ചില ക്രിസ്ത്യാനികൾ വേല ചെയ്യാതെ ജീവിച്ചിരുന്നതാണ് അവിടെ പറയുന്ന ക്രമം കെട്ടവർ. തങ്ങളുടെ സാമ്പത്തികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മറ്റുള്ളവർക്ക് ഭാരമാവുകയും പരദൂഷണത്തിൽ ഏർപ്പെടുകയും ചെയ്തു (2 തെസ്സ. 3:10, 11).

ക്രമം കെട്ടവർ എന്നതിന്റെ പൊതുവായ അർത്ഥം എന്താണ്? കർത്താവിന്റെ ഇഷ്ടത്തിന് വിരുദ്ധമായതെന്തും. ബൈബിളിനപ്പുറമായ ഏതു ജീവിതവും, സഭായോഗം മുടക്കലും, വേല ചെയ്യാതെ പരക്കാര്യം നോക്കി നടക്കുന്നതും ആയ പാപപ്രവൃത്തികളിൽനിന്നു മാനസാന്തരപ്പെടുവാൻ കൂട്ടാക്കാതിരിക്കുക.

"ക്രമ വിരുദ്ധമായി ജീവിക്കുന്ന ക്രിസ്ത്യാനികളെ പ്രബോധിപ്പിക്ക" എന്നാണ് പറഞ്ഞിരിക്കുന്നത്. തെസ്സലൊനിക്യയിലെ വിശ്വസ്തരായയ ക്രിസ്ത്യാനികൾ ഇത്തരത്തിൽ പ്രബോധിപ്പിച്ചുകൊണ്ടാണിരുന്നതെങ്കിൽ, അത് അധികമധികമായി ചെയ്യുവാനായിരുന്നു പൗലൊസ് ആവശ്യപ്പെട്ടത് എന്നാണ് അബ്രഹാം മാൽഹെർബെ പറഞ്ഞത്. അവരുടെ പരിശ്രമങ്ങൾ "കൂടുതൽ ശക്തമാക്കുവാനായിരുന്നു" പൗലൊസിന്റെ ആഹ്വാനം.[54]

അവിശ്വസ്തരെ ആരാണ് മുന്നറിയിക്കേണ്ടത്? ഈ സന്ദർഭത്തിൽ പരാമർശിച്ചിരിക്കുന്നത് മൂപ്പന്മാരാണ്. തീർച്ചയായും അവർക്ക് ഭാരിച്ച ഉത്തരവാദിത്തമാണുള്ളത്, എന്നാൽ പൗലൊസ് അത് അവരിൽ മാത്രം ഒതുക്കി നിർത്തുന്നില്ല. "സഹോദരന്മാരേ, ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു" എന്നാണ് പൗലൊസ് പറഞ്ഞത് (വാ. 14). എല്ലാ അംഗങ്ങളും പരസ്പരം കരുതലുള്ളവരായിരിക്കണം. നാം നമ്മുടെ ആത്മീയ ഭവനത്തെ മതിയായ രീതിയിൽ കരുതിയാലും ഇല്ലെങ്കിലും, ദൈവസന്നിധിയിൽ നാം വിശ്വസ്തരായിരിക്കണം, മറ്റുള്ളവരുടെ ആത്മീയ വളർച്ചയെ നാം സഹായിച്ചുകൊണ്ടിരിക്കണം എന്നു പ്രത്യേകം ഓർപ്പിക്കട്ടെ.

"ഉൾക്കരുത്തില്ലാത്തവരെ" ധൈര്യപ്പെടുത്തുന്നതും ആത്മീയ ഭവനത്തെ സഹായിക്കലാണ് (വാ. 14). ഉൾക്കരുത്തില്ലാത്തവർ മനക്കട്ടിയില്ലാത്തവരും നിരാശ്രിതരും, നിരുൽസാഹപ്പെട്ടവരും ആയിരിക്കും. ക്രിസ്തു മടങ്ങി വരുമ്പോൾ, തങ്ങളുടെ മരിച്ചുപോയവർക്ക് എന്തു സംഭവിക്കുമെന്നറിയാതെ നിരുൽസാഹപ്പട്ടവരും ഉൾപ്പെടുന്നവരായിരുന്ന ഉൾക്കരുത്തില്ലാത്തവരിൽ. നമ്മുടെ പ്രിയപ്പെട്ടവർ മരിച്ചപ്പോൾ, ഒറ്റപ്പെട്ടുപോയവർ കണ്ടേക്കാം. അവ

രുടെ ജോലി നഷ്ടപ്പെടുകയോ ഭൗതികമായ ബാധ്യതകൾ ഉള്ളവരോ ആയിരുന്നേക്കാം.

ഉൾക്കരുത്തില്ലാത്ത ആരെയെങ്കിലും നാം കണ്ടാൽ, അവരെ പ്രോൽസാഹിപ്പിക്കണം. ലമ്മുടെ സഹോദരന്മാരെ നാം ഉത്തേജിപ്പിക്കുന്നതിനാൽ അവരെ നാം പണിയുകയും, നമ്മുടെ ഉത്തേജന വാക്കുകളാലും സാന്നിധ്യത്താലും അവരെ ആത്മികവർദ്ധന വരുത്തുവാൻ സഹായിക്കുന്നു. ഈ ഉത്തരവാദിത്തം സഭാദ്ധ്യക്ഷന്മാർക്ക് മാത്രമുള്ളതല്ല—എല്ലാ ക്രിസ്ത്യാനികൾക്കും ഉള്ളതാണ്.

"ബലഹീനരെ താങ്ങുന്നതിൽകൂടെ" നല്ല ആത്മിയ ഭവനം ആകുവാൻ നാം സഹായിക്കുകയാണ് (വാ. 14). ഈ വാക്യത്തിൽ പൗലൊസ് പറയുന്നത് ആത്മിയ ബലഹീനരെ കുറിച്ചാണ്, അല്ലാതെ ഭൗതികമായ ബലഹീനരെ കുറിച്ചല്ല (റോമ.14:1 നോക്കുക). അവർ രാജ്യത്തിലേക്ക് ജനിച്ചവരാണെങ്കിലും, അവരുടെ വേരുകൾ സുവിശേഷ മണ്ണിൽ ആഴത്തിൽ പോയിട്ടില്ല. അവരുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടപ്പോൾ, വചന വിത്ത് മുളച്ചു വൾന്നില്ല (മർ. 4:17 നോക്കുക). നിങ്ങളുടെ ഇടവകയിൽ ഇതുപോലെ ആരെങ്കിലും ഉള്ളതായി നിങ്ങൾക്ക് അറിയാമോ?

അവരെ "സഹായിക്കുക" എന്നത് എല്ലാ "സഹോദരന്മാരുടേയും" കടമയാണ്. മഞ്ഞ് പെയ്തുകൊണിരിക്കുമ്പോൾ രണ് പേർ നടന്നുപോകുന്നത് ചിന്തിക്കുക, ആരാൾ നടന്ന് ക്ഷീണിച്ച് തളർന്നു വീഴുമെന്ന ഘട്ടമെത്തിയപ്പോൾ കൂടെ ഉണ്ടായിരുന്ന ആൾ വീഴുവാൻ പോയ ആളെ താങ്ങി പിടിച്ച് നിർത്തി സംരക്ഷണം നൽകുന്നു!

"പരസ്പരം നല്ലത് ... അന്വേഷിക്കുന്നവരായിരിക്കും" ശക്തരായ ക്രിസ്ത്യാനികൾ. (വാ. 15). നമ്മുടെ സഹോദരങ്ങൾ കൂടുതൽ ദൈവഭക്തിയുള്ളവരാകുവാൻ സഹായിക്കലാണ് "നന്മ" അന്വേഷിക്കൽ. ആളുകൾ നമ്മെ നിരുൽസാഹപ്പെടുത്തുകയോ ഉപദ്രവിക്കുകയോ ചെയ്താലും, അവരുടെ നന്മയായിരിക്കണം നമ്മുടെ ലക്ഷ്യം. അവരുടെ നന്മ "അന്വേഷിക്കയും" അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും, ഉത്തേജിപ്പിക്കുകയും വേണം (റോമ. 12:20, 21). അദ്ധ്യക്ഷന്മാരെ കുറിച്ച് മാത്രമല്ല പൗലൊസ് സംസാരിക്കുന്നത്, മറിച്ച് തെസ്സലൊനിക്യാ സഭയിലെ എല്ലാ ക്രിസ്ത്യാനികളെയും കുറിച്ചാണ്. "തിന്മയെ നന്മകൊണ്ട് ജയിക്കുവാൻ" സഹക്രിസ്ത്യാനികളെ എല്ലാ ക്രിസ്ത്യാനികളും സഹായിക്കണം (റോമ. 12:21).

*എല്ലാ ആളുകളോടും നമുക്കുള്ള ബന്ധം.* 12 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ, സഭാദ്ധ്യക്ഷന്മാരും അംഗങ്ങളും തമ്മിലുള്ള ബന്ധത്തെയാണ് പ്രാഥമികമായി സംസാരിക്കുന്നതെങ്കിലും, ചിലപ്പോൾ അവൻ തന്റെ കാഴ്ച്ചപ്പാട് അ-ക്രൈസ്തവരിലേക്കും വ്യാപിപ്പിക്കുന്നുണ്ട്. അവൻ എഴുതി, "*എല്ലാവരോടും ദീർഘക്ഷമ* കാണിപ്പിൻ" (വാ. 14; എംഫസിസ് ആഡഡ്). വീണ്ടും അവൻ പറയുന്നു, "*എല്ലാവരോടും* എപ്പോഴും നന്മ ചെയ്തുകൊണിരിപ്പിൻ" (വാ. 15; എംഫസിസ് ആഡഡ്). അത്തരം ആളുകളോട് നമുക്കുള്ള ബന്ധം എങ്ങനെയിരിക്കുനന്നു?

ദൈവം അ-ക്രൈസ്തവരെയും സ്നേഹിക്കുന്നു. അവരും രക്ഷ പ്രാപിക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. പത്രൊസ് എഴുതി, "ആരും നശിച്ചുപേ ാകാതെ, ... എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിച്ചു കൊള്ളുന്നതേയുള്ളു" (2 പത്രൊ. 3:9). യേശു വന്നത്,

“തിരഞ്ഞു രക്ഷിപ്പാനത്രെ ... നഷ്ടപ്പെട്ടവരെ” (ലൂക്കൊ. 19:10).

നാം ദൈവത്തെയും, ക്രിസ്തുവിനെയും പോലെ എല്ലാവരേയും സ്നേഹിക്കണം. അവർ രക്ഷിക്കപ്പെടണമെന്നാണ് അവന്റെ ആഗ്രഹം. “നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ” എന്നാണ് യേശു നമ്മോട് പറയുന്നത് (മത്താ. 5:44). കഴിയുന്നതും നാം എല്ലാവരോടും സമാധാനമായിരിക്കണം (റോമ. 12:18). നാം ദയവ് കാണിച്ചാലും, ചിലപ്പോൾ ആളുകൾ നമ്മോട് മോശമായി പെരുമാറിയെന്നു വരാം, എന്നാൽ പൗലൊസ് പറയുന്നത് അനുസരിച്ച്, നാം “തിന്മക്ക് പകരം തിന്മ ചെയ്യരുത്” എല്ലാവരോടും ദീർഘക്ഷമയുള്ളവരാകയും,” “എല്ലാവരുടേയും നന്മ ... ആഗ്രഹിക്കയും ചെയ്യണം” (വാ. 14, 15). “ആകയാൽ അവസരം കിട്ടുംപോലെ നാം. എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക” (ഗലാ. 6:10). അവിശ്വാസികളുടെ സ്വഭാവം മോശമായാലും, അവരോട് നാം ഇത്തരത്തിൽ ദയാപൂർണ്ണരായിരിക്കണം, കാരണം അവരുടെ ആത്മാക്കൾ വിലയുള്ളതാണ്. നാം അവരുടെ നന്മ ആഗ്രഹിക്കുന്നതായി അവർക്ക് മനസിലാകുമ്പോൾ, അവർ മാനസാന്തരപ്പെട്ട്, സമർപ്പണത്തോടെ കർത്താവിലേക്ക് തിരിയും.

ദൈവഭവനത്തിന്റെ പ്രധാനപ്പെട്ട ഒന്നാണ് ബന്ധങ്ങൾ. നമ്മുടെ സഹോദരങ്ങളോടും, സുവിശേഷം ആവശ്യമുള്ള പുറത്തുള്ളവരോടും, അദ്ധ്യക്ഷന്മാരോടും നല്ല മനോഭാവത്തോടെ നമുക്ക് ഇടപെടാം. ഈഈ

### ക്രിസ്തീയ മനോഭാവം വളർത്തൽ (5:16-18)

ഉപദ്രവം നിമിത്തം പൗലൊസിന് പെട്ടെന്ന് തെസ്സലൊനിക്യയിൽനിന്നു വിട്ടുപോകേണി വന്നതിനാലാണ്, അവൻ പോയ ശേഷം ലേഖനമെഴുതി അവർക്ക് കൂടുതൽ നിർദ്ദേശങ്ങൾ നൽകിയത്. 16 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ, അവൻ തെസ്സലൊനിക്യർക്ക് മൂന്നു മനോഭാവങ്ങൾ നിർദ്ദേശിക്കുന്നു: സന്തോഷം, ആശ്രയത്വം, നന്ദി. ആ ആജ്ഞകൾ അവൻ എഴുതിയത് വർത്തമാന ഇംപെരേറ്റിവ് ടെൻസിലാണ്, അത് വ്യക്തമാക്കുന്നത്, ക്രിസ്ത്യാനികൾ ഈ മനോഭാവം വളർത്തി തങ്ങളുടെ ജീവിതത്തിൽ അവ തുടർച്ചയായി വളർത്തി ജീവിതത്തിൽ പ്രമാണിക്കുവാൻ കടപ്പെട്ടിരിക്കുന്നു എന്നാണ്.

*സന്തോഷം. “എപ്പോഴും സന്തോഷിപ്പിൻ”* (വാ. 16). ജീവിതത്തോടുള്ള ക്രിസ്ത്യനിയുടെ മനോഭാവം എന്നും സന്തോഷം നിറഞ്ഞതായിരിക്കണം. ദൈവം ധനമ്മുടെപ “മുൻകഴിഞ്ഞ പാപങ്ങളെ കഴുകി ധകളഞ്ഞ്വ,” രക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു (പ്രവൃത്തികൾ 22:16). നാം വിശ്വസ്തരായി ജീവിച്ചാൽ, സ്വർഗത്തിൽ നമുക്ക് ഒരു അവകാശം തരാമെന്നതിന് ഒരു അച്ചാരം നൽകി ഉറപ്പാക്കിയിരിക്കുന്നു (എഫെ. 1:13, 14). ആകയാൽ, പൗലൊസിനെ പോലെ നമുക്കും രക്ഷയോട് സന്തോഷം നിറഞ്ഞ മനോഭാവത്തിൽ തന്നെ ആയിരിക്കാം: “കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു!” (ഫിലി. 4:4).

ജീവിതത്തിന്റേതായ പ്രശ്നങ്ങൾ നമുക്ക് ഉണ്ടെങ്കിലും, ക്രിസ്ത്യാനികളായ നമുക്ക് നല്ല സമയം വരുമ്പോഴും, മോശമായ സമയം വരുമ്പോഴും സന്തോഷിക്കുവാൻ കഴിയണം. പൗലൊസ് ജയിലിൽ കിടക്കുമ്പോഴായിരുന്നു ഫിലിപ്പിയർ 4:4 എഴുതിയത്. പൗലൊസ് തെസ്സലൊനിക്യർക്ക് ലേഖനം എഴുതിയപ്പോൾ, അവർ എതിർപ്പിലും, ഉപദ്രവത്തിലും ആയിരുന്നു. കഷ്ടതക്കും, വേദനക്കും ഉപരിയായി, നമുക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന പ്ര

തിഫലം ഓർക്കുമ്പോൾ, ഈ അനുഭവങ്ങളേക്കാൾ അത് ഉയർന്നതു തന്നെ. അതുകൊണ്ട്, എല്ലാറ്റിലും നമുക്ക് സന്തോഷിക്കാം.

*ആശ്രയത്വം. "ഇടവിടാതെ പ്രാർത്ഥിപ്പിൻ"* (വാ. 17). ഒരു ശിശുവും സ്വയം പര്യാപ്തമല്ല, അതുപോലെ നാമും ആത്മിയ ശിശുക്കളാണ് (യിരെ. 10:23 നോക്കുക). നമുക്ക് ദൈവം ആവശ്യമാണ്. ആകയാൽ, പ്രാർത്ഥന മുഖാന്തരം നാം അവനോട് ബന്ധപ്പെട്ടുകൊണ്ടിരിക്കണം, അത് അവൻ നമുക്ക് നൽകിയ ഉപകാരങ്ങൾക്ക് നന്ദി ചെലുത്തിയും (2 കൊ. 9:15) പരീക്ഷണങ്ങളെ നേരിടുവാനുള്ള സഹായത്തിനും (പ്രവൃ. 4:29).

"ഇടവിടാതെ" "പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം പ്രാർത്ഥിച്ചുകൊണ്ടേയിരിക്കണം എന്നല്ല, മറിച്ച് തുടർച്ചയായി ദൈവത്തോട് നാം ആശയവിനിമയം ചെയ്യണം എന്നാണ്, അതായത്, പ്രതികൂല സാഹചര്യത്തിലും നാം ദൈവത്തിൽ ആശ്രയിക്കണം എന്ന് സാരം (എഫെ. 6:18; ലൂക്കൊ. 18:1 നോക്കുക). നാം നടക്കുമ്പോഴും, വാഹനം ഓടിക്കുമ്പോഴും (കണ്ണുകൾ അടക്കാതെ നമുക്ക് പ്രാർത്ഥിക്കുവാൻ കഴിയും). ദൈവം കേൾക്കും!

നാം എപ്പോഴും പ്രാർത്ഥിക്കുമ്പോൾ, ദൈവത്തിന്റെ ആവശ്യകതയെ നാം ബോധ്യപ്പെടുത്തുകയാണ്-അതായത് അവനിലുള്ള ആശ്രയം. കുട്ടിക്ക് അമ്മയപ്പന്മാർ ആവശ്യമുള്ളതുപോലെ, നമുക്കും ദൈവത്തിന്റെ ആവശ്യമുണ്ട്. അവനിലുള്ള നമ്മുടെ ആശ്രയം ഒരിക്കലും വിട്ടുകളയാവുന്നതല്ലല. നാം അവനിൽ എത്രത്തോളം ആശ്രിയിക്കുന്നു എന്നു വ്യക്തമാക്കുന്നതാണ് നമ്മുടെ "ഇടവിടാതെയുള്ള പ്രാർത്ഥന!"

*നന്ദി. "എല്ലാറ്റിനും നന്ദിയുള്ളവരാകുവിൻ"* (വാ. 18). വാക്യം 17 ലെ പൗലൊസിന്റെ പ്രാർതഥന പ്രത്യേകമായി, നന്ദി സൂചിപ്പിക്കുന്നതാണ്. എങ്ങനെയായാലും, നന്ദി ചെലുത്തൽ എന്നത് ആരോടെങ്കിലും, അല്ലെങ്കിൽ എന്തിനെങ്കിലും നന്ദി തോന്നലല്ല, ദൈവത്തോട് ആ തോന്നൽ നാം പ്രവൃത്തിയിലുടെ പ്രകടമാക്കണം. "മുപ്പതു വർഷമായിട്ടും താങ്കൾ എന്നെ ഇപ്പോഴും സ്നേഹിക്കുന്നുണ്ടോ?" എന്ന ചോദ്യത്തിന്, "ഞാൻ ഒരിക്കൽ നിന്നെ സ്നേഹിക്കുന്നതായി പറഞ്ഞുവല്ലൊ, എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ ഞാൻ പറയാം" എന്നു മറുപടി പറഞ്ഞ ദമ്പതിമാരെ പോലെ ആകരുത് നാം. പകരം, നമുക്ക് അവനോടുള്ള സ്നേഹം പ്രകടമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു, നമ്മുടെ സ്നേഹം അവന് ആവശ്യമാണ് എന്നതിനാലല്ല, നാം അത് പ്രടിപ്പിക്കുന്നത്, പിന്നെയോ നാം അവനിൽ എത്രമാത്രം ആശ്രിയിക്കുന്നു എന്ന് വ്യക്തമാക്കുവാനുള്ളതാണ്.

നന്ദി ചെലുത്തുവിൻ എന്ന കൽപനയിൽ പൗലൊസ് "എല്ലാറ്റിനും" എന്ന പദപ്രയോഗം നടത്തിയിരിക്കുന്നത് നമുക്ക് ശ്രദ്ധിക്കാം. ഫിലിപ്പിയർ 4:11 ൽ പൗലൊസ് എഴുതി, "ഉള്ള അവസ്ഥയിൽ ഇരിപ്പാനും താഴ്ച്ചയിൽ ഇരിപ്പാനും ഞാൻ പഠിച്ചിട്ടുണ്." നാം "സമാധാനത്തിനും സമൃദ്ധിക്കും വേണ്ടി മാത്രമല്ല, എതിർപ്പിനും ഉപദ്രവത്തിനും കൂടെ നാം നന്ദി ചെലുത്തണമെന്ന് മെക്ഗാർവെയും, പെൻലെറ്റനും പറഞ്ഞിരിക്കുന്നു (പ്രവൃ. 5:41)."[55] അവ ആത്മിയ വളർച്ചക്ക് കാരണമായേക്കാം.

"ധനമ്മെപ കുറിച്ചുള്ള ദൈവേഷ്ടം" അത് ആയതുകൊണ്ട് നാം ദൈവത്തോട് നന്ദിയുള്ളവരാകണം (വാ. 18). ആ ആഗ്രഹം പൗലൊസിന്റേതതോ, അല്ലെങ്കിൽ ഒരു ഉപദേഷ്ടാവിന്റേതോ അല്ല, ദൈവത്തിന്റേതാണ്! നമുക്ക് ദൈവം നൽകുന്ന കുടുംബങ്ങൾക്ക്, ആഹാരത്തിന്, വസ്ത്രങ്ങൾക്ക്, വീടു

കൾക്ക്, പരീക്ഷണങ്ങൾക്ക്, പ്രശ്നങ്ങൾക്ക് എല്ലാം നാം നന്ദിയുള്ളവരാണോ?

നാം സന്തോഷവും, ആശ്രയവും, നന്ദിയുമുള്ള ദൈവമക്കൾ ആയിരിക്കണം. ഒരു അപ്പനെ പോലെയാണ് അവൻ എപ്പോഴും നമ്മെ കരുതുന്നത്. നമ്മുടേ ക്രിസ്തീയ മനോഭാവങ്ങളും നന്ദിയും ശരിയായി പ്രകടിപ്പിക്കുന്ന പുത്രന്മാരും പുത്രിമാരുമായി നമുക്ക് ജീവിക്കാം! ഈഈ

**ഉപേക്ഷിക്കേണ അതിരു കവിഞ്ഞ ചില കാര്യങ്ങൾ (5:19, 20)**

ഒരറ്റത്തുനിന്നു മറ്റൊരു അറ്റത്തേക്ക് ചാടുവാനുള്ള പ്രവണതയാണ് ആളുകൾക്ക് പലപ്പോഴും ഉണ്ടാകുന്നത്. 19, 20 വാക്യങ്ങളിൽ തെസ്സലൊനികൃ സഭയിലും ചിലർക്ക് അത്തരം പ്രവണത ഉണ്ടായിരുന്നു. പൗലൊസിന്റെ വിലയിരുത്തലിൽ, ഒരു ബാലൻസ് പ്രാധാന്യമുള്ള കാര്യമാണ്. ഗ്രൗണ്ടിന്റെ മദ്ധ്യത്തിലായിരിക്കുവാനാണ് സഭയോട് അവൻ അപേക്ഷിച്ചത്. വിട്ടുകളയുവാൻ പൗലൊസ് ആവശ്യപ്പെട്ട അവരുടെ അതിരുകവിഞ്ഞ കാഴ്ച്ചപ്പാട് എന്തെല്ലാമായിരുന്നു?

*അതിര് കവിഞ്ഞതായി പരിശുദ്ധാത്മാവ് വീക്ഷിക്കുന്നത്.* പൗലൊസ് പറഞ്ഞു, "ആത്മാവിനെ കെടുക്കരുത്" (വാ. 19). ദൈവികത്വത്തിലെ മൂന്നാമത്തെ വ്യക്തിയായ പരിശുദ്ധാത്മാവിനെ ആണ് അവൻ ഇവിടെ പറയുന്നത്. ദൈവത്തെ അനുസരിക്കുന്നവർക്കാണ് അന്നും, ഇന്നും പരിശുദ്ധാത്മാവിനെ നൽകുന്നത് (പ്രവൃ. 5:32). അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവ് നിറഞ്ഞവരായി തീർന്നു എന്ന് ലൂക്കൊസ് വിവരിച്ച് എഴുതിയിരിക്കുന്നു (പ്രവൃ. 2:1-4). "പരിശുദ്ധാത്മാവിനെ കെടുക്കരുത്" എന്ന് പൗലൊസ് എഴുതി.

പൗലൊസിന്റെ മനസിൽ ഒരുപക്ഷെ ആത്മാവിനാലുള്ള അത്ഭുത വരങ്ങളായ അന്യഭാഷ, പ്രവചന വരം, വ്യാഖ്യാനവരം തുടങ്ങിയാവാം ഉണ്ടായിരുന്നത് (1 കൊ. 12:8-11). ആ വരങ്ങൾ ഒന്നാം നൂറ്റാണിലെ ചില ക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്നു. അത്തരം വരങ്ങളെ അവർ അടിച്ചമർത്താൻ കാരണം എന്താണ്? ചിലർ അത്തരം വരങ്ങളുണ്ടെന്ന് നടിച്ചിരുന്നു (1 യോഹ. 4:1 നോക്കുക). കള്ളപ്രവാചകന്മാരും, കുഴപ്പക്കാരും ആത്മാർത്ഥതയുള്ള ക്രിസ്ത്യാനികളെ അത് അതിരു കവിഞ്ഞതാണെന്ന് പറഞ്ഞ് നിരുൽസാഹപ്പെടുത്തിയിരുന്നു.

ആത്മാവിന്റെ അത്ഭുതവരങ്ങളുടെ പേരു പറഞ്ഞ് ആളുകളെ തെറ്റിക്കുന്നതിനാൽ, ശരിയായി ആത്മവരങ്ങൾ പ്രവർത്തിക്കുന്നവരെയയും സാധാരണ ആളുകൾ സംശയിക്കുവാൻ തുടങ്ങി. ഇത് കൊരിന്ത്യയിൽ അന്നു നടന്നവയുടടെ എതിരായ അതിരു കവിഞ്ഞ പ്രവൃത്തിയാണ് (1 കൊ. 14). അത്തരം പ്രവൃത്തികളെല്ലാം "ആത്മാവിന്റെ ജ്വാലയെ കെടുത്തുന്നതാണ്." ദൈവ സന്ദേശത്തെ തടയുന്നതുമാണ്.

അത് ഇന്ന് എങ്ങനെ പ്രായോഗികമാക്കാം? പരിശുദ്ധാത്മാവ് ഇന്ന് അത്ഭുത വരങ്ങൾ പകരാതിരിക്കുന്നതിനാൽ, ആരെങ്കിലും ഇന്ന് അത്ഭുത വരങ്ങളുടണ്ടെന്ന് അവകാശപ്പെടുന്നു എങ്കിൽ അയാൾ ദൈവ വചനത്തെ ദുരുരപയോഗിക്കുകയാണ് എന്ന് നിസംശയം പറയാം. എങ്ങനെയായാലും, അതിരു കവിഞ്ഞു പോകരുത് എന്ന തത്വം പൗലൊസ് നൽകുന്നതിനെ നാം ഗൗരവമായി എടുക്കണം. നമുക്ക് ഇഷ്ടമില്ലാതത്ത കാര്യങ്ങൾ മറ്റുള്ളവർ ചെയ്തു കാണുമ്പോൾ, അവരോടുള്ള പ്രതികരണത്തിൽ നാം ചിലപ്പോൾ അതിർ കടന്നു പോയേക്കാം.

തങ്ങളുടെ കള്ളത്തരങ്ങൾക്ക് കുപ്രസിദ്ധിയാർജിച്ച ചില ടെലിവിഷൻ സുവിശേകരുള്ളത് യാഥാർത്ഥ്യമാണ്. അതിൽനിന്നും എല്ലാ സുവിശേഷക ന്മാരും അവരെ പോലെയാണ് (അല്ലെങ്കിൽ എല്ലാ ക്രിസ്ത്യാനികളും അതുപേ ാലെ കപടഭക്തിക്കാരാണ്) എന്ന് തീർച്ചപ്പെടുത്തുന്ന ചിലരുണ്ട്. അത് ഒരു ബാലൻസ് ഇല്ലാത്ത വിലയിരുത്തലാണ്. സഭക്കു വേണ പുതിയ നിമയമോ പദേശ മാതൃക ചില ഉപദേഷ്ടാക്കന്മാർ പഠിപ്പിക്കാത്തതിനാൽ, എല്ലാവരും അങ്ങനെയാണ് എന്ന് സംശയിക്കുന്നത് തെറ്റായിപ്പോയേക്കാം. ആത്മാർത്ഥ മായ സന്ദേശം ആളുകൾ കേൾക്കാതിരിക്കുവാൻ പിശാച് ആളുകളുടെ ഭയ വും, നിരുൽസാഹവും ജനിപ്പിച്ചിരിക്കുകയാണ്. നാം എല്ലാ ഉപദേഷ്ടാക്കന്മാ രെയും ഒരുപോലെ സംശയിച്ചാൽ, നാം കേൾക്കേണ്ട സന്ദേശം ഒരിക്കലും കേൾക്കുകയില്ല.

*പ്രവചനത്തിന്റെ അതിരു കവിഞ്ഞ വീക്ഷണങ്ങൾ.* വാക്യം 20 ൽ, പൗലൊസ് എഴുതി, "പ്രവചനം തുഛീകരിക്കരുത്." ഈ ഒരു അത്ഭുത വരത്തെ പൗലൊസ് ഉയർത്തി കാണിച്ചിരിക്കുന്നു (1 കൊ. 14:5 നോക്കുക). എന്നിട്ടും, തെസ്സലൊനിക്യയിലുള്ള ചിലർ സത്യത്തിലുള്ള പ്രവചനത്തെ തുഛീകരിച്ചി രുന്നു. അതിരു കവിഞ്ഞ പ്രതികരണം നടത്തിയാൽ ഒരുപക്ഷെ ദൈവത്തിന്റെ വെളിപ്പെടുത്തിയ സത്യം ലഭിക്കാതെ പോകും.

പിന്നെ ഇന്ന് ഇത് എങ്ങനെ പ്രായോഗികമാക്കാം? വീണ്ടും, നമുക്ക് ഇന്ന് അത്ഭുതകരമായി ദൈവശ്വാസിയ പ്രവചനം നടത്തുന്നനവർ ഇന്ന് ഇല്ല. എന്നാൽ അതിരു കവിഞ്ഞ പ്രതികരണത്താൽ, വാസ്തവത്തിലുള്ള ഉപ ദേഷ്ടാക്കന്മാരെയും, മൂപ്പന്മാരെയയും, സുവിശേഷപ്രാസംഗികന്മാരെയും തള്ളിക്കളഞ്ഞേക്കാം. തിരുവചനത്തിലില്ലലാത്ത പ്രസംഗമോ, പഠനമോ സഭ യിൽ കേട്ടാൽ പോലും, എല്ലാ ഉപദേശ്ടാക്കന്മാരും അങ്ങനെയായിരിക്കും എന്ന് നാം വിലയിരുത്തരുത്. പൗലൊസ് പറയുന്നത്, "അതിരു കവിഞ്ഞ വീക്ഷണത്തെ ഒഴിവാക്കുകയും, ദൈവ വചനത്തെ തുഛീകരിക്കാതിരിക്കയും വേണം." ദൈവ വചനത്തിൽനിന്നുള്ള സത്യ സന്ദേശം കേൾക്കുമ്പോൾ, എപ്പോഴായാലും നാം അതിനെ തുഛീകരിക്കാതെ, സ്വീകരിക്കുകയാണ് വേണ്ടത്!

ഈഈ

**തിരിച്ചറിയൽ ശീലിക്കൽ: "സകലവും ശോധന ചെയ്യുവിൻ" (5:21, 22)**

ശരിയായ ഉപദേശവും തെറ്റായ ഉപദേശവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുവാനായിരുന്നു പൗലൊസ് തെസ്സലൊനിക്യരോട് അപേക്ഷിച്ചത്. അവൻ പറഞ്ഞു, "സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ; സകല വിധ ദോഷവും വിട്ടകലുവിൻ" (വാ. 21, 22). നാം കേൾക്കുന്ന വിവിധ കാര്യങ്ങളെ നാം എങ്ങനെ ശോധന ചെയ്യും?

*ഒന്നാമത്, ഇത് ഒരു വ്യക്തിപരമായ ഉത്തരവാദിത്തമാണെന്നത് പ്രാധാ ന്യമർഹിക്കുന്നു.* പ്രവൃത്തികൾ 17:11 ൽ, ലൂക്കൊസ് എഴുതിയിരിക്കുന്നത്, ബെരോവയിലുള്ള ക്രിസ്ത്യാനികൾ "ഉത്തമന്മാർ–ആയിരുന്നു" എന്നാണ് കാരണം അവർ കേൾക്കുന്നത് തിരുവചനത്തിൽ ഉള്ളതാണോ എന്ന് ദിനമ്പ്രതി പരിശോധിച്ചു വന്നു. നാം കേൾക്കുന്ന പ്രസംഗമായാലും, ബൈബിൾ പഠന മായാലും, കാര്യങ്ങൾ വചനത്തിൽ ഉള്ളതാണോ എന്ന് പരിശോധിക്കേണ്ട ഉത്തരവാദിത്തം നമുക്ക് തന്നെയാണ്.

*രണ്ടാമത്, "ഒരിക്കൽ സത്യമായത് തിരിച്ചറിഞ്ഞുകഴിഞ്ഞാൽ, നാം അത്*

*മുറുകെ പിടിക്കണം."* നാം മുറുകെ പിടിക്കേണതായ "നല്ലത്" എന്താണ്? അടിസ്ഥാനപരമായ ബൈബിൾ സത്യം ഓർമ്മിക്കുക: ദൈവത്തോടുള്ള സ്നേഹം, ക്രിസ്തുവിനോടുള്ള വിശ്വസ്തത, കുടുംബത്തോടുള്ള സ്നേഹം, ലൈംഗിക നിർമ്മലത, മറ്റുള്ളവരെ സേവിക്കൽ. ഇവ മുറുകെ പിടിച്ച് സന്തോഷത്തോടെ, ചെയ്തുകൊണ്ടിരിക്കുക.

*മൂന്നാമത്, നാം ദോഷം വിട്ടകലണം.* അത് നിങ്ങളിൽ വരാതിരിപ്പാൻ നോക്കണം; അതിനെ നീക്കം ചെയ്യുക. കെജെവിയിൽ ദോഷത്തിന്റെ "എല്ലാ പ്രത്യക്ഷതയെയും" ഒഴിവാക്കണമെന്ന് പറഞ്ഞിരിക്കുന്നു എങ്കിലും, പൗലൊസ് ഊഉന്നി പറയുന്നത്, അതിന്റെ പ്രത്യക്ഷത മാത്രമല്ല, സകല ദോഷവും വിട്ടുകളയണമെന്നാണ്. ഇന്ന് നാം വിട്ടുകളയേണ്ട ദോഷങ്ങൾ എന്തെല്ലാമാണ്? ഗർഭഛിദ്രം, വചനവിരുദ്ധമായ പുനർവിവാഹം, സ്വവർഗരതി, നികുതി വെട്ടിപ്പ്, ശാപ വാക്കുകൾ. ഈഉഈ

**പക്വതയെ സംബന്ധിച്ച് ദൈവത്തിന്റെ കാഴ്ച്ചപ്പാട് (5:12-23)**

നമ്മിൽ മിക്കപേർക്കും നമ്മുടേതായ ആത്മിയ പക്വത നാം വിലയിരുത്തിയിട്ടുണ്. ആത്മിയ പക്വതയെ കുറിച്ച് നമ്മുടെ നിലവാരം അതായിരിക്കാം. തന്റെ മക്കളുടെആത്മിയ പക്വതയെ കുറിച്ച് ദൈവത്തിന്റെ കാഴ്ച്ചപ്പാട് എന്താണ്? "ചെയ്യേണതും," "ചെയ്യരുതാത്തതും" ആയവയെ കുറിച്ചുള്ള ഒരു ലിസ്റ്റ് തന്നെ ആയിരിക്കാം 1 തെസ്സലൊനിക്യ ലേഖനത്തിലെ അവസാന ഭാഗത്തിലുള്ളത്. ആത്മിയ പക്വതയോടെ ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള മനോഭാവത്തിന്റെ മനോഹരമായ സഹായമാണ് പ്രവർത്തിക്കുവാൻ നൽകിയിരിക്കുന്നത്. നമ്മുടെ ആത്മിക പക്വതക്കുള്ള ദൈവിക നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

*നമ്മുടെ ബന്ധങ്ങളിൽ പക്വതയുള്ളവരാകുക (5:12–15).* ക്രിസ്ത്യാനിത്വം എന്നു പറയുന്നത് ബന്ധമാണ്. അത് ക്രിസ്തു മുഖാന്തരം ദൈവത്തോടുള്ള സൗഹൃദമാണ്. മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധത്തിൽ പ്രതിഫലിപ്പിക്കുന്നതാണ് ദൈവത്തോടുള്ള ബന്ധം.

"ആകയാൽ പ്രിയ മക്കൾ എന്ന പോലെ ദൈവത്തെ അനുകരിപ്പിൻ" എന്നത് എഫെസ്യർ 5:1 ലെ കൽപനയാണ്. ജീവിക്കുവാനുള്ള ഈ നിയമത്തിൽ, ദയ, സ്നേഹം, ക്ഷമ എന്നിവയോട് ക്രിയാത്മകമായി യോജിക്കുന്നതാണ്. ഈ സ്വഭാവ വിശേഷങ്ങളുടെ ഫലമായിട്ടാണ് യേശുവിന്റെ ത്യാഗത്തെ ചിത്രീകരിച്ചിരിക്കുന്നത്.

നമ്മുടെ ബന്ധങ്ങളിൽ നമുക്ക് എങ്ങനെഈ സ്വഭാവം പ്രകടിപ്പിക്കുവാൻ കഴിയും? 5:12–15 ൽ നമ്മോട് ചെയ്യുവാൻ പറഞ്ഞിരിക്കുന്നത് നോക്കുക:

> സഹോദരന്മാരെ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പികയും ചെയ്യുന്നവരെ അറിഞ്ഞ് അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്നു നിങ്ങളോട് അപേക്ഷിക്കുന്നു. തമ്മിൽ സമാധാനമായിരിപ്പിൻ. സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത്, ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ, ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ, ബലഹീനരെ താങ്ങുവിൻ, എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ. ആരും തിന്മക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും,

> എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണിരിപ്പിൻ.

കുഴപ്പമുണ്ടാക്കുന്നവരേയും ഉദാസീനരായവരേയും നമുക്ക് അറിയാം. ഭയപ്പെടുന്നവരേയും ബലഹീനരായവരേയയും നമുക്ക് അറിയാം. ദൈവിക വഴിയിലാണ് നാം അവരോട് പ്രതികരിക്കേണ്ടത്. അതാണ് പക്വത: അങ്ങനെയുള്ള എല്ലാവരോടും ചെയ്യാവുന്ന നന്മ ചെയ്യണം. നമുക്ക് വളരുവാനുള്ള സ്നേഹത്തിലും സമാധാനത്തിലും എല്ലാവരോടും ഇടപെടണം.

അത് ആവശ്യമുള്ളതും വിലയുള്ളതുമായ പ്രവൃത്തിയാണ്. പരിശീലിക്കുവാനുള്ള കേർസേതായ പക്വതയാണ്. അത് ക്രിസ്തീയ പക്വതക്കുള്ള പരിശീലനമാണ്അത് ദൈവത്തിന്റെ പ്രവൃത്തിയാണ്! അത് യേശു ചെയ്തതും, ക്ഷമയോടെ പൂർത്തിയാകുന്നതുവരെ അവൻ തുടരുകയും ചെയ്തു. യേശു "നന്മ ചെയ്തുകൊണ്ടേയിരുന്നു" (പ്രവൃ. 10:38). ബന്ധങ്ങളിലുള്ള പക്വതയാണ് മറ്റുള്ളവർക്ക് നന്മ ചെയ്യുന്നത്.

മറ്റുള്ളവരരോടുള്ള നമ്മുടെ ബന്ധത്തെ പരിശോധിക്കുമ്പോൾ, നമുക്ക് എന്താണ് കാണുവാൻ കഴിയുന്നത്? അവരുടെ ആവശ്യങ്ങളിൽ നാം, മാറി നിന്ന്കരുതലില്ലാത്ത വ്യത്യസ്ത നിലപാട് സ്വീകരിക്കുകയാണോ? മറ്റുള്ളവരുടെ പ്രവൃത്തികളെ ഓരോന്നിനേയും തള്ളിക്കളഞ്ഞ് അവരെ കീഴ്പ്പെടുത്തുവാനാണോ ശ്രമിക്കുന്നത്? അവ മറ്റുള്ളവരോടുള്ള ബന്ധത്തിലെ അപക്വതയാണ് കാണിക്കുന്നത്.

ഇത്തരത്തിൽ പെരുമാറുവാനുള്ള പ്രവണതയാണ് നമ്മിലുള്ളതെങ്കിൽ, അല്ലെങ്കിൽ അങ്ങനെയാണ് പെരുമാറുനന്നതെങ്കിൽ, നാം മറ്റുള്ളവരോട് ബന്ധപ്പെടുവാൻ ദൈവ നിർദ്ദേശങ്ങൾ വീണ്ടും വായിക്കണം. അങ്ങനെ നാം അവ പരിശീലിക്കുവാൻ തുടങ്ങുകയും, തുടർന്നുകൊണ്ടിരിക്കുകയും ചെയ്യണം. അപ്പോൾ നമ്മുടെ മനോഭാവം വളരുകയും, ബന്ധങ്ങളിൽ നാം പക്വത കൈവരിക്കുകയും ചെയ്യും.

*നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ പക്വതയുള്ളവരാകുക (5:16–22).* നമുക്ക് ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ വേലയാണ് ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്ന മറ്റുള്ളവരെ സഹായിക്കൽ. അത് ഒരുപക്ഷെ നിരുൽസാഹപ്പെടുത്തുന്നതോ ക്ഷീണിപ്പിക്കുന്നതോ ആയേക്കാം. അത് നാം ചെയ്യാതിരിക്കുമ്പോൾ, നമ്മുടെ ആത്മാക്കൾ വരണ്ടു പോകും, അങ്ങനെ കാണപ്പെടുകയാണെങ്കിൽ നാം മറ്റുള്ളവരെ സഹായിച്ചു തുടങ്ങണം. അതിനുള്ള ഏറ്റവും നല്ല വഴി നമ്മുടെ തന്നെ വ്യക്തിപരമായ പക്വത പരിശോധിക്കുകയാണ് വേണ്ടത്.

അത് എങ്ങനെ നമുക്ക് ചെയ്യുവാൻ കഴിയും? ഇതാണ് ആ ചോദ്യത്തിനുള്ള ഉത്തരം:

> എപ്പോഴും സന്തോഷിപ്പിൻ. ഇടവിടാതെ പ്രാർത്ഥിപ്പിൻ. എല്ലാറ്റിനും സ്തോത്രം ചെയ്വിൻ, ഇതല്ലൊ നിങ്ങളെ കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം. ആത്മാവിനെ കെടുക്കരുത്. പ്രവചനം തുഛീകരിക്കരുത്. സകലവും ശോധന ചെയ്തു;നല്ലത് മുറുകെ പിടിപ്പിൻ; സകലവിധ ദോഷവും വിട്ടകലുവിൻ (5:16–22).

ഈ ലിസ്റ്റ് നോക്കിയാൽ അവ വാസ്തവത്തിൽ നവീകരണത്തിനുള്ള ദൈവിക നിബന്ധനകളാണെന്നു മനസിലാകും. ആ പ്രവൃത്തികൾ ആത്മിയ പക്വതി

ലെത്തുവാൻ പ്രചോദിപ്പിച്ച് വളർത്തുന്നവയാണ്.

ആ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ നമ്മുടെ ജീവിതത്തിന് എന്താണ് സംഭവിക്കുന്നത്? നാം സന്തോഷിക്കുന്നു; നാം പ്രാർത്ഥിക്കുന്നു; നമ്മെ മാറ്റുവാൻ ആത്മാവിനോട് യാചിക്കും. പിന്നെ നാം ദൈവ വചനത്തിൽ ആശ്രയിക്കുകയും നമ്മുടെ ജീവിതത്തിലെ അഭക്തിയെല്ലാം ഉപേക്ഷിച്ച്, വാസ്തവത്തിൽ വിലയുള്ള നന്മയെ സ്വീകരിക്കും. ആ മനോഭാവങ്ങൾ നമ്മിൽ വളരുമ്പോൾ, നാം ക്ഷമിക്കുകയും, സ്നേഹിക്കുകയും, ദീർഘക്ഷമയുള്ള ദൈവം ആഗ്രഹിക്കുന്ന സഹായികളായി തീരുകയും ചെയ്യും.

ഈ വിലയേറിയ പ്രവൃത്തികൾ യാതൃശ്ചികമായി മാത്രം ചെയ്യാതെ അവയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി എങ്ങനെ മാറ്റുവാൻ കഴിയും? ഒന്നാമത്, അവ നമ്മുടെ ആത്മിയ വളർച്ചക്ക് അനിവാര്യമായ പ്രാധാന്യമുള്ളവയാണെന്ന് നമുക്ക് ബോധ്യമാകണം. അങ്ങനെ ആരാണ് പറയുന്നത്? ദൈവമാണ് അങ്ങനെ പറയുന്നത്! രണ്ടാമത്, നാം അവയെ ചെയ്തു തുടങ്ങണം. അത്തരം തുടക്കത്തിന് തടസമായി നിൽക്കുന്നവയുടെ ലിസ്റ്റ് ഒരുപക്ഷെ നമ്മുടെ ചിന്തയിൽ വന്നേക്കാം. നാം തന്നെ തുടങ്ങാതെ ആ മനോഗുണങ്ങളൊന്നും നമ്മിലേക്ക് കടന്നുവരികയില്ല–ആകയാൽ, നമുക്ക് ആവ ആരംഭിക്കാം! മൂന്നാമത്, നാം സൽപ്രവൃത്തികളിൽ സ്ഥിരത പുലർത്തണം. നാം അവയെ അവഗണിക്കുകയോ, മറക്കുകയോ ചെയ്താൽ, പിന്നെ ആ ദിശയിലേക്ക് മടങ്ങിവരുവാൻ അധിക പരിശ്രമം വേണ്ടി വരും.

*ദൈവസഹായത്തിനായി കാത്തിരിക്കുക (5:23).* ആത്മിയ പക്വത കൈവരിക്കുവാൻ ശ്രമിക്കുന്നവർ സ്വന്ത ബലഹീനതകളെ കുറിച്ച് ബോധവാന്മാരായിരിക്കണം. നമമുടെ പരാജയങ്ങളെ നാം തിരിച്ചറിയണം. ചിലപ്പോൾ, ദൈവഹിതത്തെ അവഗണിക്കുകയോ അല്ലെങ്കിൽ ദൈവത്തോട് മൽസരിക്കുകയോ ചെയ്യും. നാം നമ്മിൽ തന്നെ ആശ്രയിച്ചാൽ നാം പരാജയപ്പെടും. യേശു മുഖാന്തരം ദൈവത്തിലാണ് പരിപൂർണ്ണതയുള്ളത്. പക്വതയാർജിക്കുവാനുള്ള വെല്ലുവിളിയിൽ ദൈവം നമ്മെ സഹായിക്കും (5:23 നോക്കുക).

തന്റെ ജീവനും വിശുദ്ധിയും നമുക്ക് നൽകുവാന്തക്കവണ്ണം ദൈവം ഉദാരവാനാണ്. ഇതു സാധ്യമാകുവാൻ യേശുവിനെ നമുക്കായി നൽകി. ആത്മിയ പക്വതയുള്ള ക്രിസ്ത്യാനികളായ നാം എല്ലാറ്റിനും ദൈവസഹായം ആവശ്യപ്പെടും. ഈ ജീനിതത്തിലും നിത്യതയിലും ദൈവം നമ്മെ കാത്തുകൊള്ളും. നമുക്ക് ദൈവത്തിൽ ആശ്രയിക്കുവാൻ കഴിയും. നാം ദൈവത്തിൽ ആശ്രയി*ക്കണം.*

*ഉപസംഹാരം.* നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും ക്രിസ്തീയ പക്വതയുള്ള ഹൃദയവും മനസുമാണ് നമുക്ക് ഉള്ളത് എന്നു കാണിക്കുന്നു. നാം പക്വതക്കായി പരിശ്രമിക്കുമ്പോൾ, ഫലം കാണുവാൻ കഴിയും–നമ്മിൽ മാത്രമല്ല, നമുക്കു ചുറ്റുമുള്ള, സ്വാധീനം ചെലുത്തുവാൻ കഴിവുള്ളവരുടെ ജീവിതത്തിലും കാണാം. നാം വ്യത്യാസം ഉള്ളവരായി അറിയപ്പെടും. നാം ദൈവജനമായി തിരിച്ചറിയപ്പെടും. ദൈവം നമ്മോടുകൂടെ ഉണ്ടെങ്കിൽ, നമുക്ക് ഈ ജീവിതത്തിൽ പക്വത കൈവരിക്കുവാനും, വരുവാനുള്ളതിൽ അവനോടുകൂടെ കൂട്ടായ്മ പങ്കിടുവാനും കഴിയും. ടിപി

**"ചെയ്യരുതാത്തവ" (5:19-22)**

ക്രിസ്ത്യാനിത്വം ഒരു നിഷേധ മതം അല്ല, പക്ഷെ അതിൽ ചില "അരുതാത്ത" കാര്യങ്ങളും ഉൾപ്പെട്ടിരിക്കുന്നു. നാം നല്ല വാർത്തയിലേക്ക് കടക്കുന്നതിന് മുൻപ് മോശമായ വാർത്തയിലേക്ക് പരവേശിക്കണം. സത്യത്തിൽ നടക്കുന്നതിന്റെ വിപരീതമാണ് തെറ്റിൽ നടക്കുക എന്നത്. വിശുദ്ധിക്കുള്ള സമർപ്പണത്തിന് അശുദ്ധിയെ ത്യജിക്കേണ്ടതായിട്ടുണ്ട്.

വചനപ്രകാരം ജീവിക്കുവാൻ ശ്രമിക്കുന്നവർ ഉപേക്ഷിക്കേണതായ നാല് നിഷേധങ്ങൾ പൗലൊസ് വ്യക്തമാക്കുന്നു.

*ആത്മാവിനെ കെടുക്കരുത്.* "കെടുക്കുക" എന്ന വാക്കിന്റെ അർത്ഥം, ആത്മാവിനെ അണക്കുക എന്നാണ്. ഒരാൾ പറഞ്ഞു, "ദൈവമേ, ഞങ്ങൾക്കിടയിൽ ആത്മിയമായ ഒരു തീപ്പൊരി ഉണെങ്കിൽ, ദയവായി അതിലേക്ക് വെള്ളം ഒഴിക്കേണമേ." ഇവിടെ ആ അലങ്കാരം അയാൾക്ക് തെറ്റിപ്പോയതാണ്. പക്ഷെ അതിന്റെ അർത്ഥം നമുക്ക് അറിയാം.വാക്യ*ം 19* ൽ പറയുന്നത് നാം ആത്മാവിന്റെ ശബ്ദത്തെ വെള്ളം ഒഴിച്ചു "അണക്കുകയോ," അല്ലെങ്കിൽ "കെടുത്തുകയോ" ചെയ്യരുത്.

*പ്രവചനം തുഛീകരിക്കരുത്*. തുഛീകരിക്കുക എന്നാൽ എന്തിനെ എങ്കിലും ചെറുതാക്കുക അല്ലെങ്കിൽ നിസാരവൽക്കരിക്കുക എന്നാണ്.

*പരിശോധിക്കാതെ ഒന്നും സ്വീകരിക്കരുത്.* ഏതു സന്ദേശത്തെയും നാം സ്വീകരിക്കരുത്. ഒരി ദൂത് കേൾക്കുമ്പോൾ, ശ്രദ്ധയോടെ പരിശോധിക്കുക. അത് സത്യമാണെന്ന് കണ്ടെത്തിയാൽ അത് സ്വീകരിക്കുക. ആദ്യം പരിശോധിച്ചിട്ടു വേണം അത് കൈക്കൊള്ളുവാൻ.

*ദുഷ്ടതയിൽ പങ്കു ചേരരുത്*. നാം ദുഷ്ടതക്ക് എതിരാണ്. അതുകൊണ്, നാം ദോഷത്തിന്റെ അരികിൽ പോലും നില്ക്കരുത്. നാം പ്രത്യേകിച്ച് ദുരുപദേശങ്ങൾക്കും കള്ളപ്രവചനങ്ങൾക്കും എതിരായിരിക്കണം. ദുരുപദേശത്തെ എതിർക്കുക എന്നതായിരിക്കാം ഈ പ്രയോഗത്തിന്റെ അർത്ഥം.

റേയ്മണ്ട് സി.കെലി എഴുതി, "ദോഷം ഏതു രൂപത്തിൽ വന്നാലും, അതിൽനിന്നു ഒഴിഞ്ഞു മാറുവാൻ ആയിരിക്കാം പൗലൊസ് ഇവിടെ പറയുന്നത്; എങ്ങനെയായാലും, സന്ദർഭം കൂടുതലായി പരിശോധിച്ചാൽ, ഈ ഭാഗത്ത് ഒഴിവാക്കുവാൻ ഊന്നൽ കൊടുത്തിരിക്കുന്നത് കള്ളപ്രവചനത്തിനാണ്."[56]

നമുക്ക് നൽകിയിരിക്കുന്ന സത്യവചനത്തോട് നീതി പുലർത്തുവാൻ സഹായിക്കുന്നവയാണ് ഈ നിശേധങ്ങൾ, ക്രിസ്തുവിനു വേണി ജീവിക്കുന്നവർക്ക്, അവ ഉപേക്ഷിക്കേണ്ടത് ആവശ്യമാണ്. ഈസി

**പൂർണ്ണമായ ആഗ്രഹം (5:23, 24)**

പൗലൊസിന്റെ ഉപസംഹാര വാക്കുകളിൽ, തെസ്സലൊനി ക്യർക്ക് വേണിയുള്ള മനോഹരമായ പ്രാർത്ഥന/ആഗ്രഹം രേഖപ്പെടുത്തിയിരിക്കുന്നു. അത് ക്രിസ്തുവിലുള്ള ഓരോ ക്രിസ്ത്യാനിക്കും മറ്റു സഹോദരീ സഹോദരങ്ങളോട് പ്രകടിപ്പിക്കേണ്ടതുമാണ്.

*പൂർണ്ണമായ വിശുദ്ധീകരണം*. ഓരോരുത്തരും ദൈവ വേലക്കായി സ്വയം ആഗ്രഹിക്കണം. ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന ഓരോരുത്തർക്കും സുവിശേഷം അനുസരിക്കുമ്പോൾ ലഭിക്കുന്നതാണ് വിശുദ്ധീകരണം. വിശുദ്ധീകരണം, ഒരർത്ഥത്തിൽ ലഭ്യമാകുന്നതും നേടുന്നതുമാണ്.

കൊരിന്ത്യർ വിശുദ്ധീകരിക്കപ്പെട്ടവരാണ് എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊ. 6:11). എന്നാൽ അവരുടെ വിശുദ്ധീകരണം ആ സമയത്ത് പൂർണ്ണമായിരുന്നില്ല. അവർ അതിൽ വളരേണ്ടിയിരുന്നു. ദിവസം തോറും നാം ദൈവത്തോട് അടുക്കുമ്പോഴാണ് കൂടുതലായി വിശുദ്ധീകരണം സംഭവിക്കുന്നത്. ദൈവേഷ്ടത്തിൽ മുഴുവനായും വിശുദ്ധീകരിക്കപ്പെടണം എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടേയും ലക്ഷ്യം.

തെസ്സലൊനിക്യരുടെ ആത്മാവും, ദേഹവും, ദേഹിയും മുഴുവനായും വിശുദ്ധീകരിക്കപ്പെടുവാനായിരുന്നു പൗലൊസ് ഇഛിച്ചത്. ആത്മാവും പ്രാണനും തമ്മിൽ എന്താണ് വ്യത്യാസം? ഒരു വ്യത്യാസവുമില്ലെന്നാണ് ഡേവിഡ് ലിവ്സ്കോംബ് പറഞ്ഞത്.[57]

*വിശ്വാസത്തിൽ മുഴുവനായും കാക്കപ്പെടൽ.* കർത്താവായ യേശുവിന്റെ വരവ് വരെ ആ സഹോദരങ്ങൾ സഹിക്കണമെന്നായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. അവരുടെ വിശ്വാസത്തെയോ, ആത്മിയതയെയോ മറ്റൊ1ന്നും നഷ്ടപ്പെടുത്തുവാൻ അനുവദിക്കരുതെന്നായിരുന്നു അവന്റെ താൽപര്യം.

*യേശുവിന്റെ വരവിൽ മുഴുവനായും അനിന്ദ്യരായി കാണപ്പെടൽ.* കർത്താവ് വരുമ്പോൾ, തന്റെ സഹോദരങ്ങളെ കുറിച്ച് നിയമപരമായി ഒരു കുറ്റവും ആരോപിക്കപ്പെടാതിരിക്കണം എന്നായിരുന്നു പൗലൊസിന്റെ ഉള്ളിൽ. അവർക്ക് പൂർണ്ണരാകുവാൻ കഴിഞ്ഞെന്നു വരികയില്ല, പക്ഷെ അവന്റെ വരവിൽ അവർക്ക് “അനിന്ദ്യമായി” കാണപ്പെടുവാൻ കഴിയും.

ഇതായിരുന്നു സഹോദരങ്ങൾക്ക് വേണിയുള്ള അവന്റെ മുഴുവൻ പ്രാർത്ഥനയും ആഗ്രഹവും. അത്, മൃദുവായതും, പ്രായോഗികവും, ആത്മികവും, നിത്യവുമായവയാൽ-നന്നായി-ചുറ്റപ്പെട്ടിരിക്കുന്നു. അത് മുഴുവനായി നിവർത്തിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ മറ്റൊന്നും പ്രാധാന്യമുള്ളതായി കാണുകയില്ല.

ആ ആഗ്രഹത്തിൽ, ദൈവവും മനുഷ്യരും ഉൾപ്പെട്ടിരിക്കുന്നു. ദൈവം തന്റെ ഭാഗം നിർവ്വഹിക്കുമെന്ന് പൗലൊസിന് അറിയാമായിരുന്നു. തെസ്സലൊനിക്യർ തങ്ങളുടെ ഭാഗം നിറവേറ്റിയാൽ പൗലൊസിന്റെ ആഗ്രഹം നിറവേറപ്പെടും.

ഈസി

**ദൈവത്തെ കുറിച്ച് ഒറ്റ നോട്ടം (5:24)**

മറ്റു ക്രിസ്ത്യാനികൾക്ക് വേണി ചിന്തിക്കുന്നതാണ് ഏറ്റവും വലിയ ആഗ്രഹം എന്ന് ദൈവത്തെ കുറിച്ചുള്ള ഒരു പ്രസ്താവനയിൽ അന്തർലീനമാക്കിയിരിക്കുന്നു. അത് ചെറിയ ഒരു വാചകമാണെങ്കിലും, ദൈവത്തിന്റെ മനോഹരമായ മനോഗുണങ്ങളെ വർണ്ണിക്കുന്നു.

“തങ്ങൾ ആരാധിക്കുന്ന ദൈവത്തെ പോലെ ആകുവാൻ” ആളുകൾ ആഗ്രഹിക്കുമെന്ന് നമുക്ക് അറിയാം. സ്തുതി വചനത്തെ കുറിച്ച് പഠിക്കുവാനുള്ള കാരണം അതാണ്. “നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു. അവൻ അത് നിവർത്തിക്കും” (5:24). ദൈവത്തിന്റെ രൂപത്തോടു കൂടുതൽ അടുക്കുവാൻ ഈ സത്യം നമ്മെ സഹായിക്കും. ഈ വാചകത്തിൽ നാം എന്താണ് കാണുന്നത്?

*ദൈവത്തിന്റെ സ്വഭാവത്തെ നോക്കൽ.* ദൈവത്തെ ആശ്രയിക്കാമെന്ന തിരിച്ചറിവാണ് നമ്മെ പോലെയുള്ള പാപികൾക്ക് ഏറ്റവും വിശേഷപ്പെട്ട മനോഗുണം. ദൈവം സ്നേഹവാനാകുന്നതുപോലെ, അവൻ വിശ്വസ്ത

നുമാണ്. എന്തു സംഭവിച്ചാലും, ദൈവം ആരാണെന്നുള്ളതിൽനിന്ന് അവൻ മാറുകയില്ല. ചിലപ്പോൾ നമുക്കോ അല്ലെങ്കിൽ ചുറ്റുപാടും സംഭവിക്കുന്നത് നമുക്ക് മനസിലാകുകയില്ല, എന്നാൽ ദൈവം തന്റെ വാഗ്ദാനം നിറവേറ്റുക തന്നെ ചെയ്യും എന്നു നമുക്ക് ഉറപ്പിക്കാം.

*ദൈവത്തിന്റെ പ്രവൃത്തികൾ ചിന്തിക്കൽ*. ചിലപ്പോൾ, "ഒരു വ്യക്തി എങ്ങനെ പ്രവർത്തിക്കമെന്നോ", എങ്ങനെ പ്രതികരിക്കുമോ എന്നറിയാതിരിക്കുകയാൽ, "അയാളെ ശ്രദ്ധിക്കണമെന്ന് പറയാറുണ്ട്." ദൈവം എപ്പോഴും അങ്ങനെയുള്ള സ്വഭാവത്തിനനുസരിച്ച് പ്രവർത്തിക്കുമെന്നതിനാൽ, ഒരിക്കലും ഭയപ്പെടരത്. ദൈവത്തെ പരുഷമായ ഇരുമുഖമുള്ളവനായിട്ടോ ആർക്കും ഒരിക്കലും കാണുവാൻ കഴിയുകയില്ല.

*ദൈവത്തിന്റെ സ്ഥിരതയെ ഓർമ്മിക്കൽ*. ദൈവം ഇന്നലെ എന്തായിരുന്നുവോ, ഇന്നും അങ്ങനെയാണ്, നാളെയും അങ്ങനെയായിരിക്കും. യാക്കൊബ് പറഞ്ഞു, "അവന്ന് വികാരമോ, ഗതി ഭേഗക്കാവുഴ്ഴ ആഛാദനമോ ഇല്ല" (യാക്കൊ. 1:17). മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവം ഒരിക്കലും മാറുന്നില്ല.

തീർച്ചയായും ദൈവത്തെ കുറിച്ച് എല്ലാം അറിയുവാൻ നമുക്ക് സാധ്യമല്ല. അവൻ അത്രമാത്രം വിസ്തൃതനും, സർവ്വശക്തനും, സർവ്വജ്ഞാനിയുമാണ്; എന്നിരുന്നാലും, അവനെ കുറിച്ച് ചില സത്യങ്ങൾ നമുക്ക് അറിയാം. അവന്റെ ആത്മാർത്ഥതയിൽ നമ്മുടെ നിത്യമായ പ്രത്യാശ നമുക്ക് അടിസ്ഥാനപ്പെടുത്താം. ഇതു മനസിൽ വിചാരിച്ച് അവനോടുള്ള സ്നേഹത്തിൽ വിശ്വസ്തമായി നമുക്ക് ജീവിക്കാം. മാറക്കൊണ്ടിരിക്കുന്നതും അനിശ്ചിതവുമായ ലോകത്തിൽ, നമ്മുടെ ഹൃദയങ്ങൾക്ക് സ്ഥിരമായ ആശ്വാസം നൽകുവാൻ വിശ്വസ്തനായി നിൽക്കുന്ന ദൈവത്തിൽ നമുക്ക് ആശ്രയിക്കാം. ഈസി

**"എല്ലായ്പോഴും ശരിയായ അപേക്ഷകൾ" (5:25-27)**

സഹോദരന്മാരോട് യാത്ര പറഞ്ഞു പിരിയുമ്പോൾ ഒരാൾ എന്താണ് പറയുക? മൂന്ന് ആവശ്യങ്ങൾ ഉന്നയിക്കുന്നത് ശരിയായിരിക്കും.

"*ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക.*" തനിക്കും, തിമൊഥെയൊസിനും, ശിലാസിനും വേണ്ടി പ്രാർത്ഥിക്കുവാനായിരുന്നു പൗലൊസ് തെസ്സലൊനിക്യരോട് ആവശ്യപ്പെട്ടത്. പൗലൊസ്, ദൈവശ്വാസ് ദൈവശ്വാസിയ അപ്പൊസ്തലനായിരുന്നു എങ്കിലും, പൗലൊസിന്റെ പേർ പിതാവിന്റെ സന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കേണ്ടത് അനിവാര്യമായിരുന്നു എന്ന് ഓർക്കുക. പൗലൊസിന് പ്രാർത്ഥന ആവശ്യമായിരുന്നു എങ്കിൽ, നമുക്ക് എല്ലാവർക്കും ആവശ്യമാണ്.

*"സഹോദരന്മാരെ വന്ദനം ചെയ്യുക."* തെസ്സലൊനിക്യയിലെ ഓരോ സഹോദരങ്ങളെയും വന്ദനം ചെയ്യാവാൻ പൗലൊസ് ആവശ്യപ്പെട്ടിരുന്നു. കർത്താവിന്റെ ശരീരത്തിലെ ഓരോ അവയവത്തിന്റേയും പ്രാധാന്യം ഊന്നി പറഞ്ഞിരിക്കുന്നു. ഓരോ ക്രിസ്ത്യാനിയും അവന്റെ ഭവനത്തിലെ അംഗമാണ്, അതിനാൽ, അടിക്കടി ശ്രദ്ധ ആവശ്യമാണ്.

വന്ദനം ചെയ്യുമ്പോൾ, വിശുദ്ധ ചുംബനമായിരിക്കണം. അല്ലാതെ കാമവികാരത്തോലോ, മോഹത്താലോ ഉള്ളതായിരിക്കരുത്. ധനികരും, ദരിദ്രരും തമ്മിലുള്ള വേർതിരിവോ, ദുരഭിമാനത്താലുള്ള സാമൂഹ്യ വ്യത്യാസമോ, കാപട്യമോ, ഔപചാരികതയോ അല്ല ആവശ്യം. അന്നത്തെ ആചാരത്തിൽ, ഒരേ ലിംഗത്തിൽ പെട്ടവർ തമ്മിലായിരുന്നു ചുംബനം നടത്തിയിരുന്നത്. [58]

*“ബൈബിൾ വായിക്കുക.”* ലേഖനം എല്ലാവരേയും വായിച്ചു കേൾപ്പിക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത്. ഇടവക മുഴുവൻകേൾക്കേണ്ടതിന്ന് ഉറക്കെ വായിക്കുവാനായിരിക്കണം ഒരുപക്ഷെ പൗലൊസ് ഉദ്ദേശിച്ചത്.

അവനെ എഴുതുവാൻ പരിശുദ്ധാത്മാവിനാൽ ശ്വാസിയമായി ഉപയോഗിച്ചതിനാൽ, വായിക്കുവാൻ ആവശ്യപ്പെട്ടതായ ലേഖനം, ദൈവത്തിന്റെ വചനം ആകുന്നു. സഹോദരന്മാർക്ക് മുൻപിലുള്ള ദൈവ വചനം അത്യാവശ്യമാണ്.

നമുക്ക് ഇന്നു പ്രായോഗികമാക്കുവാനുള്ളത് പ്രബോധനമാണ്. “പുസ്തകം വായിക്കുക!” ഓരോരുത്തരും ഇന്ന് ദൗവ വചമെ വായിക്കുകയും ധ്യാനിക്കയും ഓർമ്മിപ്പിക്കുന്നത് ഇതുമായി യോജിക്കുന്നതാണ്!

തന്റെ ലേഖനം അവസാനിപ്പിച്ച് പൗലൊസ് എന്താണ് പറയുന്നത്? അവൻ പറഞ്ഞു, “ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക.എല്ലാ സഹോദരന്മാരെയും വന്ദനം ചെയ്യുക. ലേഖനം വായിക്കുക.” ഇതിനേക്കാൾ വലുതായ ആവശ്യങ്ങൾ എന്താണ് ഉള്ളത്?

ഈസി

**പിരിഞ്ഞു പോകുമ്പോഴത്തെ ഒരു പ്രാർത്ഥന (5:28)**

തെസ്സലൊനിക്യർക്കുള്ള ഒന്നാമത്തെ ലേഖനത്തിന്റെ അവസാന വരിയിൽ ഒരൊറ്റ വാചകത്തിലുള്ള പ്രാർത്ഥനയും ആഗ്രഹവും വ്യക്തമാക്കുന്നു. ഇത് പൗലൊസിന്റെ “യാത്ര പറഞ്ഞു പിരിയുന്ന” രീതിയാണ്.

ചുരുങ്ങിയ വാക്കുകളിൽ വലിയ ആഗ്രഹം പ്രകടിപ്പിക്കുവാൻ കഴിയും. ഒരാൾക്ക് അധികം കാര്യങ്ങൾ പറയുവാൻ അധികം സമയം വേണമെന്നില്ല. ഒരു വാചകത്തിൽ, ഒരു ആത്മാവിനെ ഉയർത്തുവാൻ അഥവാ മരണത്തിൽനിന്നു ജീവനിലേക്ക് മാറ്റുവാൻ കഴിയും. നിത്യമായ സുവിശേഷം നമുക്ക് പത്തു വാക്കുകളിൽ ഒതുക്കി സംസാരിക്കുവാൻ കഴിയും.: ഏതു തരത്തിലുള്ള ആഗ്രഹം ആണ് അത്?

*കൃപക്ക് വേണ്ടിയുള്ള ആഗ്രഹം.* അവർക്ക് അനർഹമായ ഉപകാരം ലഭിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. വാസ്തവത്തിൽ ആ ഉപകാരം ലഭിക്കുവാൻ അവർക്ക് യാതൊരു യോഗ്യതയും ഇല്ലായിരുന്നു. പിരിഞ്ഞുപോകുന്ന സമയത്തെ അവന്റെ ആഗ്രഹത്തിൽ നമുക്ക് ആത്മാർത്ഥത കാണുവാൻ കഴിയും. മറ്റുള്ളവർക്ക് നേടിയെടുക്കുവാൻ കഴിയാത്ത ആത്മികമായ അനുഗ്രഹങ്ങൾ മറ്റുള്ളവർക്ക് ലഭിക്കണം എന്നതായിരിക്കണം നമ്മുടെ ആഗ്രഹം. മറ്റുള്ളവർക്ക് വേണി അത്തരത്തിൽ ആഗ്രഹിക്കുവാൻ നമുക്ക് കഴിയുകയില്ലേ?

*ആത്മീയമായ ഒരു ആഗ്രഹം.* നാം മറ്റുള്ളവരിലേക്ക് പകരുന്ന കൃപ തികവില്ലാത്തതും, അപൂർണ്ണവും ആയിരിക്കും, എന്നാൽ ക്രിസ്തു നൽകുന്ന കൃപ തികവുള്ളതും. പൂർണ്ണവും, ഉയർന്നതും, അത് ദൈവപുത്രന്റേതുമായിരിക്കും.

*നിത്യതയിൽ പൊതിഞ്ഞ ഒരു ആഗ്രഹം.* അനർഹമായ ക്രിസ്തുവിന്റെ ഉപകാരം തെസ്സലൊനിക്യരോടു*കൂടെ* ഇരിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. അത് അവരുടെ ജീവിതത്തിൽ തുടർച്ചയായി ഉണ്ടാകുവാനായിരുന്നു അവന്റെ പ്രാർത്ഥന. ഞാൻ രക്ഷിക്കപ്പെടുവാനും, രക്ഷിക്കപ്പെട്ട അവസ്ഥയിൽ തന്നെ ആയിരിക്കുവാനും ആഗ്രഹിക്കുന്നു. ഞാൻ ഒരു ക്രിസ്ത്യാനിയായപ്പോൾ, ദൈവ കൃപ എനിക്ക് ലഭിച്ചു, ഞാൻ ക്രിസ്തീയ ജീവിതം തുടരുമ്പോൾ, അതിൽ നിലനിൽക്കുകയാണ്. ദിവസവും ഞാൻ ദൈവ കൃപയിൽ വസിച്ചാൽ മാത്രമെ എനിക്ക് ദൈവാനുഗ്രഹത്തിൽ നിലന

ിൽക്കുവാൻ കഴിയുകയുള്ളു.

ഇത് മൂന്നു-ഭാഗങ്ങളുള്ള ആഗ്രഹമാണ്: ക്രിസ്തുവിന്റെ കൃപ, അവന്റെ കൃപ എന്നേക്കുമുള്ളതാണ്! ഒരു ക്രിസ്ത്യാനി ഇതുപോലെയുള്ള ആഗ്രഹം വെച്ച് മറ്റു ക്രിസ്ത്യാനികൾക്ക് അതേ ആഗ്രഹം ഉണ്ടാകുവാൻ പ്രാർത്ഥിക്കുമ്പോൾ, അത് ലഭിക്കുന്നവരിലും ആ ആഗ്രഹം ജനിക്കുവാനിടയാകും. ഈസി

**അപ്പൊസ്തലന്റെ ലേഖനം അവസാനിപ്പിക്കൽ (5:23-28)**

ഏകദേശം എ.ഡി. 51 ൽ പൗലൊസ് ഈ ലേഖനം തെസ്സലൊനിക്യ സഭക്ക് എഴുതി. ക്രിസ്തുവിനേയും അവന്റെ വരവിനേയും കുറിച്ചു പ്രധാനപ്പെട്ട സത്യം മനസിലാക്കുന്നതിന് അവരെ സഹായിക്കുവാനാണ് അവൻ ഈ ലേഖനം എഴുതിയത്. ഇപ്പോൾ, അവസാനത്തെ ചില വാക്യങ്ങൾ ലേഖനം അവസാനിപ്പിച്ചുകൊണ്ടാണ് അവൻ എഴുതുന്നത്. "സകല വിധ ദോഷവും വിട്ടകലുവിൻ" എന്നാണ് അവൻ 5:22 ൽ എഴുതിയത്. സകല വിധ ദോഷവും വിട്ടകന്ന് നന്മ ചെയ്യുവാനുള്ള സഹായത്തിന്റെ ഉറവിടം ദൈവം ആണ് എന്ന് വാക്യങ്ങൾ 23 മുതൽ 28 വരെ പ്രതിപാദിച്ചിരിക്കുന്നു.

*തന്റെ പരിവർത്തകർക്കു വേണ്ടി അവൻ പ്രാർത്ഥിച്ചു* (വാ. 24, 25). തന്റെ ഉപസംഹാരത്തിന്റെ ആദ്യഭാഗമായി പൗലൊസ് എഴുതി, "സമാധാനത്തിന്റെ ദൈവം നിങ്ങളെ മുഴുവനായും ശുദ്ധീകരിക്കുമാറാകട്ടെ" (വാ. 23). "ശുദ്ധീകരിക്കുക" എന്നാൽ "ആത്മാവിന്റെ നവീകരണത്താൽ ഉള്ളം ശുദ്ധമാക്കുക" എന്നാണ് അർത്ഥം.[59]

സ്നാനം ഏറ്റപ്പോൾ ക്രിസ്ത്യാനികളുടെ ഉള്ളം ശുദ്ധീകരിക്കപ്പെട്ടു (1 കൊ. 6:11). അവരുടെ പരിവർത്തനത്തിനു ശേഷം, അവർ പക്വത കൈവരിക്കുവാൻ, തങ്ങളുടെ ശുദ്ധീകരണത്തിൽ വളരണമായിരുന്നു (തുടർച്ചയായ നവീകരണം) (2 കൊ. 3:18; 1 തെസ്സ. 4:3). വാസ്തവത്തിൽ, ആ സഭ "മുഴുവനായും" വിശുദ്ധീകരിക്കപ്പെടുവാനായിരുന്നു പൗലൊസ് താൽപര്യപ്പെട്ടത്. അതായത്, അവരും നമ്മളും പാപം ഒഴിവാക്കി, ആത്മിയമായ സേവനത്തിന് പ്രാപ്തരാകുന്ന വിധത്തിൽ ശുദ്ധരാകുവാനാണ് അപ്പൊസ്തലൻ ആഗ്രഹിച്ചത്. "നമ്മുടെ ജീവിതം കൊണ്ട് നാം എന്ത് ആത്മി. ഉദ്ദേശമാണ് നിറവേറ്റുന്നത്?"

ആ സഹദരന്മാരെ "കാത്തുകൊൾവാനും" പൗലൊസ് പ്രാർത്ഥിച്ചു (വാ. 23). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആ സഹോദരങ്ങൾ തങ്ങളുടെ ക്രിസ്തുവിലുള്ള വിശ്വാസം മുറുകെ പിടിക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത്. വാസ്തവത്തിൽ, ദൈവം അവരുടെ "ആത്മാവിനേയും, ദേഹിയേയും, ദേഹത്തെയും" സംരക്ഷിക്കുവാനായിരുന്നു അവന്റെ ആഗ്രഹം.

മനുഷ്യനിൽ മൂന്നു ഭാഗങ്ങളുണ്ടെന്നാണ് ഗ്രീക്കുകാർ വിശ്വസിച്ചിരുന്നത്: ആത്മാവ്, ദേഹം, ദേഹി. അവർ വിശ്വസിച്ച മനുഷ്യനിലെ മുഖ്യ ഭാഗമായ പ്രാണനെ ആത്മാവിനേക്കാൾ അൽപം താഴ്ത്തി മൃഗതുല്യമായിട്ടുള്ളതായിട്ടാണ് അവർ കണക്കാക്കിയിരുന്നത്. ആ തത്വം പൗലൊസിനു അറിയാമായിരുന്നെങ്കിലും, ഈ വാക്യത്തിൽ അതല്ല അവൻ പറയുന്നത്. പൗലൊസിന് ആത്മാവും ദേഹിയും പര്യായങ്ങളായിരുന്നു, രണ്ടിനേയും ചേർത്ത് അവൻ "ആന്തരിക മനുഷ്യൻ" എന്നാണ് വിളിച്ചത് (2 കൊ. 4:16). മനുഷ്യൻ മുഴുവനായും ദൈവമുൻപാകെ ശരിയായിരിക്കണം, അല്ലെങ്കിൽ ഓരോ ക്രിസ്ത്യാനിയെയും പൂർണ്ണമായും ദൈവം കാക്കുവാനായിരുന്നു അവൻ ആഗ്രഹിച്ചത്.

"കർത്താവായ യേശുവിന്റെ മടങ്ങിവരവിൽ, ക്രിസ്ത്യാനികളെ അനിന്ദ്യരായി കാണപ്പെടുവാനായിരുന്നു" പൗലൊസ് പ്രാർത്ഥിച്ചത് (വാ. 23). തീർച്ചയായും പിശാച് എപ്പോഴും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും, പക്ഷെ ക്രിസ്ത്യാനികൾ, ദൈവത്താൽ വിശുദ്ധീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്യണം. അനിന്ദ്യരായി കാണപ്പെടണം എന്നത് ക്രിസ്തുവിന്റെ മടങ്ങിവരവിൽ സംഭവിക്കേണ്ടതാണ്. ആ വരവിന്റെ ദൈർഘ്യത്തെ കുറിച്ച് പൗലസൊസ് സംസാരിച്ചിരിക്കുന്നു (4:13–5:11). അപ്പോഴും അത് അവന്റെ ഉൾക്കണ്ണിൽ ഉണായിരുന്നു (യോഹ. 5:28, 29; മത്താ. 25:31–33 താരതമ്യം ചെയ്യുക). ക്രിസ്തു മടങ്ങി വരുമ്പോൾ വിശ്വസ്തരെ കൈക്കൊള്ളുകയും, മൽസരികളെ ത്യജിക്കയും ചെയ്യും. ആ സമയത്ത് തെസ്സലൊനിക്യരെ കുറ്റമില്ലാത്തവരായി സ്വീകരിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്.

വാക്യം 24 ൽ, "സമാധാനത്തിന്റെ ദൈവം അവരുടെ ... അനിന്ദ്യത നിവർത്തിക്കുവാനായിരുന്നു" പൗലൊസ് പ്രാർത്ഥിച്ചത് (വാ. 23). ദൈവം സമാധാനത്തിന്റെ ദൈവമാണ്, അവൻ സമാധാന പ്രിയനാണ്. പൗലൊസ് ദൈവത്തെ പലപ്പോഴും "സമാധാനത്തിന്റെ ദൈവം" എന്നു വിളിച്ചിരിക്കുന്നു (റോമ. 15:33; 2 കൊ. 13:11). പക്ഷെ മനുഷ്യൻ അവന് എതിരായി മൽസരിച്ചപ്പോൾ, സമാധാന യാഗമായി അവൻ യേശുവിനെ അയച്ചു (റോമ. 5:8 നോക്കുക). മനുഷ്യരെ തന്നോട് നിരപ്പിക്കുവാൻ ദൈവപുത്രൻ വന്നു (2 കൊ. 5:19). പാലങ്ങൾ നിർമ്മിക്കുന്ന "സമാധാനത്തിന്റെ ദൈവം" ആണ് അവൻ.

അവൻ "വിശ്വസ്തൻ" ആയിരിക്കയാൽ, തെസ്സലൊനിക്യരുമായുള്ള അവന്റെ ബന്ധത്തിനായി തന്റെ ഭാഗത്തുനിന്നു ചെയ്യുവാനുള്ളത് അവൻ നിവർത്തിക്കും എന്നർത്ഥം സൂചിപ്പിക്കുന്നതാണ് "അവൻ അത് നിവർത്തിക്കും" എന്നത് (വാ. 24). ദൈവം എപ്പോഴും തന്റെ വാഗ്ദാനം നിറവേറ്റും. യേശുക്രിസ്തു വീണ്ടും വരുമ്പോൾ, തന്റെ മക്കൾ വിശുദ്ധീകരിക്കപ്പെട്ട്, അനിന്ദിയരായി കാണപ്പെടുവാനും തന്റെ ഭാഗത്തുനിന്നും ദൈവം ആവശ്യമായതെല്ലാം ചെയ്യും.

മറുവശത്ത്, ക്രിസ്ത്യാനികൾ തങ്ങളുടെ ഭാഗത്ത് നിന്നും ആവശ്യപ്പെടുന്നതെല്ലാം ചെയ്യണം. യൂദാ പറഞ്ഞതുപോലെ, "ദൈവസ്നേഹത്തിൽ നിങ്ങളെ തന്നെ സൂക്ഷിച്ചുകൊൾവിൻ" (വാ. 21). നാം അവനെ അനുസരിക്കണം (യോഹ. 14:23). നാം അങ്ങനെ ചെയ്താൽ, ദൈവം തന്റെ ശുദ്ധീകരണം, ആ ദിവസം "നിവർത്തിക്കും."

വാക്യം 28 ൽ പൗലൊസ് പ്രാർത്ഥിച്ചു, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ." ഇതുപോലെ പ്രാർത്ഥിച്ചുകൊണാണ് പൗലൊസ് പൊതുവിൽ തന്റെ ലേഖനം അവസാനിപ്പിക്കുന്നത് (2 കൊ. 13:14 നോക്കുക). "കൃപ" എന്നതിന്റെ ഗ്രീക്ക് വാക്ക് തതതതത (*കാരിസ്*), മറ്റൊരാളുടെ ആനുകൂല്യം നേടുക എന്നാണ് അർത്ഥം.[60] തെസ്സലൊനിക്യർ ക്രിസ്തുവിന്റെ ആനുകൂല്യം കരസ്ഥമാക്കി അവനോടുള്ള ബന്ധത്തിൽ ജീവിക്കുവാൻ വേണ്ടിയായിരുന്നു അവൻ പ്രാർത്ഥിച്ചത്.

തെസ്സലൊനിക്യ സഭ ദൈവത്താൽ ശുദ്ധീകരിക്കപ്പെടുവാനും കാക്കപ്പെടുവാനും പൗലൊസ് പ്രാർത്ഥിച്ചതുപോലെ, നാമും സഭയുടെ വിശുദ്ധീകരണത്തിനും സഭ കാക്കപ്പെടുവാനും ദൈവത്തോട് പ്രാർത്ഥിക്കണം. വിശ്വസ്തരായിരിപ്പാൻ ആവശ്യമായത് നമ്മുടെ ഭാഗത്തുനിന്നു നാം ചെയ്യുമ്പോൾ, ദൈവം തന്റെ ഭാഗം നിവർത്തിക്കും. അത്തരത്തിലാണ് സഭ ന്യായവിധി നാളിൽ,

അവന്റെ സിംഹാസനത്തിന് മുൻപിൽ "അനിന്ദ്യമായി" കാണപ്പെടുന്നത്.

*സഹോദരന്മാരുടെ പ്രാർത്ഥന അവൻ ആവശ്യപ്പപെട്ടു* (വാ. 25). പൗലൊസ് പ്രാർത്ഥനയിൽ വിശ്വസിച്ചിരുന്നു, പലപ്പോഴും അവൻ മറ്റുള്ളവരുടെ പ്രാർത്ഥന ആവശ്യപ്പട്ടിരുന്നു (2 തെസ്സ. 3:1; കൊലൊ. 4:3; എഫെ. 6:18; റോമ. 15:30). "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കും" എന്നാണ് യാക്കൊബ് പറയുന്നത്. എലൈജാ ഹൈക്കോക്ക് എഴുതി,

> ഏതു രീതിയാണ് ശരിയായത് എന്ന് എനിക്ക് അറിയില്ല,
> പ്രാർത്ഥനക്ക് ദൈവം ഉത്തരം നൽകുമെന്ന് എനിക്ക് അറിയാം
> അവന്റെ വചനം നൽകിയിരിക്കുന്നു എന്ന് എനിക്കറിയാം
> പ്രാർത്ഥനക്ക് എപ്പോഴും ഉത്തരം ലഭിക്കുമെന്ന് അതിൽ പറയുന്നു.
> പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ ഉത്തരം ലഭിക്കുക തന്നെ ചെയ്യും
> അതുകൊണ്ട് ഞാൻ ശാന്തമായി പ്രാർത്ഥിച്ചു കാത്തിരിക്കും.[61]

അദ്ധ്യക്ഷന്മാർ ഇന്നു പ്രാർത്ഥന ആവശ്യപ്പെടും. ചിലപ്പോൾ രാജ്യം ഭരിക്കുന്ന ഭരണാധികാരിയും പൗരന്മാരോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടും. "സകല മനുഷ്യർക്കും..വിശേഷാൽ രാജാക്കന്മാർക്കുംസകല അധികാരസ്ഥന്മാർക്കും വേണിയാചനയും, പ്രാർത്ഥനയും, പക്ഷവാദവുംസ്തോത്രവും ചെയ്യേണം എന്ന് ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു ..." (1 തിമൊ. 2:1, 2). മൂപ്പന്മാർ സഭയുടെ പ്രാർത്ഥന ആവശ്യപ്പപെടും. അവർ തങ്ങൾക്ക് പ്രാർതഥനാ സഹായം ആവശ്യമെന്ന് സമ്മതിക്കുമ്പോൾ, അവർക്ക് വേണ്ടി നാം നിർബ്ബന്ധമായും പ്രാർത്ഥിക്കണം.

*അവൻ ഇവിടെ രണ്ട് കൽപനകൾ നല്കിയിരിക്കുന്നു* (വാ. 26, 27). ആദ്യം, "വിശുദ്ധ ചുംബനം കൊണ്ട്" അന്യോന്യം വന്ദനം ചെയ്യുവിൻ എന്നു പറഞ്ഞു (വാ. 26). പുതിയ നിയമത്തിൽ, "വിശുദ്ധ ചുംബനം" പല പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (റോമ. 16:16; 1 കൊ. 16:20; 1 പത്രൊ. 5:14). അവരുടെ അന്നത്തെ ആചാരം അനുസരിച്ച് അന്യോന്യം വന്ദനം ചെയ്തിരുന്നത് അങ്ങനെ ആയിരുന്നു. അത് ക്രിസ്ത്യാനിത്വത്തിന്റെ ഭാഗമാകുകയും പല സ്ഥലങ്ങളിലും ഇന്നും തുടരുകയും ചെയ്യുന്നു.

ക്രിസ്ത്യാനിത്വത്തിന്റെ സംഭാവനയായ ഈ വന്ദനം, "വിശുദ്ധ ചുംബനം," അഥവാ "സ്നേഹ ചുംബനം" ആയിരിക്കണം എന്നു നിഷ്ക്കർഷിച്ചിരിക്കുന്നു. ക്രിസ്ത്യാനികൾ തമ്മിൽ തമ്മിലുള്ള വന്ദനം ഒരു ചടങ്ങ് ആകാതെ, ആത്മാർത്ഥമായിരിക്കണം. ഇന്ന് പൗലൊസ് ജീവിച്ചിരുന്നുവെങ്കിൽ, "നിങ്ങളുടെ സഹോദരന്മാർക്ക് കൈ കൊടുപ്പിൻ എന്നു പറയുമായിരുന്നു. നിങ്ങൾ തുടങ്ങി വെപ്പിൻ–എല്ലാവരേയും സ്നേഹിപ്പിൻ! നിങ്ങളുടെ കൈ കൊടുപ്പ് ആത്മാർത്ഥമായിരിക്കട്ടെ." സഹോദരന്മാരെ സന്ദർശിക്കുവാനും, വന്ദനം ചെയ്യുവാനും, തമ്മിൽ കൂട്ടായ്മ ആചരിക്കുവാനും നാം സമയം കണ്ടെത്തണം.

രണ്ടാമത്, പൗലൊസ് സഭയോട് ആവശ്യപ്പെട്ടത്, "സകല സഹോദരന്മാരെയും ഈ ലേഖനം വായിച്ചു കേൾപ്പിക്കകണം" (വാ. 27). "കർത്താവിനോട്" അപേക്ഷിച്ചുകൊണ്ടാണ് പൗലൊസ് ഈ ഗൗരവമായ ആവശ്യം ഉന്നയിച്ചത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവന്റെ വാക്കുകളിൽ ദൈവികാധികാരം ഉൾപ്പെട്ടിരിക്കുന്നു എന്നു വ്യക്തം. "ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു"

എന്നതിന്റെ ഗ്രീക്ക് ἐνορκίζω (*എനോർകിസോ*). ഒരാൾ ആണയിടുന്നതിന് ഉപയോഗിച്ച ഒരു പഴയ വാക്കിലേക്കാണ് അതിന്റെ അർത്ഥം സ്പഷ്ടമാക്കുന്നത് എന്നാണ് റോബർട്ട്സൺ പറഞ്ഞിരിക്കുന്നത്.[62] തസേസലൊനിക്യർ അത്തരത്തിലുള്ള പ്രതിജ്ഞ എടുത്തോ ഇല്ലയോ എന്നതിന് ഉറപ്പില്ല. തന്റെ നിർദ്ദേശങ്ങൾ സഭയിലെ എല്ലാ അംഗങ്ങളെയും പരസ്യമായി വായിച്ചു കേൾപ്പിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. നമ്മുടെ ബൈബിൾ പഠന സമയത്ത് നാം ചെയ്യുന്നതുപോലെ എന്നു പറയാം.

തെസ്സലൊനിക്യരോടുള്ള പൗലൊസിന്റെ യാചന ദൈവ വചനം ഒരുമിച്ചു പഠിക്കേണ്ടതിന്റെ ആവശ്യത്തെയും എടുത്തുകാണിക്കുന്നു എന്നു പറയാം. അങ്ങനെയെങ്കിൽ, പൗലൊസിന്റെ കൽപന ഇന്നത്തെ ക്രിസ്ത്യാനികൾക്കുമുള്ളതാണ്. നാം ദൈവത്തിന്റെ വചനം കേട്ടടു പഠിക്കണം, സഭയായി വചനം പഠിക്കണം.

അവരുടെ വിശ്വാസത്തിൽ, തെസ്സലൊനിക്യാ സഭ എങ്ങനെ വളരുന്നു എന്ന കാര്യത്തിൽ പൗലൊസ് കരുതലുള്ളവനായിരുന്നു. ആ സഭക്ക് അവൻ നൽകിയ സന്ദേശങ്ങൾ ഇന്നു നമുക്കും പ്രായോഗികമാണ്. ഫിലിപ്പിയ സഭയ്ക്ക് പൗലൊസ് എഴുതി, "എന്നോട് പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളത് പ്രവർത്തിപ്പിൻ; എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും" (ഫിലി. 4:9). പൗലൊസിന്റെ പ്രബോധനം നാം കേട്ടും ഗ്രഹിച്ചും പഠിച്ചും പരിശീലിക്കുകയാ വേണ്ടത്. നാം മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും നമുക്ക് വേണി പ്രാർത്ഥിപ്പാൻ അവരോട് ആവശ്യപ്പെടുകയും, ലേലൈ ക്രിസ്ത്യാനികളെയും വന്ദനം ചെയ്യുകയും തിരുവചനം പഠിക്കുകയും വേണം. നാം ഇങ്ങനെ ചെയ്താൽ സമാധാനത്തിന്റെ ദൈവം നമ്മോടു കൂടെ ഇരിക്കും. ഈഊഈ

**നോക്കുക, സ്നേഹിക്കുക, ജീവിക്കുക (5:1-25)**

വെളിച്ചത്തിന്റെ മക്കളായി ജീവിക്കുക എന്നതാണ് 1 തെസ്സലൊനിക്യ ലേഖനത്തിലെ അവസാന അദ്ധ്യായം നൽകുന്നത്. സത്യത്തിന്റെ പ്രകാശമുള്ള ഒരു പൈതലാണ് ഒരു ക്രിസ്ത്യാനി. ഭാവിയെ കുറിച്ച് അവന് ധൈര്യവും ഉറപ്പും ലഭിച്ചിരിക്കുന്നു. ഭാവി എന്തായിരിക്കുമെന്ന അറിവ് അവനുള്ളതിനാൽ, താൻ എവിടേക്ക് പോകുന്നു എന്ന് അവന് അറിയാം.

*നോക്കുക! ദിവസത്തിനായി നോക്കുക (5:1–11).* വെളിച്ചത്തിന്റെ മക്കൾ ക്രിസ്തു വരുന്ന ദിവസത്തിനായി നോക്കും. പൗലൊസ് പറഞ്ഞു, "സഹോദരന്മാരേ, കാലങ്ങളെയും സമയങ്ങളെയും കുറിച്ച് നിങ്ങളെ എഴുതിയറിയിപ്പാൻ ആവശ്യമില്ല" (വാ. 1). "കാലങ്ങളും" "സമയങ്ങളും" എന്ന് ഇവിടെ പറയുന്നത് അവസാന കാര്യങ്ങളായ ക്രിസ്തുവിന്റെ വരവ്, ന്യായവിധി തുടങ്ങിയവയെ ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ്.

അവൻ പറഞ്ഞു, "അതിനെ കുറിച്ച് ഞാൻ എഴുതി അറിയിക്കേണ ആവശ്യമില്ല." 4:9 ൽ അവൻ അതേ രീതിയിലുള്ള ഒരു പ്രയോഗം നടത്തി പറഞ്ഞു, "സഹോദരപ്രീതിയെ കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ ആവശ്യമില്ല; അന്യോന്യം സ്നേഹിപ്പാൻ നിങ്ങൾക്ക് ദൈവത്താൽ ഉപദേശം പ്രാപിച്ചിരിക്കുന്നു." ക്രിസ്തുവിന്റെ മടങ്ങി വരവ് എപ്പോഴാണെന്ന് അറിയാത്തതടക്കും അവസാന നാളിൽ സംഭവിക്കുന്നതിനെ കുറിച്ച് അവർക്ക് അറിയാമായിരുന്നതുകൊണ്ട്, അവരെ വീണ്ടും എഴുതിയറിയിക്കുവാൻ ആവശ്യമില്ലായിരുന്നു.

രാത്രിയിൽ കള്ളൻ വരുന്നതുപോലെയായിരിക്കും രക്ഷകൻ വരുന്നത്. കള്ളൻ എങ്ങനെയാണ് വരുന്നത്? അവൻ നിങ്ങൾക്ക് തപാലിൽ ഒരു എഴുത്ത് അയച്ചിട്ടാണോ വരുന്നത്? അല്ല, അറിയിക്കാതെ അപ്രതീക്ഷിതമായിട്ടായിരിക്കും വരുന്നത്. 2 പത്രൊസ് 3:9, 10 പറയുന്നു, "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ, കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇഛിച്ചു നിങ്ങളോടട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെ പോലെ വരും ..."

ക്രിസ്തുവിന്റെ മടങ്ങിവരവിനെ കുറിച്ചുള്ള ഉപദേശവും പ്രായോഗിക ധാർമ്മികതയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണി ഇവിടെ കാണാം. കർത്താവ് വരുന്ന ദിവസത്തെ കുറിച്ചുള്ള പത്രൊസിന്റെ പ്രസ്താവനയിൽ അത് കാണാം, "... ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനുമുള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് *നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയുമുള്ളവർ ആയിരിക്കേണം*" (2 പത്രൊ. 3:10, 11; എംഫസിസ് ആഡഡ്).

അവൻ മടങ്ങിവരുമ്പോൾ, നാം ജീവിച്ച ജീവിതത്തിന് ഫലം ലഭിക്കും. കർത്താവിന്റെ മടങ്ങി വരവിനായുള്ള ഒരുക്കൾ നാം ഇതുവരെ നടത്തിയില്ലെങ്കിൽ, ഈ ഭാഗത്തെ പാഠം ഉൾക്കൊണ്ട് ഉടനെ മുൻകരുതൽ എടുക്കണം.

*സ്നേഹം! നിങ്ങൾക്ക് വേണ്ടി അദ്ധ്വാനിക്കുന്നവരെ സ്നേഹിക്കുക (5:12, 13).* വെളിച്ചത്തിന്റെ മക്കൾ തങ്ങൾക്കിടയിൽ അദ്ധ്വാനിക്കുന്നവരെ സ്നേഹിക്കും. പൗലൊസ് പറഞ്ഞു, "സഹോദരന്മാരെ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിഞ്ഞ് അവരുടെ വേല നിമിത്തം അധികം സ്നേഹത്തോടെ വിചാരിക്കേണം" (വാ. 12, 13). മൂന്നു പാർട്ടിസിപ്പിലും ഒരു ആർട്ടിക്കിളും മാത്രം സൂചിപ്പിക്കുന്നത്, അവൻ സംസാരിക്കുന്നത് ഒരേ മനുഷ്യരെ കുറിച്ചാണ് എന്നത്രം. നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും, കർത്താവിലൽ നിങ്ങളെ ഭരിക്കയും, പ്രബോധിപ്പിക്കയും ചെയ്യുന്നവർ എന്നു പറയുമ്പോൾ, അവരുടെ മൂന്നു പ്രവർഡത്തികളാണ് അതിൽ ഉൾപ്പെട്ടിരിക്കുന്നത്. അവർ നിങ്ങൾക്കിടയിൽ "അദ്ധ്വാനിക്കയും,"കർത്താവിൽ നിങ്ങളെ ഭരിക്കയും," ദൈവ വചനത്തിൽ "പ്രബോധിപ്പിക്കയും" ചെയ്യുന്നവരാണ് അവർ.

അവൻ പരഞ്ഞു, "നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുന്നവരെ സ്നേഹത്തോടെ വിചാരിക്കുക" അതേ വാക്ക് മുൻപ് 1:3 ൽ ഉപയോഗിച്ച് പറഞ്ഞിരിക്കുന്നത് "സ്നേഹ പ്രയത്നം" എന്നാണ്. ആ അദ്ധ്വാനം ക്ഷീണിപ്പിക്കുന്നതാണ്. അത് *കോപോസ്* എന്ന വാക്കിന്റെ വകഭേദമാണ്, അർത്ഥം, "കോപ ഊട്ട്" എന്ന വാക്കിൽ നിന്നും വളരെ അകലെ നിൽക്കുന്ന ഒരു വാക്കാണ് *കോപോസ്.* അത്തരത്തിലുള്ള അദ്ധ്വാനം ക്ഷീണിപ്പിക്കുന്നതാണ്. അത് തളർത്തുന്നതും, മടുത്തുപോകുവാനിടയുള്ളതുമാണ്. തന്റെ കൂടാര-പ്പണി സമയത്ത് പൗലൊസ് ഈവാക്ക് പലപ്പോഴും ഉപയോഗിച്ചിരിക്കും. ഇവിടെ ആത്മാക്കളെ നയിക്കുന്നവരുടെ ജോലിയെ കുറിച്ചാണ് പറയുന്നത്. അത് എന്തൊരു അദ്ധ്വാനം ആണ്! ഇതുമായി ബന്ധപ്പട്ട എബ്രായർ 13:17 ൽ നാം വായിക്കുന്നു, "നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ; അവർ കണക്കക് ബോധിപ്പിക്കേണ്ടുന്നവരാകയാൽ, നിങ്ങളുടെ ആത്മാക്കൾക്ക് വേണി ജാഗരിച്ചിരിക്കുന്നു."

“അവരുടെ വേല നിമിത്തം നാമും അവരെ അധികം സ്നേഹത്തോടെ വിചാരിക്കണം” (വാ. 13). വളരെ ഇഷ്ടപ്പെടുന്നവരാകയാൽ, നാം അവരെ സ്നേഹത്തോടെ വിചാരിക്കണം എന്നല്ല പൗലൊസ് പറയുന്നത്, അവരുടെ വേല നിമിത്തമാണ് നാം അവരെ ഉയർന്ന നിലയിൽ മാനിക്കേണ്ടത്. മൂന്നു ചിന്തകളാലാണ് അദ്ധ്യക്ഷന്മാരുടെ ഉത്തരവാദിത്തങ്ങളെ എടുത്തു കാണിക്കുന്നത്: “അദ്ധ്വാനം,” “ഭരണം,” “പ്രബോധനം ... നൽകൽ.” നമ്മുടെ ഉത്തരവാദിത്തം മൂന്നു കൽപനകളിൽ പറഞ്ഞിരിക്കുന്നു: “അനുമോദിക്കുക,” “മാനിക്കുക.” “സമാധാനത്തിലായിരിക്കുക.”

*ജീവിക്കുക! സന്തോഷത്തോടെ ജീവിക്കുക (5:14-25).* ഈ അദ്ധ്യാത്തിന്റെ അവസാനഭാഗത്ത്, സഭ ഏതു തരത്തിലായിരിക്കണമെന്നും, തെസ്സലൊനിക്യ സഭയുടെ മനോഭാവം എന്തായിരിക്കണമെന്നും വിശദമായി വ്യക്തമാക്കിയിരിക്കുന്നു. അത് ഒരു പ്രാർത്ഥിക്കുന്ന സഭ ആയിരുന്നു, സന്തോഷമുള്ള സഭയായും, സ്നേഹ മനോഭാവം ഉള്ള സഭയായിരുന്നു. വെളിച്ചത്തിന്റെ മക്കൾ സന്തോഷമുള്ളവരായിരിക്കും.

പൗലൊസ് പറഞ്ഞു, “ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ”; “ഉൾക്കരുത്ത് ഇല്ലാത്തവവരെ” കെജെവിയിൽ, “മനക്കരുത്ത് ഇല്ലാത്തവരെ” എന്നാണ്. “ഉൾക്കരുത്ത് ഇല്ലാത്തവർ” എന്നത് അക്ഷരികമായി പറഞ്ഞാൽ, “ആത്മാവിൽ അൽപം മാത്രമുള്ളവർ.” അഥവാ “ഹൃദയത്തിൽ അൽപം മാത്രമുള്ളവർ.” പൗലൊസ് ഇവിടെ പറയുന്നത് “ഭയപ്പപെടുന്നവരെ” കുറിച്ച് ആണെന്ന് തോന്നുന്നു. തങ്ങളുടെ മരിച്ചവരെ ഓർത്തു ഭയപ്പെടുന്നവർ, രക്ഷയെ ഓർത്തു ഭയപ്പെടുന്നവരെ കുറിച്ചായിരിക്കാം പൗലൊസ് ഇവിടെ പരിഗണിക്കുന്നത്. അവൻ പറഞ്ഞു, “ബലഹീനരെ താങ്ങുക.” “ബലഹീനർ” എന്നു പറഞ്ഞിരിക്കുന്നത് വളരെ വിശാലമായിട്ടായിരിക്കാം. സുവിശേഷവും ധാർമ്മികതയും തമ്മിലുള്ള ബന്ധം മനസിലാക്കാത്തവരാണ് വാസ്തവത്തിൽ ബലഹീനർ എന്നാണ് ചിലർ വിശ്വസിക്കുന്നത്. അവരെ കാര്യങ്ങൾ ധരിപ്പിക്കുവാൻ സഹായിക്കണം; പഠിപ്പിച്ച് അവരെ പക്വതയിലേക്ക് വളരുവാൻ സഹായിക്കണം.

*ഉപസംഹാരം.* പൗലൊസ് എന്താണ് പറഞ്ഞത്? അവന്റെ സന്ദേശം എന്തായിരുന്നു? അവൻ പറഞ്ഞു, “നോക്കുക”—“ധാർമ്മികത, വിശുദ്ധി, ഉണർവ്വിന്” എല്ലാം ലഭിക്കുന്ന പ്രതിഫലത്തിന്. അവൻ പറഞ്ഞു, “സ്നേഹിക്കുക”—“നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുന്നവരെ ഏറ്റവും അധികമായി വിചാരിക്കുക.” അവൻ പറഞ്ഞു, “ജീവിക്കുക”—“സന്തോഷത്തോടെ ജീവിക്കുക.”

നിങ്ങൾ വേല ചെയ്യുന്നുണ്ടോ? നിങ്ങൾ സൂക്ഷിക്കുന്നുണ്ടോ? നിങ്ങൾ സന്തോഷത്തോടുകൂടെയാണോ ജീവിക്കുന്നത്? പ്രതീക്ഷാ സ്വഭാവമാണ് നമ്മിൽ ഉണ്ടാകേണ്ടത്. അതായിരുന്നു പ്രാരംഭ സഭയുടെ മനോഭാവം. അതായിരുന്നു തെസ്സലൊനിക്യാ സഭയിൽ കാണപ്പെട്ടത്. നിങ്ങൾ ആ ദിവസത്തിനായി ഒരുങ്ങിയിട്ടുണ്ടോ? യേശു മഹാ ശബ്ദത്തോടെ ഈ നിമിഷം വരികയാണെങ്കിൽ എന്നു വിചാരിക്കുക. നാം അതിന് തയ്യാറാണോ? നാം അവനെ നോക്കിയിരിക്കുകയാണോ?

ഏഎം

കുറിപ്പുകൾ

[1]ലിയോൺ മോറിസ് നോക്കുക. *തെസ്സലൊനിക്യർക്ക് എഴുതിയ ഒന്നും രണ്ടും ലേഖനങ്ങൾ,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1959), 149. [2]ഏ.ടി. റോബർട്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ*, വാല്യം. 4, *വേർഡ് പ ിക്ച്ചേഴ്സ് ഇൻ ദ ന്യൂടെസ്റ്റമെന്റ്* (നാഷ്‌വിലേ:ബ്രോഡ്മാൻ പ്രസ്, 1931), 34. [3]മോറിസ്, 151 നോക്കുക. [4]റോബെർട്ട് ജെവെറ്റ്, *ദ തെസ്സലോനിയൺ കറസ്പോണ്ടൻസ്* (ഫില ദെൽഫിയ: ഫോർട്രെസ് പ്രസ്, 1966), 96–97. [5]ഐ ഹോവാർഡ് മാർഷെൽ, *1 ആന്റ് 2 തെസ്സലൊനിയൻസ്*, ന്യു സമഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983), 132. [6]കൂടുതൽ പഠനത്തിന് നോക്കുക, ജെ. സ്ക്നെയിഡർ, "ὄλεθρος" *ഇൻ തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യുടേസ്റ്റമെന്റ്,* എഡ്. ജെർരാർഡ്ഫ്രീഡ്റിച്ച്. ട്രാൻസ്. ആന്റ് എഡ്. ജെഫ്രി ഡബ്ലിയു.ബ്രോമിലി (ഗ്രന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 5:169. [7] ഡേവിഡ് ജെ. വില്യംസ്, *1 ഉം 2 ഉം തെസ്സലൊനിയൻസ്,* ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി: ന്യുടെസ്റ്റമെന്റ് സീരീസ്, വാല്യം. 12 (പീബഡി, മാസ്.: ഹെന്റിക്സൺ പബ്ലിഷേഴ്സ്, 1992), 87. [8] സി. എഫ്.ഹോഗ് ആന്റ് ഡബ്ലിയു.ഈ. വ്യു, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ ദ അപ്പൊസ്തൽ ടു ദ തെസ്സലൊനിയൻസ്* (ഷ്രേവെപോർട്ട്, ഐ.ഏ: ലാംബെർട്ട് പബ്ലിഷിങ് കമ്പനി., 1977), 157. [9]ജെ.ഈ. ഫ്രെയിം, *ഏ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽകമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് സെന്റ്. പോൾ ടു ദ തെസ്സലൊനിയൻസ്*, ദ ഇന്റർനാഷ്ണൽ ക്രിട്ടിക്കൽ കമെന്ററി (ന്യുയോർക്ക്: ചാൾസ്സ്ക്രിബ്നേഴ്സ് സൺസ്, 1912; റീപ്രിന്റ്, എഡിൻബറോ: ടി & ടി. ക്ലർക്, 1988), 184. [10]മോറിസ്, 156.

[11]"ഉണർന്നു സുബോധമുള്ളവരായിരിപ്പിൻ" എന്നതിനെ കുറിച്ച് റോബർട്സൺ പ റഞ്ഞു, "*നമുക്ക് സൂക്ഷിക്കാം* (*ഗ്രിഗോറോമെൻ*), പ്രെസെന്റ് ആക്ടിവ് സബ്. (വോളി റ്റിവ്) വീണ്ടും നമുക്ക് ഉണർന്നിരിക്കാം (ലേറ്റ് വെർബ് *ഗ്രിഗോറിയോ* ഫ്രം പെർഫെക്റ്റ് *എഗ്രെഗോറാ*). ബി സോബർ (*നെഫോമെൻ*). പ്രെസന്റ് ആക്ടിവ് സബ്ജംങ്റ്റിവാ (വോളിറ്റിവ്). ഓൾജ് വെർബ് നോട് ടു ബി ഡ്രങ്ക്. പുതിയ നിയമത്തിൽ ആലങ്കാരിക അർത്ഥത്തിലാണുള്ളത്, ശാന്തമാകുക, മനസ്-ഉണർന്നിരിക്കുക. കൂടാതെ വാക്യം 8 ൽ പറഞ്ഞിരിക്കുന്ന മെറ്റാഫർ മത്തരാകുന്നതിനെതിരാണ്" (റോബർട്സൺ 35). കൂടാതെ നോക്കുക, വാൾട്ടർ ബാവർ, ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ, 3ർഡ് എഡ്., റെവ. ആന്റ് എഡ്. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 672. [12]റോബർട്സൺ 35. [13]എഫ്.എഫ്.ബ്രൂസ്, *1 & 2 തെസ്സലൊനിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 45 (വാകോ, ടെക്സ്.: വേർഡ് ബുക്സ്, 1982), 112. [14]നോക്കുക റേമണ്ട് സി.കെൽസി, *ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ തെസ്സലൊ നിയൻസ്*, ദ ലിവിങ് വേർഡ് കമെന്ററി, വാല്യം 13 (ആസ്റ്റിൻ, ടെക്സ്.:ആർ.ബി. സ്വീറ്റ് കമ്പനി., 1968), 112. [15]ബ്രൂസ്, 113–14. [16]മോറിസ്, 163. ജെയിംസ് ഹോപ് ആന്റ് മോൾട്ടൻ ആന്റ് ജോർജ് മില്ലിഗൻ ഇൻ *ദ വക്കാബുലറി ഓഫ് ദ ഗ്രീക്ക് ടെസ്റ്റമെന്റിൽ* ഈ പ്ര യോഗത്തെ ഉറപ്പീച്ചീരിക്കുന്നു: *ഇല്ലസ്ട്രേറ്റഡ് ഫ്രം ദ പാപിരി ആന്റ് അദർ നോൺ -ലിറ്റററി സോഷ്സസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി.ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1952), 441. [17]ബാവർ, 870. [18]മോറിസ്, 165. [19]കെൽസി, 114. [20]ജെ.ഡ ബ്ലിയു.മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, *തെസ്സലൊനിയൻസ്, കൊരി*

*ന്ത്യൻസ്, ഗലേഷ്യൻസ് ആന്റ് റോമൻസ്.* ദ സ്റ്റാൻഡേർഡ് ബൈബിൾ കമെന്റ്റി (സിൻസിനാറ്റി, ഓഹിയോ: സ്റ്റാൻഡേർഡ് പബ്ലിഷിങ് ഫൗണ്ടേഷൻ, 1916), 24: ആന്റ് റോബർട്സൺ, 36.

[21]മോറിസ്, 167. [22]വില്യംസ്, 95. [23]ബാവർ, 679. [24]ജോർജ് മിലിഗൻ, *സെന്റ്.പേ ാൾസ് എപ്പിസ്റ്റിൽസ് ടു ദ തെസ്സലൊനിയൻസ്* (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1908; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1952), 152. [25]മാർഷൽ, 151. [26]ബാവർ, 87. [27]ഫ്രെയിം 200. [28]മോറിസ്, 173എൻ. [29]ഇബിഡ്., 174എൻ. [30]റോബർട്സൺ, 37.

[31]ബ്രൂസ്, 125. [32]മോറിസ്, 177. [33]ബ്രൂസ്, 125. [34]മോറിസ്, 177. [35]ഹെന്റി ആൽഫ്രെഡ്, *ദ ഗ്രീക്ക് ടെസ്റ്റമെന്റ്*, റെവ. എവറെറ്റ് എഫ്. ഹാരിസൺ (ഷിക്കാഗോ:മൂഡി പ്രസ്, 1958), 3:281. [36]റോബർട്സൺ, 38. [37]ബാവർ, 9–10. [38]മോറിസ്, 181. [39]നോക്കുക 1 കൊ. 1:8, 9; 10:13; 2 തെസ്സ. 3:3; എബ്രാ. 10:23; 1 യോഹ. 1:9. [40]റോബർട്സൺ, 39.

[41]മോറിസ്, 183. [42]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലോ ഷ്യൻസ്, ആന്റ് തെസ്സലൊനിയൻസ്,* ദ ഡെയിലി സ്റ്റഡി ബൈബിൾ, സീരീസ് (ഫിലെദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 208. [43]റോബർട്സൺ, 39. [44]മോറി സ്, 184. [45]റോബർട്സൺ, 39. [46]വില്യംസ്, 105. [47]ക്വോട്ടഡ് ഇൻ മോറിസ്, 187എൻ. [48]എൽബെർട് ബെയിലി, “വാച്ച് ആന്റ് പ്രേ” *സോങ്സ് ഓഫ് ദ ചർച്ച്*, കോംപ്. ആന്റ് എഡ്. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ,: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1977). [49]ജെവെറ്റ്, 96–97. [50]ആഡം ക്ലാർക്, *ദ ഹോളി ബൈബിൾ വിത്ത് എ കമെന്ററി ആന്റ് ക്രിട്ടിക്കൽ നോട്സ്,* വാല്യം. 4, *ഐസയ്യാ ടു മലാഖി* ധന്യുയോർക്ക്: അബിങ്ടൺ–കോക്സ്ബറി പ്രസ്, എൻ.ഡി.പ , 79.

[51]ചാൾസ് വെസ്ലി, “സോൾജദിയേഴ്സ് ഓഫ് ക്രൈസ്റ്റ്,” *സോങ്സ് ഓഫ് ഫെയിത് ആന്റ് പ്രെയിസ്*, കോംപ്. ആന്റ് എഡ്. ആൾട്ടൻ എച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.:ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1994). [52]“വെയർ ഈസ് ലൈഫ്?” *ഇൻ ഔട് ഓഫ് മൈ ട്രെഷർ*, എഡ്. വില്ലി ഡബ്ലിയു.വൈറ്റ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1964), 1:13. [53]ബാവർ, 870. [54]അബ്രഹാം മാലെർബേ, പോൾ *ആന്റ് ദ തെസ്സ ലൊനിയൻസ്* (ഫിലദെൽഫിയ: ഫോർട്രെസ് പ്രസ്, 1987), 91. [55]മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 26. [56]കെൽസി, 121. [57]ഡേവിഡ് ലിപ്സ്കോംപ്, *ഏ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ്എപ്പിസ്റ്റിൽസ്: ക, കക തെസ്സലൊനിയൻസ്, ക, കക തിമൊഥി, ടൈറ്റസ്, ആന്റ് ഫിലെമോൻ,* എഡിറ്റഡ് വിത്ത് അഡീഷ്ണൽ നോട്സ് ബൈ ജെ. ഡബ്ലിയു. ഏപെഫേർഡ്, ന്യൂ ടെസ്റ്റമെന്റ് സീരീസ്, വാല്യം. 5 (നാഷ്വിലേ: ഗോസ്പ ൽ അഡ്വൊക്കേറ്റ് കമ്പനി., 1958), 75. [58]ഡബ്ലിയു.ഈ.വൈൻ, *വൈൻസ്എക്സ്പേ ാസിറ്ററി ഡിക്ഷ്ണറി ഓഫ് ഓൾഡ് ആന്റ് ന്യൂടെസ്റ്റമെന്റ് വേർഡ്സ്* (ഓൾഡ് ടപ്പാൻ, എൻജെ:ഫ്ലെമിങ് എച്ച്. റെവെൽ കമ്പനി., 1981), 296. [59]സി.ജി. വിൽകെ ആന്റ് വിലിബാൾഡ് ഗ്രീം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ്,* ട്രാൻസ് ആന്റ് റെവ. ജോസെഫ എച്. തേയർ (എഡിൻബറോ: ടി & ടി ക്ലാർക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 6. [60]ഇബിഡ്., 1079.

[61]എലൈജാ എം.ഹികോക്, *12,000 റിലിജിയസ് ക്വട്ടേഷൻസ്*, എഡ്. ഫ്രാങ്ക് മെഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ, 1989), 341. [62]റോബർട്സൺ, 39.